ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2022 മാർച്ച് 17 | ദീപം 55 | നാളം 3 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# മതസ്വാതന്ത്ര്യവും വ്യക്തിനിയമങ്ങളും
# അട്ടിമറിക്കപ്പെടുന്ന ഭരണഘടനാതത്ത്വങ്ങൾ



പ്രഫ. റോണി കെ. ബേബി

ഇന്ത്യ ഒരു പരമാധികാരസോഷ്യലിസ്റ്റ് മതേതരജനാധിപത്യറിപ്പബ്ലിക് ആണെന്ന് ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നു. മതവൈവിധ്യങ്ങളുടെയും ബഹുസ്വരതയുടെയും സമന്വയമാണു ഭരണഘടനയുടെ ആമുഖത്തിൽ വിവക്ഷിക്കുന്ന മതേതരത്വം എന്ന ദർശനം. ഭരണഘടന നല്കുന്ന മൗലികാവകാശങ്ങളുടെ പട്ടികയിലെ 25 മുതൽ 28 വരെയുള്ള നാലു വകുപ്പുകൾ പൗരന്മാർക്കു മതസ്വാതന്ത്ര്യം ഉറപ്പു നൽകുന്നു. ആർട്ടിക്കിൾ 25 ഇങ്ങനെ പറയുന്നു: ''എല്ലാ ആളുകൾക്കും മനഃസാക്ഷിസ്വാതന്ത്ര്യത്തിനും, സ്വതന്ത്രമായി ഏതു മതത്തിൽ വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഒരുപോലെ അവകാശം ഉള്ളതാകുന്നു.'' ഇവിടെ 'ആചരിക്കുന്നതിനും' എന്നു പറയുന്നത് അവരവരുടെ വിശ്വാസരീതിയും അത് അനുശാസിക്കുന്ന നിയമങ്ങളും കീഴ്‌വഴക്കങ്ങളും പിന്തുടരുന്നതിനുമുള്ള അവകാശമാണ്.

ഇന്ത്യയിൽ മതസ്വാതന്ത്ര്യവും ആചാരങ്ങളുമായി ബന്ധപ്പെട്ട ഏതൊരു ചർച്ചയും മതങ്ങളുമായി ബന്ധപ്പെട്ട വ്യക്തിനിയമങ്ങളുമായിക്കൂടി കെട്ടുപിണഞ്ഞു കിടക്കുകയാണ്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വത്തെക്കുറിച്ച് പ്രഗല്ഭ അഭിഭാഷകനായ ഡോ. രാജീവ് ധവാൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്: ''ഇന്ത്യയിൽ ഭരണഘടനാപരമായ മതേതരത്വത്തിനു (Constitutional Secularism) മൂന്നു ഘടകങ്ങളുണ്ട്. ഒന്നാമതായി, വിശ്വാസത്തിനു മാത്രമല്ല, ഒരു മതത്തിന്റെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുംകൂടി സംരക്ഷണം നല്കുന്ന മതസ്വാതന്ത്ര്യം. രണ്ടാമതായി, സാമ്പത്തികമായും അല്ലാതെയുമുള്ള സഹായങ്ങളടക്കമുള്ള ഭരണകൂട ഇടപെടലുകൾക്കു തടയിടാത്ത മതനിരപേക്ഷത (Neutrality). മൂന്നാമതായി, ചില വിശ്വാസാചാരങ്ങളെ സാമൂഹികനീതി ഉറപ്പുവരുത്തുംവിധം നവീകരിക്കുക (Reformatory Justice).'' ഇവ മൂന്നും ഇന്ത്യൻ ഭരണഘടനയിലെ മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രധാന ലക്ഷ്യമായി അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

വിശ്വാസാചാരങ്ങളെ / വ്യക്തിനിയമങ്ങളെ സാമൂഹികനീതി ഉറപ്പുവരുത്തുംവിധം നവീകരിക്കുക (Reformatory Justice) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മതസ്വാതന്ത്ര്യത്തിലെ രാഷ്ട്രത്തിന്റെ ഇടപെടൽ തന്നെയാണ്. ഈ ഇടപെടലിനുള്ള അവകാശം മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്ന 25 ന്റെ ഉപവകുപ്പ് ആയ 25 (2) ൽ ഭരണഘടന രാഷ്ട്രത്തിനു നൽകുന്നുണ്ട്. 25(2) ഇപ്രകാരം പറയുന്നു: ''ഈ അനുച്ഛേദത്തിലെ യാതൊന്നും മതാചരണത്തോടു ബന്ധപ്പെടാവുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ മതേതരമായ മറ്റേതെങ്കിലും പ്രവർത്തനത്തെയോ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ; സാമൂഹികക്ഷേമത്തിനും സാമൂഹികപരിഷ്കരണത്തിനും അല്ലെങ്കിൽ പൊതുസ്വഭാവമുള്ള ഹിന്ദുമതസ്ഥാപനങ്ങൾ എല്ലാ ഇനത്തിലും വിഭാഗത്തിലുംപെട്ട ഹിന്ദുക്കൾക്കും തുറന്നുകൊടുക്കുന്നവിധം വ്യവസ്ഥ ചെയ്യുന്നതോ ആയ നിലവിലുള്ള ഏതെങ്കിലും നിയമം നിർമിക്കുന്നതിൽനിന്നു രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.''

1954 ലെ ശ്രീരൂർ മഠവുമായി ബന്ധപ്പെട്ട കേസു മുതൽ ഭരണഘടനയിലെ 25-ാമത്തെ വകുപ്പുമായി ബന്ധപ്പെട്ട മതത്തിന്റെ അവകാശങ്ങളിൽ ഇടപെടുന്നതിനും നിർവചിക്കുന്നതിനുമുള്ള ശ്രമങ്ങൾ സുപ്രീംകോടതി നടത്തിയിട്ടുണ്ട്. ശ്രീരൂർ മഠത്തിന്റെ കേസിൽ സുപ്രീംകോടതി പറഞ്ഞത്, ഏതെല്ലാം ഘടകങ്ങളാണ് ഒരു മതത്തിന്റെ അനിവാര്യതത്ത്വങ്ങളിൽ ഉൾപ്പെടുക എന്നു കണ്ടെത്തേണ്ടത് അതതു മതത്തിന്റെ പാഠങ്ങളും തത്ത്വങ്ങളും തന്നെ ഉപയോഗിച്ചുകൊണ്ടാണ് എന്നാണ്. എന്നാൽ, 1961 ലെ ദർഗ കമ്മിറ്റി കേസിൽ മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട എല്ലാ ആചാരങ്ങളും ഭരണഘടനാസംരക്ഷണത്തിന് അർഹമല്ലെന്ന് സുപ്രീംകോടതി വിധിക്കുകയുണ്ടായി.

### വ്യക്തിനിയമം : പുതിയ വ്യാഖ്യാനങ്ങൾ, മാറുന്ന ലക്ഷ്യങ്ങൾ

ഹിന്ദുകോഡ് നിയമനിർമാണത്തിലൂടെ ഹിന്ദുവ്യക്തിനിയമങ്ങളിൽ ഏകീകരണം സാധ്യമായതോടെ ആർട്ടിക്കിൾ 44 (ഏക സിവിൽ കോഡ്) വലിയ ചർച്ചകൾക്ക് ഇടം നൽകാതെ ഭരണഘടനയിൽ നിശ്ശബ്ദമായി അവശേഷിച്ചു. ഭരണഘടനയുടെ 42-ാമത്തെ ഭേദഗതി (1976) വഴിയായി ശ്രീമതി ഇന്ദിരാഗാന്ധി മൗലികാവകാശങ്ങളുടെ മുകളിൽ മാർഗനിർദേശകതത്ത്വങ്ങളെ പ്രതിഷ്ഠിച്ചു (ആർട്ടിക്കിൾ 25 നേക്കാൾ ഭരണഘടനാപരമായ പ്രാധാന്യം ആർട്ടിക്കിൾ 44 ന്) എങ്കിലും ഏകീകൃത സിവിൽ കോഡിൽ ഒരു ഇടപെടലുകളും ഉണ്ടായില്ല. പക്ഷേ, 1986 ലെ ഷബാനു ബീഗം കേസിലെ സുപ്രീംകോടതി ഇടപെടലോടെ കാര്യങ്ങൾ എല്ലാം കീഴ്മേൽ മറിഞ്ഞു. 1986 ൽ ഷബാനു ബീഗം കേസിൽ മുസ്ലീം വ്യക്തിനിയമത്തെ ചോദ്യം ചെയ്ത് സുപ്രീംകോടതിവിധി വന്നതോടെ ഭരണഘടനയിലെ മതസ്വാതന്ത്ര്യം അലംഘനീയമല്ലെന്നും മതന്യൂനപക്ഷാവകാശങ്ങളിലും വ്യക്തിനിയമങ്ങളിലും കോടതിയുടെ ഇടപെടലുകൾ സാധ്യമാണെന്നും വാദമുയർന്നു. ഷബാനു ബീഗം കേസോടുകൂടി ഏകീകൃത സിവിൽ കോഡ് മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഉൾപ്പടെയുള്ള രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെ വ്യക്തിനിയമങ്ങളുമായി മാത്രം ബന്ധപ്പെടുത്തി ചർച്ച ചെയ്യാൻ ആരംഭിച്ചു. ഷബാനു ബീഗം കേസിലെ വിധി മറികടക്കാൻ മുസ്ലീം പേഴ്സണൽ ലോ ബോർഡിന്റെ ആവശ്യപ്രകാരം പാർലമെന്റിൽ നിയമനിർമാണത്തിന് രാജീവ് ഗാന്ധി ഗവൺമെന്റ് ശ്രമിച്ചപ്പോൾ അതിനെ മുസ്ലീം പ്രീണനമായി ചിത്രീകരിക്കാനും കേന്ദ്രസർക്കാരിനെതിരെ സാമുദായികധ്രുവീകരണം സൃഷ്ടിക്കാനും ആർഎസ്എസും സംഘപരിവാറും ശ്രമിച്ചു.

ഷബാനു ബീഗം കേസുമുതൽ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കെതിരേ ഹിന്ദു ഭൂരിപക്ഷത്തെ സംഘടിപ്പിക്കാനുള്ള സംഘപരിവാറിന്റെ രാഷ്ട്രീയതന്ത്രമായി ഏകീകൃത സിവിൽ കോഡ് മാറി. ജസ്റ്റീസ് സി ജെ ഭഗവതി 'രാജ്യത്തെ ഒരു വ്യക്തിനിയമവും ഭരണഘടനയുടെ മുകളിൽ അല്ല' എന്ന് മേരി റോയി കേസിൽ ഒന്നാമതായി വിധിവാചകം എഴുതിയതിലൂടെ സംഘപരിവാറിന്റെ ഏകീകൃത സിവിൽകോഡിനെ മുന്നിൽ നിറുത്തിയുള്ള പ്രചാരണത്തിന് മൂർച്ചയും തീവ്രതയും വർദ്ധിച്ചു. ഷബാനു ബീഗം കേസുമുതൽ ഇങ്ങോട്ടുള്ള നിരവധി കോടതിയുത്തരവുകളിലും പാർലമെന്റിന്റെ നിയമനിർമാണങ്ങളിലും മതന്യൂനപക്ഷങ്ങളുടെ വ്യക്തിനിയമങ്ങളിൽ ഗൗരവമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്നു കാണാം.

ആദ്യം പരിമിതമായ ഇടപെടലുകളാണ് കോടതിയുടെ ഭാഗത്തുനിന്നുണ്ടായതെങ്കിൽ ഇപ്പോൾ പൂർണമായും മതവിഷയങ്ങളിൽ ഇടപെടുന്ന അവസ്ഥയിലേക്കു കോടതികൾ എത്തിയിരിക്കുന്നു. മുത്തലാക്കും അയോധ്യയും ശബരിമലയും ഹിജാബും എല്ലാം ഇന്ന് നിർവചിക്കപ്പെടുന്നത് കോടതികളുടെ ഇടപെടലുകളിലൂടെയാണ്. ഷബാനു ബീഗം കേസ് (1985), മേരി റോയി കേസ് (1986) സരള മുദ്ഗൽ കേസ് (1995), ഫാ. ജോൺ വള്ളമറ്റം കേസ് (2003), മുത്തലാക്ക് കേസ് (2017) തുടങ്ങിയ വിവാദവിഷയമായ കേസുകളിലൂടെ സുപ്രീംകോടതി എത്തിനിൽക്കുന്നത് ഏകീകൃത സിവിൽകോഡ് നടപ്പിലാക്കിയേ തീരൂ എന്ന വിധിയിലാണ്. കൂടാതെ, 1972 ലെ ഇന്ത്യൻ ക്രിസ്തീയവിവാഹനിയമം ഭേദഗതി ചെയ്യണമെന്ന വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളുടെ ആവശ്യം പരിഗണിച്ച് 2001 ൽ പാർലമെന്റ് പാസാക്കിയ നിയമം അസാധുവാക്കിയ ചീഫ് ജസ്റ്റീസ് ടി.എസ്. താക്കൂർ, ജസ്റ്റീസ് ഡി. വൈ. ചന്ദ്രചൂഡ് എന്നിവരടങ്ങിയ ബെഞ്ചിന്റെ 2016 ലെ വിധിയും വ്യക്തിനിയമങ്ങളിലെ കോടതികളുടെ മാറുന്ന സമീപനമായാണു ചൂണ്ടിക്കാണിക്കുന്നത്.

▶ 5



# സമഭാവനയുടെ സൗമ്യനിലാവ്



സിജോ പൈനാടത്ത്

**പാ**ണക്കാട്; ആത്മീയ, രാഷ്ട്രീയ നേതൃശൈലികൾ ഒരുമിച്ചുചേരുന്ന ഇടത്തിന് ആധുനികകേരളം അടയാളപ്പെടുത്തിയ ഉചിതമായൊരു പര്യായമാണിത്. അവിടെ അനേകം ചോദ്യങ്ങൾക്ക് ഉത്തരമുണ്ടായിരുന്നു; ആശയക്കുഴപ്പങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരമുണ്ടായിരുന്നു; അതിരുവിട്ട വാക്കുകൾക്ക് അവിടുത്തെ അവസാനവാക്കിൽ തീർപ്പുണ്ടായിരുന്നു.

സമാനതകളേറെയില്ലാത്ത പാണക്കാട് കൊടപ്പനയ്ക്കൽ തറവാട്ടിൽനിന്നുള്ള നേതൃബലപരമ്പരയിലെ ഒരു കണ്ണികൂടി നഷ്ടപ്പെട്ടിരിക്കുന്നു. മാർച്ച് ആറിന് അന്തരിച്ച പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, ഒരു നേതാവ് എന്നതിനപ്പുറം, ഒരു സമൂഹത്തിന്റെ രാഷ്ട്രീയ, ആത്മീയ വിചാരങ്ങളുടെ ഒരു കാലഘട്ടത്തിന്റെ മുഖ്യസൂക്ഷിപ്പുകാരനായിരുന്നു.

പരമ്പരാഗതമായി കൈവരുന്ന പദവിയെങ്കിലും, കാലത്തിനൊത്തു നിയോഗത്തെ നിറവുള്ളതാക്കാൻ മുൻഗാമിയെപ്പോലെ ഹൈദരലി തങ്ങളും സൗമ്യവും ക്രിയാത്മകവുമായ ഇടപെടലുകൾ നടത്തിയെന്നതു വിസ്മരിക്കാനാവില്ല. മുസ്ലീം ലീഗ് എന്ന കേരളത്തിലെ വലതുപക്ഷരാഷ്ട്രീയത്തിലെ നിർണായകശബ്ദത്തെ അതിന്റെ താളത്തിലും ഈണത്തിലും വർത്തമാനകേരളത്തിൽ മുഴക്കാൻ തങ്ങൾക്കായി.

പ്രസന്നവും സൗമ്യവുമായ ഭാവം ഹൈദരലി ശിഹാബ് തങ്ങളുടെ മുഖത്തിന്റെ മാത്രമായിരുന്നില്ല, ഇടപെടലുകളുടെയും മുദ്രയായിരുന്നു. സങ്കീർണമായ സമസ്യകളുമായി നേതാക്കളും അണികളും മുന്നിലെത്തുമ്പോൾ, ആ സൗമ്യതയിൽത്തന്നെ പരിഹാരം പകുതിയുണ്ട്.

**രാഷ്ട്രീയം, മാനവികത**

1947 ജൂൺ 15 നാണു ഹൈദരലി തങ്ങളുടെ ജനനം. ചെറുപ്പംമുതൽ പാണക്കാട്ടെ കുടപ്പനയ്ക്കൽ തറവാടിനുമുന്നിൽ ഓരോ ദിനവും വരുന്നവരിൽ, രാഷ്ട്രീയവും ആത്മീയവുമായ ആവശ്യങ്ങൾക്കൊപ്പം മനുഷ്യത്വപരമായ ഇടപെടലുകൾ ആഗ്രഹിച്ചെത്തുന്നവരെയും ഹൈദരലി തങ്ങൾ കണ്ടു; അവരിലേറെപ്പേരും സന്തോഷത്തോടെ മടങ്ങുന്നതും. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കരുണാർദ്രമായ സമീപനം പുലർത്താൻ അത് അദ്ദേഹത്തിനു മാർഗദീപമായി.

തന്റെ പിതാവ് പി.എം.എസ്.എ. പൂക്കോയ തങ്ങളിൽ നിന്നാണ് രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും ആദ്യപാഠങ്ങൾ ഹൈദരലി ശിഹാബ് തങ്ങൾ സ്വായത്തമാക്കിയത്. രണ്ടു വയസുള്ളപ്പോൾ പിതാവിന്റെ അറസ്റ്റും ജയിൽവാസവും. വൈകാതെ മാതാവിന്റെ മരണം... പ്രതിബന്ധങ്ങൾ നേരിട്ടു മുന്നേറാനുള്ള അനുഭവപാഠങ്ങൾ.

ചൂടേറിയ ചർച്ചകളും കൂടിയാലോചനകളും നിരന്തരം നടക്കുന്ന പാണക്കാട്ടെ കുടപ്പനയ്ക്കൽ തറവാട്ടിൽ ദേശീയ, സംസ്ഥാനരാഷ്ട്രീയത്തിലെ തലയെടുപ്പുള്ളവരുണ്ടാകും മിക്കപ്പോഴും. രാഷ്ട്രീയകേരളത്തിന്റെ കണ്ണുകളും കാതുകളും പലപ്പോഴും ആകാംക്ഷയോടെ പാണക്കാട്ടേക്കെത്തുന്നത് അദ്ദേഹം കണ്ടു. പൊതുപ്രവർത്തനവഴികളുടെ പാഠശാലയായിരുന്നു തങ്ങൾക്ക് അതെല്ലാം.

**വിദ്യാർഥിസംഘടനയിലൂടെ**



പഠനത്തിനുശേഷം സുന്നി വിദ്യാർഥിസംഘടനയുടെ സാരഥ്യം ഏറ്റെടുത്താണ് ഹൈദരലി തങ്ങൾ രാഷ്ട്രീയത്തിലേക്കു ചുവടുവയ്ക്കുന്നത്. മൂത്ത സഹോദരന്മാരായ മുഹമ്മദലി ശിബാഹ് തങ്ങളും ഉമറലി ശിഹാബ് തങ്ങളും ഈ വഴിയിലൂടെത്തന്നെയാണ് മുന്നേ നടന്നത്.

മുസ്ലീം സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾ തമ്മിൽ ആശയപരമായ കലഹങ്ങൾ ഉണ്ടാകുമ്പോൾ അതിനെ തന്മയത്വത്തോടും സമാധാനപരമായും സമീപിക്കാനും പരിഹാരം കാണാനും ഹൈദരലി തങ്ങൾ ശ്രമിച്ചിട്ടുണ്ട്. മുസ്ലീം ലീഗ് രാഷ്ട്രീയപ്പാർട്ടിയാകുമ്പോഴും, രാഷ്ട്രീയ, മത കാഴ്ചപ്പാടുകളിൽ ആശയക്കുഴപ്പങ്ങളില്ലാതെ വ്യക്തത വരുത്താൻ അദ്ദേഹത്തിനായി.

എസ്എസ്എഫ് സ്ഥാപക പ്രസിഡന്റ്, എസ്‌വൈഎസ് സംസ്ഥാന പ്രസിഡന്റ്, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ വൈസ് പ്രസിഡന്റ്, പട്ടിക്കാട് ജാമിഅ അടക്കം നൂറുകണക്കിന് മത സ്ഥാപനങ്ങളുടെ പ്രസിഡന്റ്, ആയിരക്കണക്കിനു മഹല്ലുകളുടെ രക്ഷാധികാരി, ചന്ദ്രിക ദിനപത്രത്തിന്റെ മാനേജിങ് എഡിറ്റർ... ഇങ്ങനെ പോകുന്ന ഹൈദരലി തങ്ങൾ നിർവഹിച്ച ചുമതലകൾ.

**സമസ്തം, സമന്വയം**

രണ്ടു ധ്രുവങ്ങളിലെങ്കിലും സമസ്തയും ലീഗും തമ്മിലുള്ള നല്ല ബാന്ധവമായിരുന്നു തങ്ങൾ ആഗ്രഹിച്ചത്. അതേസമയം, രാഷ്ട്രീയകക്ഷി എന്ന നിലയിൽ ലീഗിന്റെ ആഭ്യന്തരവിഷയങ്ങളിൽ ഇടപെടുന്നതിൽനിന്നു സമസ്തയെ നിശ്ചിത അകലത്തു നിർത്താനും അദ്ദേഹത്തിനു സാധിച്ചു.

മുസ്ലീം ലീഗിനു നല്ല വളക്കൂറുള്ള മലപ്പുറത്ത്, 18 വർഷത്തോളം പാർട്ടിയുടെ ജില്ലാ പ്രസിഡന്റായിരുന്നു ഹൈദരലി തങ്ങൾ. 12 വർഷം സംസ്ഥാന പ്രസിഡന്റായും പ്രവർത്തിച്ചു. വലിയൊരു പാർട്ടിയുടെ സാരഥിയാകുമ്പോഴും ജനത്തിനിടയിലേക്കിറങ്ങി പ്രവർത്തിക്കാൻ അദ്ദേഹത്തിനൊട്ടും മടിയുണ്ടായില്ലെന്ന് വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടുകളുള്ളവർപോലും ഒരേ സ്വരത്തിൽ സമ്മതിക്കും.

ഒരു മതനാമം ചേർത്ത രാഷ്ട്രീയകക്ഷിയുടെ സംസ്ഥാന അധ്യക്ഷനായിരിക്കുമ്പോഴും, മതസൗഹാർദത്തിനായി നിലപാടെടുക്കാൻ ഹൈദരലി തങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു. രാഷ്ട്രീയത്തിനപ്പുറത്തു മാനവികതയുടെ മഹത്വം തിരിച്ചറിഞ്ഞ അദ്ദേഹത്തിന് എല്ലാ മതങ്ങളിലും നല്ല സുഹൃത്തുക്കളുണ്ടായിരുന്നു. ബാബറി മസ്ജിദ് സംഭവത്തിനുശേഷം കലുഷിതമാകാമായിരുന്ന തെക്കൻ കേരളത്തിൽ സംയമനത്തിന്റെയും സമാധാനത്തിന്റെയും ഭാഷ പങ്കുവയ്ക്കാൻ പരിശ്രമിച്ച വ്യക്തിത്വങ്ങളിൽ ഹൈദരലി തങ്ങളുടെ പേര് മുന്നിലുണ്ട്.

അവസാനകാലത്ത്, മറ്റൊരു മതത്തിന്റെ അധികാരികൾ മേൽനോട്ടം വഹിക്കുന്ന ആതുരാലയത്തിൽ, ചികിത്സയ്ക്കായി എത്തിയതും അദ്ദേഹത്തിന്റെ വിശാലദർശനങ്ങളോടു ചേർത്തു വായിക്കാം. പാണക്കാട് തങ്ങൾ പരമ്പരയിൽ ദീപ്തമായൊരു പ്രകാശനാളമായി സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ ജീവിതവും ഇനി ജ്വലിക്കും.

## സ്റ്റാർട്ടപ്പുകളുടെ നാടാവണം കേരളം

### മന്ത്രി സജി ചെറിയാൻ

പാലാ സെന്റ് ജോസഫ് എഞ്ചിനീയറിങ് കോളജിൽ നടന്ന ആറാമത് സംരംഭക ഉച്ചകോടി കേരള യുവജന ഫിഷറീസ് വകുപ്പുമന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു.

ലോകത്ത് ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്ന സ്ഥലമായി കേരളത്തെ മാറ്റണമെന്ന് മന്ത്രി സജി ചെറിയാൻ അഭിപ്രായപ്പെട്ടു. ജനസാന്ദ്രത, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവകൊണ്ട് വൻതോതിൽ സ്ഥലം ആവശ്യമുള്ള വ്യവസായങ്ങൾ തുടങ്ങാൻ സാധിക്കില്ല എന്നു മന്ത്രി പറഞ്ഞു.



*പാലാ സെന്റ് ജോസഫ് എൻജിനീയറിങ് കോളജിൽ നടന്ന സംരംഭക ഉച്ചകോടിയുടെ ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ തുടങ്ങിയവർ സമീപം.*

ചടങ്ങിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. രാജശ്രീ മുഖ്യപ്രഭാഷണം നടത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻ സി ഇ ഒ ജോൺ എം. തോമസ്, കോളജ് ചെയർമാൻ മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ, കോളജ് പ്രിൻസിപ്പൽ ഡോ. ജെ. ഡേവിഡ്, സെന്റ് ജോസഫ് സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ് സി ഇ ഒ അരുൺ അലക്സ്, എംജി യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസിലർ ഡോ. സി.റ്റി അരവിന്ദ്കുമാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രോജക്ട് ഡയറക്ടർ പി എം റിയാസ്, കോളജ് മുൻ ചെയർമാൻ ഫാ. ഫിലിപ്പ് ഞരളക്കാട്ട്, മാനേജർ ഫാ.മാത്യു കോരംകുഴ തുടങ്ങിയവർ സംസാരിച്ചു 34 – ൽപ്പരം കോളജുകളിൽനിന്നായി നാലായിരത്തിലധികം വിദ്യാർത്ഥികളും യുവസംരംഭകരും ഉച്ചകോടിയിൽ പങ്കെടുത്തു.

## മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ചുമതലയേറ്റു



പാലാ: പാലാ രൂപതയുടെ പുതിയ വികാരി ജനറലായി മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ചുമതലയേറ്റു.

രൂപതയുടെ കീഴിലുള്ള മാർ സ്ലീവാ മെഡിസിറ്റിയുടെ മാനേജിങ് ഡയറക്ടറുടെ ചുമതലയും ഇദ്ദേഹത്തിനാണ്. വികാരി ജനറാൾ എന്ന നിലയിൽ ചേർപ്പുങ്കൽ മാർസ്ലീവാ നഴ്സിങ് കോളജ്, മുട്ടുചിറ ഹോളിഗോസ്റ്റ് ഹോസ്പിറ്റൽ, അഡാർട്ട് എന്നിവയുടെ പൊതുചുമതലകൂടി ഇദ്ദേഹത്തിനുണ്ട്.

1977 ൽ കോതനല്ലൂർ ഇടവകയിൽ കണിയോടിക്കൽ പരേതനായ കെ.സി. ജോസഫിന്റെയും ലീലാമ്മയുടെയും മകനായി ജനിച്ചു. രത്നഗിരി, നസ്രത്തുഹിൽ സ്കൂളുകളിലെ വിദ്യാഭ്യാസത്തിനുശേഷം പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, ആലുവ കർമലഗിരി, മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിലായി വൈദികപരിശീലനം പൂർത്തിയാക്കി. 2003 ൽ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു.

2003 മുതൽ പാലാ രൂപതയിലും 16 വർഷത്തോളം ജർമ്മനിയിലും സഭാശുശ്രൂഷകൾക്ക് സജീവമായ നേതൃത്വം നൽകി. ജർമ്മനിയിൽ മസ്റ്റേറ്റർ ഇടവക വികാരിയായിരുന്നു. ജർമ്മനിയിലെ പൗരോഹിത്യശുശ്രൂഷക്കാലയളവിൽ വലന്താർ യൂണിവേഴ്സിറ്റിയിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടി. അതോടൊപ്പം, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമയും കരസ്ഥമാക്കി.

# പീഠത്തിന്മേൽ കത്തുന്ന വിളക്ക്



റ്റോം ജോസ് തഴുവംകുന്ന്

നമ്മുടെ ജീവിതം ലക്ഷ്യബന്ധിയായ ഒരു യാത്രയാണ്. നമ്മുടെ യാത്രയ്ക്കു നാം പ്രതീക്ഷിക്കുന്നതിലും വേഗവും ശാസ്ത്രസാങ്കേതികസഹായങ്ങളുമുണ്ട്. എന്നിരുന്നാലും നമുക്കിടയിലെ മൂല്യബോധവും സന്മാർഗനിഷ്ഠയും ധാർമികാടിത്തറയും എത്രയെന്ന് ഈ നോമ്പുനാളുകളിൽ പരിശോധിക്കുന്നതും തിരുത്തുന്നതും നല്ലതാണ്. ഒരു തിരിച്ചുപോക്കും തിരിച്ചെത്തലും അനിവാര്യമായിരിക്കുന്നു.

നമ്മുടെ കുടുംബജീവിതവും വിവാഹബന്ധത്തിന്റെ കെട്ടുറപ്പും ലോകശ്രദ്ധയാകർഷിക്കുന്നതായിരുന്നു; മാതൃകയുടെ പാഠം ലോകത്തിനു നൽകുന്നതായിരുന്നു. എന്നാൽ, ഇന്ന് നമ്മുടെ കുടുംബം കൂടുമ്പോൾ ഇമ്പമുള്ളതായി മാറുന്നില്ലായെന്നു മാത്രമല്ല, ഒറ്റപ്പെടലും ശൈഥില്യവും വിരഹവും തേങ്ങലും തളംകെട്ടുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ക്രൈസ്തവ കുടുംബങ്ങളുടെ എണ്ണത്തിൽത്തന്നെ അനുദിനം കുറവു വരുന്നു. അവശേഷിക്കുന്ന കുടുംബങ്ങൾക്ക് വാർദ്ധക്യത്തിന്റെ അവശതകളും പരിമിതികളും കാരണം കർമോത്സുകതയും നഷ്ടമാകുന്നു.

പഴയ നോമ്പുകാലത്തെ ആത്മീയനിറവ്, ആത്മസന്തോഷം, ആനന്ദം, വിശുദ്ധി നിറഞ്ഞ ആഘോഷം ഒക്കെയിന്നുണ്ടോ? സമൃദ്ധിയുണ്ടെങ്കിലും സമാധാനമുണ്ടോ? പണമേറെയുണ്ടെങ്കിലും മനസ്സാകെ 'ദാരിദ്ര്യം' കൊണ്ടു നിറഞ്ഞിരിക്കുന്നു. പട്ടിണിയിലും പൂത്തുലഞ്ഞ വിശ്വാസഗോപുരം അങ്ങിങ്ങ് അടർന്നു വീണുകൊണ്ടിരിക്കുന്നില്ലേ? സകല നോമ്പുകാലാചാരങ്ങളും മുറ തെറ്റാതെ നാം അനുഗമിക്കുമ്പോഴും ആഘോഷിക്കുമ്പോഴും നമ്മുടെ മനസ്സ് ഒരു ശാന്തിതീരത്ത് അഥവാ സമാധാനത്തിൽ എത്തുന്നുണ്ടോ? സകലവിധ സമൃദ്ധിക്കു നടുവിലും ഏതോ ഒരു നഷ്ടബോധം നമുക്കിടയിൽ തേങ്ങുന്നില്ലേ? അഥവാ എന്താണോ ലക്ഷ്യം ആ ലക്ഷ്യത്തിനൊത്തവിധം വിജയിക്കുന്നില്ലായെന്നൊരു തോന്നൽ.

ദൈവരാജ്യത്തെക്കുറിച്ചുള്ള അന്വേഷണം നമ്മുടെ ജീവിതത്തോടു ചേർത്തുവച്ചു വായിക്കാനുള്ള ശ്രമമാകണം നോമ്പും ഉപവാസവും. കർത്താവിനെ തിരിച്ചറിയുന്ന കരുണയിലും ദയാവായ്പിലും നമ്മുടെ ജീവിതത്തെ ഇഴചേർക്കണം. വേണ്ടതെല്ലാം നഷ്ടപ്പെട്ടതോ അതോ ബോധപൂർവം ഉപേക്ഷിച്ചു മറന്നതോ എന്നൊക്കെ ഈ നാളുകളിൽ നാം പ്രാർത്ഥിച്ചറിയണം; പരിഹാരമുണ്ടാകണം.

നമ്മുടെ നോമ്പും ഉപവാസവും നമ്മെ ആരോഗ്യവാന്മാരും ബലവാന്മാരുമൊക്കെയാക്കുന്നതായിരുന്നു. ഭക്ഷണം ഉപേക്ഷിച്ചാലും നമ്മുടെ ആത്മശരീരം പോഷണവും ഊർജവുമായിട്ടെത്തുമായിരുന്നു. ദൈവത്തിന്റെ നേരേ ഒരടി നടക്കുന്നവന്റെ സമീപത്തേക്ക് അവിടുന്ന് ഓടിവരുമെന്ന മഹദ്വചനം നമ്മുടെ പഴമക്കാരിൽ അന്വർത്ഥവും നമുക്കവർ മാതൃകാപാഠങ്ങളുമായിരുന്നു.

ഇന്നു കുടുംബങ്ങളൊക്കെ ഏകാന്തതയുടെ തടവറയിലും സ്വാർത്ഥതയുടെ കൂടാരത്തിലുമാണ്. പോരാഞ്ഞിട്ട് ക്രൈസ്തവകുടുംബങ്ങളൊക്കെ കുടിയേറ്റത്തിലുമാണല്ലോ. വിദേശത്തു സ്വന്തമായ വീടും ജോലിയും 'സുഖ'മായ താമസവും. ആഘോഷങ്ങളെല്ലാം വാട്സാപ്പിലെ സ്റ്റാറ്റസിലും ഇൻസ്റ്റഗ്രാമിലും ഫേസ്ബുക്കിലും വീഡിയോകോളിലും ആയിരിക്കുന്നു. മുമ്പ് ക്രൈസ്തവകുടുംബങ്ങളിൽനിന്നുള്ള 'വെട്ടം' നാടിന്റെ ഇരുട്ടിന് ഒരു പരിഹാരം തന്നെയായിരുന്നു; പ്രാർത്ഥനയും മുഖാമുഖമിരുന്നുള്ള സ്നേഹസംഭാഷണങ്ങളും സംവാദങ്ങളും ഉല്ലാസങ്ങളും കുടുംബത്തിലും പരിസരങ്ങളിലും വെളിച്ചം തെളിച്ചിരുന്നു.

ജോലിയും പണവും എന്നതിനേക്കാൾ നമ്മുടെ ബന്ധങ്ങളുടെ നൂലിഴ പൊട്ടാതെ കാക്കേണ്ടത് അനിവാര്യമാണ്. തിന്നും കുടിച്ചും സുഖിച്ചും എന്നതിനെക്കാൾ മനുഷ്യരായി ജീവിക്കുന്നതിലാകണം ശ്രദ്ധയത്രയും ഉണ്ടാകേണ്ടത്. രാഷ്ട്രത്തെക്കാൾ പ്രധാനപ്പെട്ടതാണു കുടുംബം. കുടുംബത്താണ് സകലവിധ നന്മകളുടെയും വിത്തു മുളച്ച് ലോകത്തിനു തണലും ആശ്വാസവുമേകുന്നത്. ഞാൻ എന്ന പദത്തിനു മൂർച്ച കൂടുന്നത് അപകടമാണ്; നമ്മൾ എന്നതിലേക്കു ചിന്തയും പ്രാർത്ഥനയും നീക്കിവയ്ക്കണം. ലോകത്താരോടും തുലനം ചെയ്യാനാകാത്തതാണ് നമ്മുടെ ഉറ്റവർ. നാം ജനിച്ച പരിസ്ഥിതിയും നാമുണ്ണുന്ന അന്നവും കിടയറ്റതും അദ്ഭുതപ്പെടുത്തുന്ന ദൈവികപരിപാലനയുടെ ദൃഷ്ടാന്തവുമാണ്. ചുറ്റുമുള്ള സഹോദരങ്ങളെ തിരിച്ചറിയാതെ ദൈവത്തെ കണ്ടവരുണ്ടോ എന്നു ചോദിക്കുന്നവരാണോ നാം?

**കുടുംബത്താണ് സകലവിധ നന്മകളുടെയും വിത്തു മുളച്ച് ലോകത്തിനു തണലും ആശ്വാസവുമേകുന്നത്. ഞാൻ എന്ന പദത്തിനു മൂർച്ച കൂടുന്നത് അപകടമാണ്; നമ്മൾ എന്നതിലേക്കു ചിന്തയും പ്രാർത്ഥനയും നീക്കിവയ്ക്കണം. ചുറ്റുമുള്ള സഹോദരങ്ങളെ തിരിച്ചറിയാതെ ദൈവത്തെ കണ്ടവരുണ്ടോ എന്നു ചോദിക്കുന്നവരാണോ നാം?**



ന്യായമായി അനുഭവിക്കാവുന്നവയെ ഉപേക്ഷിക്കുന്നതാകാം ഉപവാസം. എന്നാൽ, ഈ ഉപേക്ഷയും ഒപ്പമുള്ള അപേക്ഷകളും മാത്രമല്ല, ദൈവത്തോടുള്ള ചേർന്നിരിപ്പിന് അത്യാവശ്യം. നമ്മുടെ കർത്തവ്യങ്ങളുണ്ടിവിടെ; അതിന്റെ യഥാവിധിയുള്ള നടത്തിപ്പുകൂടി നമ്മുടെ ആചാരങ്ങളോടു ചേർത്തുവയ്ക്കണം. ലോകത്തെ ഭീതിയിലാഴ്ത്തുന്ന വൈറസുകളെക്കുറിച്ചുള്ള ഞെട്ടലിലാണു നാം. ഒന്നുകഴിഞ്ഞ് ശാന്തമായെന്നു കരുതുമ്പോഴേക്കും 'ജനിതകമാറ്റ'വുമായി അടുത്ത വൈറസ് രംഗത്തെത്തുന്നു. നമ്മുടെ ഇന്നത്തെ ജീവിതസാഹചര്യത്തിലും മനുഷ്യർക്കുണ്ടാകുന്ന 'മാറ്റം' ചിന്തനീയമല്ലേ? ആര് എപ്പോൾ എങ്ങനെ പ്രതികരിക്കുമെന്നു പറയാനാകാത്തവിധം മനുഷ്യത്വത്തിൽ 'വൈറസ്' കയറിയിരിക്കുന്നു. സാത്താൻ മനുഷ്യരിൽ സജീവമാകുന്നു; ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർക്കും 'ജനിതകമാറ്റം' സാധാരണമാകുന്നോ? അതായത്, ആരും ഏതു സമയത്തും 'കുറ്റവാളി'യുടെ രൂപത്തിലേക്കു കടന്നെത്തുന്ന തരത്തിൽ ഇന്നത്തെ വാർത്താശീർഷകങ്ങൾ നമ്മെ ഞെട്ടിക്കുന്നില്ലേ? എവിടെപ്പോയി നമ്മിലെ പ്രസാദവരാവസ്ഥ? എവിടെപ്പോയി നമ്മുടെ സന്മാർഗബോധം? എവിടെപ്പോയി നമ്മുടെ ധാർമികത? നമ്മിലെ കരുണ, ദയ, പരസ്നേഹം, സത്യത്തോടുള്ള ചേർന്നിരിപ്പ്... സർവോപരി, സകലതിലും ഉണർന്നുവന്നിരുന്ന ആദർശബന്ധിയായ മൂല്യബോധം? ഇതെല്ലാം ഒരു ചോദ്യചിഹ്നമായിരിക്കുമ്പോഴും നമുക്കിടയിലെ ആചാരാനുഷ്ഠാനങ്ങളിൽമാത്രം നാം ആകൃഷ്ടരാണോ? ചിന്തിക്കണം.

വെളിച്ചത്തിന്റെ ശക്തി ക്ഷയിച്ചാൽ ഇരുട്ട് ഭരണമേറ്റെടുക്കും. നാമെപ്പോഴും ദൈവോപാസകരായി ജീവിക്കണം. എളിയവർക്കു നീ 'ഇതെല്ലാം' ചെയ്തുകൊടുത്തപ്പോൾ 'എനിക്കു'തന്നെയാണു ചെയ്തത് എന്നു ദൈവം പറയുന്നത് നമുക്ക് അനുഭവമാകണ്ടേ? ജീവിതയാത്രയിൽ നമ്മുടെ 'ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും കൂടി സ്നേഹിക്കുമ്പോഴാണ്' നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെ സ്നേഹിക്കാനാകുക! ജീവിതത്തിൽ സന്മനസ്സോടെ പ്രവർത്തിക്കാനാകുമ്പോഴാണ് മനസ്സമാധാനം കൂട്ടായെത്തുക. എല്ലാമുള്ളപ്പോഴും ഒരു നഷ്ടബോധം ഇന്നത്തെ സമൂഹം അനുഭവിക്കുന്നു. നഷ്ടങ്ങളെ നേട്ടങ്ങളാക്കി മാറ്റുവാൻ നമ്മുടെ നോമ്പും ഉപവാസവും കാരണമായിത്തീരട്ടെ.



*കോഴിക്കോട് പ്രൊവിഡൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ വാർഷികസമ്മേളനത്തിൽ കെ.സി.ബി.സിയുടെ മികച്ച കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിക്കുള്ള അവാർഡ് പാലാ രൂപത കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം കെസിബിസി വിദ്യാഭ്യാസക്കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസിൽനിന്ന് സ്വീകരിക്കുന്നു. കോഴിക്കോട് രൂപത ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, കണ്ണൂർ രൂപത ബിഷപ് ഡോ. അലക്സ് വടക്കുംതല, കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലിയോൺ, സംസ്ഥാന പ്രസിഡന്റ് ബിജു ഓളാട്ടുപുറം, പാലാ രൂപത ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, പ്രസിഡന്റ് ആമോദ് മാത്യു, സെക്രട്ടറി ജോബെറ്റ് തോമസ്, മധ്യമേഖലാ പ്രസിഡന്റ് ജോബി കുളത്തറ തുടങ്ങിയവർ സമീപം.*

ബാലകഥ



പീറ്റർ കുരിശിങ്കൽ

# അമ്മാമ്മയ്ക്കിത്തിരി വെറ്റേം നൂറും

രണ്ടുമണി; ഒരു ഉച്ചയുറക്കത്തിന്റെ നേരം. തെരേശയമ്മൂമ്മ ഉമ്മറത്തെ കോലായിൽ കാലും നീട്ടി ഇരിപ്പാണ്. നാട്ടുവഴിയിലേക്കു നോക്കിയാണിരിപ്പ്.

ഇടയ്ക്കു തൊട്ടരുകിൽ വച്ചിരിക്കുന്ന കുഞ്ഞുവട്ടി തപ്പിയെടുത്ത് തുറന്നുനോക്കും. അപ്പോഴാ മുഖത്ത് നിരാശ; ആഗ്രഹിച്ചതു കാണാത്തതിന്റെ നിരാശ.

കൈതയോലകൊണ്ട് മെടഞ്ഞുണ്ടാക്കിയതാണാ കുഞ്ഞുവട്ടി. അത് അമ്മാമ്മയുടെ ശരീരത്തിന്റെതന്നെ ഭാഗമായിക്കഴിഞ്ഞു. അമ്മാമ്മയുള്ളിടത്തു വട്ടിയുണ്ടാകും. വട്ടിയുള്ളിടത്ത് അമ്മാമ്മയും.


കുഞ്ഞുവട്ടി അമ്മാമ്മയുടെ ചെല്ലപ്പെട്ടിയാണ്. മുറുക്കാൻ ചെല്ലം! അമ്മാമ്മയ്ക്ക് ഇടയ്ക്കൊന്നു ചവയ്ക്കണം; അതു നിർബന്ധം. അതുകൊണ്ടുതന്നെ കുഞ്ഞുവട്ടി അമ്മാമ്മ താഴെ വയ്ക്കില്ല.

അമ്മാമ്മ വീണ്ടും കുഞ്ഞുവട്ടി തുറന്നു; നിരാശതന്നെ. ഒരു കീറു വെറ്റയോ ഒരു തുണ്ടു പൊകലയോ ഒരു നുറുങ്ങ് അടയ്ക്കയോ ഒന്നുമില്ല. അമ്മാമ്മയ്ക്ക് ഒന്നു ചവയ്ക്കണം. വായ പതഞ്ഞുകൂടുന്നു.

അമ്മാമ്മ വീണ്ടും നാട്ടുവഴിയിലേക്കുതന്നെ നോക്കിയിരിപ്പായി. പിള്ളേരാരെങ്കിലും ഓടും. അപ്പോ അവരെപ്പിടിക്കാം. അമ്മാമ്മയുടെ കണ്ണുകഴച്ചതല്ലാതെ പിള്ളേരാരും അതുവഴി വന്നില്ല.

"ശ്ശേടാ; ഈ നാട്ടിലെ പിള്ളേരെല്ലാമെവിടെപ്പോയി? ഒന്നിനേം കാണാനില്ലല്ലോ." അമ്മാമ്മയുടെ മനസ്സ് മന്ത്രിച്ചു.

പെട്ടെന്നാണ് ഒരിളംകാറ്റു വീശിയത്. മുറ്റത്തെ മരച്ചില്ലയിൽനിന്നു പഴുത്ത ഇലകൾ മുറ്റത്തേക്കു പാറിവീണു. അതു കണ്ടപ്പോഴാണ് അമ്മാമ്മയ്ക്ക് അക്കാര്യം ഓർമ വന്നത്. രണ്ടു പറമ്പപ്പുറത്തു നില്ക്കുന്ന മുത്തശ്ശിമാവിന്റെ കാര്യം! പിള്ളേരെല്ലാം മാഞ്ചോട്ടിലുണ്ടാകും. മാമ്പഴക്കാലമല്ലേ; അമ്പട! അമ്മാമ്മ മനസ്സിലുറച്ചു.



മുത്തശ്ശിമാവെന്നു പറഞ്ഞാൽ; അതൊരു തികഞ്ഞ മാവുതന്നെ. രണ്ടാൾ വട്ടമിട്ടു പിടിച്ചാൽ പിടിയെത്തില്ല. അത്രയ്ക്കുണ്ട് വണ്ണം. വളർന്നു പൊങ്ങി, പന്തലിച്ച് നിറയെ മാങ്കുലകളുമായി നില്ക്കുന്ന മാവ്. അന്നാട്ടുകാരുടെ മുത്തശ്ശിമാവ്!

അമ്മാമ്മ മെല്ലെ എണീറ്റ് നടക്കാൻ തുടങ്ങി. വയ്യ; വേച്ചുവേച്ചാണു നടപ്പ്. എന്നാലും തരക്കേടില്ല. നടക്കുകതന്നെ. അമ്മാമ്മയ്ക്ക് മുറുക്കണം!

അമ്മാമ്മയുടെ ഊഹം തെറ്റിയില്ല. പിള്ളേരെല്ലാം മാഞ്ചോട്ടിലുണ്ട്. കാറ്റു വീശുന്നതും നോക്കിയിരിപ്പാണ്. കാറ്റത്ത് മാങ്കമ്പിളകുമ്പോൾ ഇപ്പോൾ വീഴും ഇപ്പോൾ വീഴും എന്ന് കൊതിയോടെ മേലോട്ടും നോക്കിയിരിപ്പാണ് പിള്ളേർ.

"മക്കളേ..." വിളി കേട്ടാണ് പിള്ളേർ നോക്കിയത്. അതാ തൊട്ടടുത്തു നില്ക്കുന്നു തെരേശയമ്മാമ്മ!

"ശ്ശൊ, അമ്മാമ്മ; കണ്ടുപോയല്ലോ ഓടി മാറാനും വയ്യല്ലോ." എല്ലാ പിള്ളേരുടെയും മനസ്സിലെ ചിന്ത ഇതായിരുന്നു. എങ്കിലും അവർ ഒന്നായിത്തന്നെ വിളി കേട്ടു: "എന്തോ."

"മക്കളേ അമ്മാമ്മയ്ക്കൊന്നു ചവയ്ക്കണം. വാ പതയുന്നു. മക്കൾ പോയി അമ്മാമ്മയ്ക്കിത്തിരി മുറുക്കാൻ വാങ്ങിത്തന്നാട്ടെ."

എന്തു ചെയ്യും? പിള്ളേർ കുഴങ്ങി. മാഞ്ചോട്ടിൽനിന്നു നീങ്ങൻ അവർക്കു മടി. മാമ്പഴം വീണാൽ തങ്ങൾക്കു കിട്ടില്ലല്ലോ. അതായിരുന്നു എല്ലാവരുടെയും ചിന്ത. 'താൻ പോ' 'നീ പോ' എന്നിങ്ങനെ അവർ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞു മാറിമാറി നിന്നു.

കുട്ടികൾ സങ്കടത്തിലായി. പോയാൽ മാമ്പഴം കിട്ടില്ല. പോയില്ലെങ്കിൽ അമ്മാമ്മ വിഷമിക്കും. കുട്ടികളുടെ താളം ചവിട്ടു കണ്ടപ്പോൾ അമ്മാമ്മയ്ക്കു കാര്യം പിടികിട്ടി. അമ്മാമ്മ പറഞ്ഞു:

"മക്കളേ, മക്കൾ പോയിട്ടു വരുവോളം മാമ്പഴം വീഴില്ല; പോരേ?"

അമ്മാമ്മ പറഞ്ഞതിൽ പിള്ളേർക്ക് അത്ര വിശ്വാസമില്ല. അവർ പറഞ്ഞു: "അമ്മാമ്മേ, കാറ്റു വീശുന്നതു കണ്ടില്ലേ? കാറ്റത്ത് മാമ്പഴം വീഴില്ലേ?"

ഉടനെ അമ്മൂമ്മ പറഞ്ഞു: "ഞാനൊരു മന്ത്രം ചൊല്ലാം. മന്ത്രം കേട്ടാൽപ്പിന്നെ കാറ്റുവരില്ല. കാറ്റുവീശാതെ മാമ്പഴം വീഴില്ലല്ലോ" എന്നിട്ട് അമ്മാമ്മ ഉറക്കെ ഇങ്ങനെ പാടി:

കാറ്റേ കാറ്റേ വീശരുതേ
വീശരുതേ... വീശരുതേ
ചക്കരമാമ്പഴം വീഴ്ത്തരുതേ
വീഴ്ത്തരുതേ... വീഴ്ത്തരുതേ.

പെട്ടെന്നതാ കാറ്റു വീശാതായി. മാഞ്ചില്ലകൾ അനങ്ങാതായി. കുട്ടികൾ മാഞ്ചില്ലകളിൽ നോക്കി നില്പാണ്. അവർ കണ്ടു. കാറ്റു വീശുന്നില്ല. മാഞ്ചില്ലകൾ ആടുന്നില്ല. അവർ അദ്ഭുതത്തോടെ അമ്മാമ്മയെ നോക്കി. അമ്മാമ്മേടെ മന്ത്രം ഫലിച്ചു!

പിള്ളേർ അമ്മാമ്മേടെ കൈയിൽനിന്നു നാണയത്തുട്ടുകൾ വാങ്ങി കടയിലേക്ക് ഒറ്റപ്പാച്ചിൽ. തെല്ലുനേരത്തിനുള്ളിൽ പിള്ളേർ അമ്മാമ്മയ്ക്കുള്ള മുറുക്കാൻ പൊതിയുമായെത്തി.

അമ്മാമ്മയ്ക്കു സന്തോഷമായി. അമ്മാമ്മയുടെ കുഞ്ഞുവട്ടി നിറയെ മുറുക്കാൻ. അമ്മാമ്മയെ വട്ടമിട്ടു നിന്ന പിള്ളേരോടായി അമ്മാമ്മ പറഞ്ഞു:

"മക്കളേ, മടി നിറച്ചു പെറുക്കിക്കോളൂ. ഇപ്പോ വീഴും മാമ്പഴം." അമ്മാമ്മ മന്ത്രം ചൊല്ലാൻ തുടങ്ങി.

"കാറ്റേ കാറ്റേ പുന്നാരക്കാറ്റേ
പാറിപ്പാറി വരൂ കാറ്റേ
മാഞ്ചില്ല കുലുക്കാൻ വരൂ കാറ്റേ
മാമ്പഴമൊത്തിരി വീഴട്ടെ."

അമ്മാമ്മ മന്ത്രം ചൊല്ലിത്തീർന്നതും മാഞ്ചില്ലകൾ ഇളകിയാടാൻ തുടങ്ങി. പ്ടേ; പ്ടേ; പടപടേന്ന് മാമ്പഴം; മാഞ്ചോട്ടിൽ. തിക്കിത്തിരക്കി മാമ്പഴം പെറുക്കുന്നതിനിടെ പിള്ളർ ഇങ്ങനെ പാടി:

"അമ്മാമ്മയ്ക്കിത്തിരി വെറ്റേം നൂറും
പിള്ളേർക്കൊത്തിരി മാമ്പഴവും
വീഴട്ടേ വീഴട്ടേ; മാമ്പഴമൊത്തിരി വീഴട്ടെ
ഞങ്ങടെ മടിയും നിറയട്ടെ."

■




ജീവിതത്തിൽ മുന്നിൽക്കാണും
പാതയിൽ വഴിതെറ്റി ഞാൻ
കാലിടറീട്ടന്ധനായി
നടന്നങ്ങു നീങ്ങീടവേ,

കേട്ടു ഞാൻ നിമന്ത്രണങ്ങൾ
ദിവ്യമാം ചില വാണികൾ
മകനേ, നിൻ ലക്ഷ്യമെന്ത്
എവിടേക്കു നിൻ യാത്രകൾ.

ധർമമാർഗത്തിൽ ചെയ്തിടാൻ
എത്രയെത്ര സൽക്കർമങ്ങൾ
വീടിനായും നാടിനായും
ചെയ്തിടേണ്ടും കടമകൾ

ചെയ്തിടാതെ അന്ധനായി
പോവതെവിടെയെൻ മകൻ
വേണ്ടപ്പെട്ടോർ നിന്നെക്കാത്ത്
നില്പതല്ലോ അനുദിനം.

ബുദ്ധിയും വിവേകവും ഞാൻ
തന്നുകൊണ്ടിട്ടുവേറെയും
മികവുകളും സ്നേഹമോടെ
തന്നതും നീ മറന്നുവോ?

ആരുമാരുമറിയാതെ
ഏകാന്തപഥികനായി
മോഹലക്ഷ്യം വച്ചുപോകേ
നാശക്കുഴിയിൽ പതിച്ചിടാം.

നാറ്റമേറും പാപച്ചേറ്റിൽ
ആണ്ടു നീ കറുത്തീടിലും
അനുതാപചിന്ത നിന്നെ
കൈപിടിച്ചു കരേറ്റിടും.

ആയതിനാലെൻ മകനേ,
നീ തിരിച്ചു പോന്നീടുക
എൻ വചസ്സുകൾ കേട്ട്
സത്യമാർഗേ ചരിക്കുക.

ദൈവമേ, പൊറുക്കേണമെ
നെഞ്ചേറ്റിടുന്നീ വാക്കുകൾ
ഉള്ളകത്തെ അലിയിക്കും
ജീവമന്ത്രധ്വനികളോ!

ഉൾത്താരിൽ ജ്വലിച്ചിടുന്നു
നീ തരും ജയമന്ത്രങ്ങൾ
തിരിച്ചു ഞാൻ വരുന്നിതാ
സ്നേഹതാതാ സ്തുതി സ്തുതി.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിലാണു നമ്മുടെ ആശ്രയം.

സങ്കീർത്തനങ്ങൾ 124:8

**എഡിറ്റോറിയൽ**

# മികവുണ്ടാവേണ്ടത് മാലിന്യനിർമാർജനത്തിൽ

സംസ്ഥാനങ്ങളുടെ പാരിസ്ഥിതിക-സാമൂഹിക കണക്കെടുപ്പായ സുസ്ഥിരവികസന സർവേയിൽ കേരളം വീണ്ടും ഒന്നാമതെത്തിയിരിക്കുന്നു. ന്യൂഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് (സി.എസ്.ഇ.) നടത്തിയ ദേശീയ സർവേപ്രകാരമാണ് സംസ്ഥാനത്തിന് അംഗീകാരം ലഭിച്ചിരിക്കുന്നത്.

വിദ്യാഭ്യാസം, ആരോഗ്യം, ജലസുരക്ഷ, പരിസ്ഥിതി, ഊർജസംരക്ഷണം തുടങ്ങി പതിനഞ്ചിന നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട സർവേറിപ്പോർട്ടിൽ, വിദ്യാഭ്യാസം, വിശപ്പുരാഹിത്യം, ഊർജലഭ്യത എന്നീ മേഖലകളിലാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നത്. ഹിമാചൽ, ഉത്തരാഖണ്ഡ്, ഗോവ, തമിഴ്നാട്, മഹാരാഷ്ട്ര സംസ്ഥാനങ്ങളാണ് കേരളത്തിനു തൊട്ടുപിന്നിൽ.

അതേസമയം, പരിസ്ഥിതിസംരക്ഷണത്തിലും ജൈവവൈവിധ്യപാലനത്തിലും വനസംരക്ഷണത്തിലും മരുഭൂവത്കരണം തടയുന്നതിലും കേരളം ഏറെ പിന്നിലാണെന്ന നഗ്നസത്യം നമ്മെ ഞെട്ടിക്കുന്നു. ശുചിത്വപാലനം, ശുദ്ധജലം, കൃഷി-ജലസേചനം തുടങ്ങിയവ ഉൾപ്പെടുന്ന ജല-സാനിട്ടേഷൻ വിഭാഗത്തിൽ കേരളം ഏഴാം സ്ഥാനത്താണ്. മാനസികാരോഗ്യം, ചെലവുകുറഞ്ഞ മികച്ച ചികിത്സയുടെ ലഭ്യത തുടങ്ങിയ കാര്യങ്ങളിൽ ദേശീയ ശരാശരിക്കും പിന്നിലാണ് കേരളത്തിന്റെ സ്കോർ. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്നതിലും പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്നതിലും കേരളം ഏറെ പരാജയമാണെന്നാണ് സർവേഫലം.

സർവേറിപ്പോർട്ടുകൾ പൊതുവെ ജയാരവങ്ങൾ കൊട്ടിഘോഷിക്കുമ്പോഴും 'ദൈവത്തിന്റെ സ്വന്തം നാട്' ആത്മപരിശോധനയ്ക്കു തയ്യാറാകുന്നപക്ഷം യഥാർത്ഥ മികവിന്റെ ഭാവിചരിത്രം സൃഷ്ടിക്കാനാവുമെന്നു തീർച്ച. സുസ്ഥിരവികസനലക്ഷ്യത്തിലേക്ക് (2030) എട്ടുവർഷംമാത്രം അവശേഷിച്ചിരിക്കെ, കൊവിഡനന്തരപ്രത്യാഘാതങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ മാലിന്യരഹിതകേരളത്തിനു മുന്തിയ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.

കേന്ദ്രമലിനീകരണനിയന്ത്രണബോർഡിന്റെ കണക്കനുസരിച്ച്, രാജ്യത്തു സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ടൺകണക്കിനു കൊവിഡനുബന്ധമാലിന്യങ്ങളിൽ കേരളം രണ്ടാം സ്ഥാനത്തെത്തി 'മികവു' പുലർത്തിയിരിക്കുന്നു! സ്വന്തം വീടുകളിലെ മാലിന്യങ്ങൾ പൊതുനിരത്തുകളിലേക്കും തോടുകളിലേക്കും പുഴകളിലേക്കും വലിച്ചെറിയുന്ന മലയാളിയുടെ മനോഭാവത്തിനു മഹാമാരിക്കാലത്തും മാറ്റമുണ്ടായില്ല. പൊതുനിരത്തിൽ തുപ്പുന്നതും വിസർജിക്കുന്നതുമൊക്കെ കുറ്റമായോ സാമൂഹികദ്രോഹമായോ കണക്കാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ-സാംസ്കാരികാഭ്യസനം മലയാളിക്കു വേണ്ടപോലെ കിട്ടുന്നില്ല. അതു പ്രഥമതഃ വീട്ടകങ്ങളിലും വിദ്യാലയങ്ങളിലും ഉത്തരവാദിത്വപ്പെട്ടവർ പകർന്നുകൊടുക്കുന്നില്ലെങ്കിൽ ആരെയാണു നാം പഴിക്കേണ്ടത്? ശുചിത്വാവബോധത്തിലും മാലിന്യനിർമാജനത്തിലും ഇനി എന്നാണ് മലയാളി വിദ്യാസമ്പന്നനാകുന്നത് എന്ന ചോദ്യം കാലങ്ങളായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു!

ഈയിടെ കൊച്ചിയിൽ നടന്ന സി.പി.എം. സംസ്ഥാനസമ്മേളനത്തിൽ, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം തുടങ്ങിയവയ്ക്കൊപ്പം മാലിന്യനിർമാർജനത്തിനും മതിയായ പ്രാധാന്യം കൊടുക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം നവകേരളത്തിന്റെ വികസനപന്ഥാവിലേക്കുള്ള പുത്തൻ നയരേഖയാണ്. പക്ഷേ, അതു യാഥാർത്ഥ്യവത്കരിക്കണമെങ്കിൽ സർക്കാർ വിയർപ്പൊഴുക്കി പണിയെടുക്കേണ്ടിവരും. മാലിന്യസംസ്കരണത്തിനും നിർമാർജനത്തിനും നിലവിലുള്ള എല്ലാ അപചയങ്ങളും തിരുത്തി മുന്നോട്ടുപോകാൻ സർക്കാർസംവിധാനങ്ങൾ ജാഗ്രത പുലർത്തണം.

ജൈവ-അജൈവമാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കാനുള്ള സംവിധാനം പല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, പ്ലാസ്റ്റിക്പോലുള്ള അജൈവമാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും സംസ്കരിച്ചു പുനരുപയോഗിക്കുന്നതിൽ ശാസ്ത്രീയപഠനങ്ങൾ നടക്കുന്നുണ്ടെങ്കിലും അവ പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ തികഞ്ഞ അലംഭാവമാണു കാണുന്നത്.

ചുരുക്കം ചില ഗ്രാമങ്ങളിലും മുനിസിപ്പാലിറ്റികളിലും മാലിന്യശേഖരണവും സംസ്കരണവും നടക്കുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷം നഗരഗ്രാമപ്രദേശങ്ങളിലും ഉദാസീനതയും കെടുകാര്യസ്ഥതയുമാണുള്ളത്. പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നതും, അശാസ്ത്രീയമായി മാലിന്യം സംസ്കരിക്കുന്നതും ഗൗരവമായിക്കണ്ട് ശിക്ഷാനടപടി സ്വീകരിക്കാൻ സർക്കാർ മടി കാണിക്കുന്നതെന്തേ? രോഗവിമുക്തമായ ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് ഓരോ പൗരന്റെയും ദൗത്യമാണെന്നു കരുതി ശുചിത്വാവബോധത്തിലും ആരോഗ്യപരിരക്ഷാപദ്ധതികളിലും നാമോരോരുത്തരും സഹകാരികളാവണം. ■

# അട്ടിമറിക്കപ്പെടുന്ന ഭരണഘടനാതത്ത്വങ്ങൾ

*(1-ാം പേജ് തുടർച്ച)*

ഇന്ത്യൻ മാര്യേജ് ആക്റ്റ് പ്രകാരമുള്ള വിവാഹമോചനം നേടിയാൽ മാത്രമേ മറ്റൊരു വിവാഹം കഴിക്കാൻ പാടുള്ളൂവെന്നും അല്ലാത്തപക്ഷം ഇത്തരം പുനർവിവാഹങ്ങളെ ക്രിമിനൽ കുറ്റമായി കണക്കാക്കുമെന്നുമായിരുന്നു കോടതിയുടെ വിധി. 2001 ൽ പാർലമെന്റ് ഭേദഗതി ചെയ്ത ക്രിസ്ത്യൻ വിവാഹമോചനനിയമത്തിലെ 10 (എ) വകുപ്പുപ്രകാരം ക്രിസ്ത്യൻ ദമ്പതികൾക്കു വിവാഹമോചനം അനുവദിക്കാൻ രണ്ടു വർഷം വേർപിരിഞ്ഞു താമസിക്കണമെന്നു വ്യവസ്ഥ ചെയ്തിരുന്നു. ഇന്ത്യൻ മാര്യേജ് ആക്റ്റ് പ്രകാരം മറ്റു മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഒരു വർഷം പിരിഞ്ഞു താമസിച്ചാൽ മതിയെന്നിരിക്കേ, ക്രിസ്ത്യൻ മതത്തിൽപ്പെട്ടവർക്ക് ഇത് രണ്ടു വർഷമായി ഉയർത്തിയ നിയമത്തെ ചോദ്യം ചെയ്ത് സമർപ്പിക്കപ്പെട്ട ഹർജി അംഗീകരിച്ച ഡിവിഷൻ ബഞ്ച് ഇന്ത്യൻ ക്രിസ്തീയവിവാഹനിയമത്തിലെ 10 എ വകുപ്പ് അസാധുവാക്കുകയാണു ചെയ്തത്.

**മതവിശ്വാസവും വ്യക്തിനിയമവുംപോലെയുള്ള കാര്യങ്ങളിൽ പുരോഗമനപരമായ കാഴ്ചപ്പാടുകളെ ഭരണഘടനയും കോടതികളും ഉയർത്തിപ്പിടിക്കണമെന്ന കാര്യത്തിൽ സംശയമില്ല. പൊതുസമൂഹവും സ്വാഗതം ചെയ്യുന്നത് അതാണ്. പക്ഷേ ബാധിക്കപ്പെടുന്ന മതവിഭാഗങ്ങളിലെ ഉത്തരവാദപ്പെട്ട സംവിധാനങ്ങളെ പൂർണമായും അവഗണിച്ചുകൊണ്ട്, അവരുടെ അഭിപ്രായങ്ങൾക്ക് ഒരു വിലയും കല്പിക്കാതെ വ്യക്തിനിയമങ്ങൾ മുകളിൽനിന്നു സ്റ്റേറ്റ് അടിച്ചേല്പിക്കുകയാണെങ്കിൽ അതു രാജ്യത്തിന്റെ മതേതരസ്വഭാവത്തിനോ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനോ യോജിച്ചതല്ല.**

ഏറ്റവും ഒടുവിലായി പള്ളികളിലും ദർഗകളിലും പ്രവേശിക്കുന്നതിന് മുസ്ലീം സ്ത്രീകൾക്കുള്ള വിലക്ക്, ദാവൂദി ബോറാ വിഭാഗത്തിലെ സ്ത്രീകളുടെ ചേലാകർമം, സമുദായത്തിനു പുറത്ത് വിവാഹിതരായ പാർസി സ്ത്രീകളുടെ ആരാധനാലയങ്ങളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട വിലക്കുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസുകൾ എല്ലാം ഒരുമിച്ച് ശബരിമലയിലെ സ്ത്രീപ്രവേശനത്തർക്കവുമായി ബന്ധപ്പെടുത്തി പൊതുനിഗമനങ്ങളിൽ എത്താൻ ഏഴ് അംഗങ്ങൾ അടങ്ങിയ വിശാല ഭരണഘടനാബെഞ്ചിനോട് ആവശ്യപ്പെടുകവഴി ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട ചർച്ചകളിലേക്കും സുപ്രീം കോടതി വിരൽ ചൂണ്ടുന്നുണ്ട്. ഏക സിവിൽ കോഡിനുവേണ്ടി ശക്തമായി വാദിക്കുന്ന സംഘപരിവാർ ഉൾപ്പടെയുള്ള കേന്ദ്രങ്ങളെ സുപ്രീം കോടതിയുടെ ഈ റഫറൻസ് സന്തോഷിപ്പിക്കുന്നുണ്ട് എന്നതിൽ സംശയമില്ല.

തീർച്ചയായും, മതവിശ്വാസവും വ്യക്തിനിയമവുംപോലെയുള്ള കാര്യങ്ങളിൽ പുരോഗമനപരമായ കാഴ്ചപ്പാടുകളെ ഭരണഘടനയും കോടതികളും ഉയർത്തിപ്പിടിക്കണമെന്ന കാര്യത്തിൽ സംശയമില്ല. പൊതുസമൂഹവും സ്വാഗതം ചെയ്യുന്നത് അതാണ്. പക്ഷേ ബാധിക്കപ്പെടുന്ന മതവിഭാഗങ്ങളിലെ ഉത്തരവാദപ്പെട്ട സംവിധാനങ്ങളെ പൂർണമായും അവഗണിച്ചുകൊണ്ട്, അവരുടെ അഭിപ്രായങ്ങൾക്ക് ഒരു വിലയും കല്പിക്കാതെ വ്യക്തിനിയമങ്ങൾ മുകളിൽനിന്നു സ്റ്റേറ്റ് അടിച്ചേല്പിക്കുകയാണെങ്കിൽ അതു രാജ്യത്തിന്റെ മതേതരസ്വഭാവത്തിനോ ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനോ യോജിച്ചതല്ല. ഏകീകൃതസിവിൽ കോഡുമായി ബന്ധപ്പെട്ട് രാജ്യത്തെ ഭരണകൂടം ഇപ്പോൾ സ്വീകരിക്കുന്ന എല്ലാ നിലപാടുകളും ഈ ദിശയിലുള്ളതാണെന്നത് തീർച്ചയായും പ്രതിഷേധാർഹം തന്നെയാണ്. ■

## തിരുനാൾ ആശംസകൾ





മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും ദീപനാളത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ

**ദളം പതിനേഴ്**




**മോബിൻ മോഹൻ**



# മരണത്തെ തോല്പിച്ച മഹാപ്രതിഭ

**“ഇ**ന്ന് ഏതു കഥയാണ് ഉണ്ണിയമ്മേ പറയ്ക?”- കുഞ്ഞുണ്ണിയാണു ചോദിച്ചത്.

കേട്ടപാടേ അമ്മാളുവും ജോണിക്കുട്ടിയും അടുത്തുകൂടി. ഇട്ടിണ്ടാൻ പിന്നാമ്പുറത്ത് എന്തോ തിരക്കിട്ട പണിയിലായിരുന്നു.



‘‘എങ്കിൽ ഇന്ന് സ്റ്റീഫൻ ഹോക്കിങ്ങിനെപ്പറ്റി പറയാം” ഉണ്ണീരിയമ്മ കഥ പറയാൻ തുടങ്ങി. മൂവർ സംഘം ശ്രദ്ധയോടെ കേട്ടിരുന്നു.

ലോകം കണ്ട ഏറ്റവും പ്രതിഭാശാലിയായ ശാസ്ത്രജ്ഞനാണ് സ്റ്റീഫൻ ഹോക്കിങ്. വിദ്യാസമ്പന്നരായ മാതാപിതാക്കൾ സ്റ്റീഫൻ ഹോക്കിങ്ങിന് മികച്ച വിദ്യാഭ്യാസം നൽകി. പക്ഷേ, പഠനത്തിന് അവൻ വലിയ പ്രാധാന്യം നൽകിയില്ല. അവന്റെ ചിന്തയും നോട്ടവും ക്ലാസ് മുറിക്കു പുറത്തേക്കായിരുന്നു. ഹോക്കിങ്ങിന്റെ നിരീക്ഷണപാടവം അധ്യാപകരെ അദ്ഭുതപ്പെടുത്തി. അവനിൽ ഒരു പ്രതിഭ ഒളിച്ചിരിപ്പുണ്ട് എന്നവർ മനസ്സിലാക്കി.

അങ്ങനെ പതിനേഴാം വയസ്സിൽ ഹോക്കിങ്, ഇഷ്ടവിഷയമായ ഫിസിക്സ് തിരഞ്ഞെടുത്ത് ഓക സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. പക്ഷേ, സ്വതഃസിദ്ധമായ മടിയും ഉഴപ്പും തുടർന്നു. കഷ്ടി അവിടെനിന്നു ജയിച്ചുകയറി. പിന്നീട് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ കോസ്മോളജി പഠിക്കാൻ ചേർന്നു.

“ഉണ്ണിയമ്മേ, എന്താ ഈ കോസ്മോളജി?”- ജോണിക്കുട്ടിയാണു ചോദിച്ചത്.

‘‘പ്രപഞ്ചത്തെപ്പറ്റിയുള്ള പഠനമാണ് കോസ്മോളജി.”

ഉണ്ണീരിയമ്മ തുടർന്നു:

കേംബ്രിഡ്ജിൽ പഠിക്കുമ്പോഴാണ് ചില രോഗലക്ഷണങ്ങൾ അദ്ദേഹത്തിൽ കണ്ടുതുടങ്ങിയത്. സംസാരിക്കുമ്പോൾ നാവുകുഴയുന്നു, നടക്കുമ്പോൾ വേച്ചുപോവുന്നു, എന്തിന്, ശ്വസിക്കാൻ പോലും പ്രയാസം അനുഭവിച്ചു. നാഡികളെ തളർത്തുന്ന മോട്ടോർ ന്യൂറോൺ എന്ന അതിഗുരുതര രോഗത്തിന്റെ തുടക്കമായിരുന്നു അത്. മരണം പടിവാതിൽക്കലാണെന്നും ജീവിതം കഷ്ടിച്ച് രണ്ടു വർഷംകൂടി മാത്രമാണുള്ളതെന്നും ഡോക്ടർമാർ വിധിയെഴുതി.

ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഹോക്കിങ് അവിടെവച്ച് കാൻസർബാധിതനായ ഒരു കുട്ടിയെ പരിചയപ്പെടുന്നു. അവനു ഭൂമിയിൽ അവശേഷിക്കുന്നത് ദിവസങ്ങൾ മാത്രമാണ്. പക്ഷേ, എത്ര ആനന്ദത്തോടെയാണ് ആ കുട്ടി തന്റെ ചുരുങ്ങിയ ദിവസങ്ങൾ ജീവിച്ചുതീർക്കുന്നത് എന്ന് ഹോക്കിങ് അദ്ഭുതപ്പെട്ടു. അത് ഹോക്കിങ്ങിനു വലിയ പ്രചോദനമായി. രണ്ടു വർഷമാണു തനിക്കു മുന്നിലുള്ളത്. ഇച്ഛാശക്തിയോടെ അയാൾ ഉയിർത്തെഴുന്നേറ്റു. സഹപ്രവർത്തകയായ ജെയിൻ ഹോക്കിങ്ങിന്റെ ജീവിതസഖിയായി. അവർക്ക് മൂന്നു കുഞ്ഞുങ്ങൾ ഉണ്ടായി. ഓരോ ദിവസവും ശരീരം തളർന്നുകൊണ്ടിരുന്നു. പക്ഷേ, സ്റ്റീഫൻ ഹോക്കിങ്ങിന്റെ മനസ്സ് കൂടുതൽ കൂടുതൽ കരുത്തുള്ളതായി മാറി. പ്രപഞ്ചത്തെപ്പറ്റിയുള്ള തന്റെ പഠനം തുടർന്നുകൊണ്ടിരുന്നു. സൗരയൂഥത്തിനപ്പുറത്ത്, നക്ഷത്രങ്ങൾക്കും അപ്പുറത്ത് തമോഗർത്തങ്ങളെപ്പറ്റി ആധികാരികമായി കണ്ടെത്തലുകൾ നടത്തി. ക്രമേണ തൊണ്ണൂറു ശതമാനം ചലനശേഷിയും അദ്ദേഹത്തിനു നഷ്ടപ്പെട്ടു. സംസാരിക്കാൻ വയ്യാതായി. യന്ത്രങ്ങളുടെ സഹായത്തോടെ മാത്രം ലോകത്തോട് ഹോക്കിങ് സംവദിച്ചു. ‘എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം’ എന്ന അദ്ദേഹത്തിന്റെ പുസ്തകം കോടിക്കണക്കിനു കോപ്പികൾ വിറ്റഴിഞ്ഞു. ലോകം കണ്ട മഹാപ്രതിഭയായ ആ ശാസ്ത്രജ്ഞൻ ഒരു മഹാരോഗത്തെ തോല്പിച്ചുകൊണ്ട് എഴുപത്തിയാറു വയസ്സുവരെ ജീവിച്ചു. മരണം ആ മനുഷ്യന്റെ മനോധൈര്യത്തിനു മുന്നിൽ എത്രയോ വട്ടം പരാജയപ്പെട്ടു.

മനുഷ്യന് ഒരുപാട് പരിമിതികൾ ഉണ്ടാവാം. ഈ പരിമിതികളെ അതിജീവിക്കാൻ ശ്രമിക്കുമ്പോഴാണ് ജീവിതത്തിൽ വിജയം നേടാൻ കഴിയുന്നത്.

“ഇന്നത്തെ കഥ ഉഷാറായി.” - അമ്മാളു പറഞ്ഞു.

കുഞ്ഞുണ്ണിയും ജോണിക്കുട്ടിയും അമ്മാളു പറഞ്ഞത് ശരിവച്ചു.

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

# തയ്യാർ



**ഭ**ക്ഷണശാലകളുടെ മുമ്പിൽ ഉച്ചനേരത്ത് ഊണ് തയ്യാർ എന്നെഴുതിവയ്ക്കുന്ന പതിവുണ്ട്. തയ്യാർ ചിലർക്ക് ‘തയാർ’ ആണ്. രണ്ടു രൂപവും ശരിയെന്ന് കേരള ഭാഷാനിഘണ്ടുവിൽ കാണുന്നു* പരസ്യബോർഡിൽ ശരി എഴുതിവയ്ക്കണമെന്നുള്ളവർക്ക് അത് സംശയത്തിനു കാരണമാകാം. പരസ്യബോർഡുകൾ ആളുകളെ എളുപ്പം സ്വാധീനിക്കുമല്ലോ! ഭാഷാജ്ഞാനം കുറഞ്ഞവർ പരസ്യവാചകം തയ്യാറാക്കുമ്പോൾ ഇത്തരം എഴുത്തുകൾ ശ്രദ്ധിച്ചെന്നും വരാം. അതുകൊണ്ട് പരസ്യപ്പെടുത്തേണ്ട ഏതൊരു കാര്യവും തെറ്റില്ലാതെ എഴുതിവയ്ക്കാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്.

പേർഷ്യൻഭാഷയിൽനിന്നു കടമെടുത്ത പദമാണ് തയ്യാർ(Tayyar) ഒരുക്കം, സന്നദ്ധം എന്നെല്ലാമാണ് മൂലപദത്തിന്റെ അർത്ഥം.** തയ്യാർ (readiness) എന്ന പദത്തെ തത്സമമായി സ്വീകരിച്ച സ്ഥിതിക്ക് മൂലരൂപത്തിന്റെ ഉച്ചാരണവും അർത്ഥവും അങ്ങനെതന്നെ നിലനിർത്തുന്നതാണ് ഉചിതം. ‘തയാർ’ എന്ന പദം പ്രചരിച്ചുപോയ രൂപഭേദമേ ആകുന്നുള്ളൂ. ‘തെയ്യാർ’ എന്നൊരു ശബ്ദവും ഉള്ളതായി നിഘണ്ടുക്കളിൽ കാണുന്നു. പ്രാദേശികഭാഷണഭേദമാവാം.

ഊൺ - ഊണ്; തയ്യാർ - തയ്യാറ്. രണ്ടു ജോടികളും ശരിയാണ്. “പദാന്തേ വ്യഞ്ജനം വന്നാൽ/ സംവൃതം ചേർത്തു ചൊല്ലുക/ ചില്ലുമാത്രം സംവൃതത്തിൽ സാഹ്യ കൂടാതെയും വരും. (കാരിക 19)*** എന്നാണല്ലോ പ്രമാണവും. തയ്യാറെടുക്കുക (ഒരുങ്ങുക, വട്ടംകൂട്ടുക), തയ്യാറാക്കുക എന്നിവയും യകാരത്തിന്റെ ഇരട്ടിപ്പോടെ വേണം എഴുതാൻ. ‘തയാർ’, തെയ്യാർ’ എന്നീ രൂപഭേദങ്ങൾ പ്രചരിപ്പിക്കാതിരിക്കുന്നതാണ് ഭാഷാ ശുദ്ധിക്കു നല്ലത്.

ഇത്തരം പദങ്ങളുടെ പ്രയോഗശുദ്ധി മനസ്സിലാക്കാൻ കവിവചസ്സുകളെ ആശ്രയിക്കാം.

“തയ്യാറായൂണെന്നൊരുക്തിയാൽ സ്വാഗതം
ചെയ്യാനേ ശീമോൻ മുതിർന്നതുള്ളൂ”**** (മഗ്ദനലനമറിയം) എന്നിങ്ങനെ തയ്യാർ എന്ന പദം ശരിയായി വള്ളത്തോൾ എഴുതിയിട്ടുണ്ട്. ജാത്യാചാരമനുസരിച്ചു യാതൊരു സ്വീകരണമര്യാദയും പ്രദർശിപ്പിക്കാതെ ഊണു തയ്യാറാണെന്നു മാത്രം പറയാൻ മുതിർന്ന ശീമോന്റെ ഔദ്ധത്യത്തെ കവി ഇവിടെ സുസ്പഷ്ടമാക്കിയിരിക്കുന്നു.

*ഗുപ്തൻനായർ, എസ്. (ചീഫ് എഡിറ്റർ), കേരള ഭാഷാ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997, പുറം - 850

** ജോസഫ് പി.എം., മലയാളഭാഷയിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984, പുറം - 301

*** രാജരാജവർമ്മ, കേരളപാണിനീയം, സായാഹ്ന ഫൗണ്ടേഷൻ, തിരുവനന്തപുരം, 1917, പുറം -101

****വള്ളത്തോൾ, നാരായണമേനോൻ, മഗ്ദലനമറിയം, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1997, പുറം - 15






**ഡോ. ജെ. കട്ടയ്ക്കൽ**

# പരമസത്തയായ പരംപൊരുൾ

ഓം പൂർണംഅദഃ പൂർണംഇദം
പൂർണാത് പൂർണത്ഉദച്യതേ/
പൂർണസ്യ പൂർണംആദായ
പൂർണംഏവ-അവശിഷ്യതേ/
ഓംശാന്തിഃ ശാന്തിഃ ശാന്തിഃ/

**വിവർത്തനം**

ഓം! അവിടെ (ദൈവത്തിൽ) സർവതും സംപൂർണം. ഒരർഥത്തിൽ ഈ പ്രപഞ്ചവും സംപൂർണമാണ്. പരമപൂർണതയായ പരംപൊരുളിൽനിന്നാണ്, ഈ ദൃശ്യപ്രപഞ്ചം ഉദ്ഭവിച്ചത്. പ്രപഞ്ചസൃഷ്ടിക്കുശേഷവും, ആ പരംപൊരുൾ (ദൈവം), പരമ-പരിപൂർണനായിരിക്കുന്നു.

ഓം! ശാന്തിഃ ശാന്തിഃ ശാന്തിഃ

**ഹ്രസ്വവ്യാഖ്യാനം**

**ഓം! പൂർണം അദഃ**

സൃഷ്ടി-സ്ഥിതി-സംഹാരകനായ ഏകദൈവത്തെ സൂചിപ്പിക്കാൻ ഹൈന്ദവപണ്ഡിതന്മാർ സാധാരണ ഉപയോഗിക്കുന്ന കൃത്രിമപദം. സംപൂജ്യപദം. OM എന്നും AUM എന്നും എഴുതിക്കാണാറുണ്ട്. ഹീബ്രു-സുറിയാനി-സെമിറ്റിക് ഭാഷകളിലെ Amen, Ameen ശബ്ദവുമായി ശബ്ദ-അർത്ഥ സാമ്യവുമുണ്ട്.

സാവിത്രീമന്ത്രംപോലെയുള്ള സംപൂജ്യപ്രാർത്ഥനകൾ ആരംഭിക്കുന്നതും OM ചേർത്താണ്.

ഓം! പൂർണം അദഃ = അവിടെ, ദൈവത്തിൽ എല്ലാം സംപൂർണതയാണ്. ദൈവം, പരമസത്തയായ പരംപൊരുൾ പരമപൂർണതയാണ്. ക്രമീകൃതമായ ഈ പ്രപഞ്ചവും ഒരർത്ഥത്തിൽ പൂർണമാണെങ്കിൽപ്പോലും (പൂർണം ഇദം), അനന്തപൂർണതയായ ദൈവത്തിൽനിന്നാണ് ഈ പ്രപഞ്ചത്തിന്റെ ഉത്പത്തി. പ്രപഞ്ചസൃഷ്ടിക്കു മുമ്പും പിമ്പും പരംപൊരുളായ ദൈവം പരിപൂർണത തന്നെയായി, അവ്യയനായി സ്ഥിതി ചെയ്യുന്നു = പൂർണം ഏവ അവശിഷ്യതേ.

ശാന്തി - സന്തോഷ - സംദായകനായ ദൈവമേ, അവിടുത്തെ പ്രിയമക്കളായ ഞങ്ങളെ അനുഗ്രഹിക്കണമേ. OM (Amen!)

**കവിത**

**ജോർജുകുട്ടി താവളം**

# പരമാർത്ഥങ്ങൾ

മേനി വെളുത്തു മനോഹരമാകിലും
മാനസമാകെക്കറുത്തിരുണ്ടീടുവോൻ
താനൊരു സുന്ദരനെന്നു നിനയ്ക്കിലും
അന്യർതൻ ദൃഷ്ടിയിലേറെ വിരൂപനാം.

കാഴ്ചയിൽ വൈരൂപ്യമുള്ളവനെങ്കിലും
വീഴ്ച പറ്റാത്ത മനോഗുണമുള്ളവൻ
നല്ലവനെന്നു ജനങ്ങൾ ചൊല്ലീടുകിൽ
തെല്ലും കളവതിലില്ലെന്നു നിശ്ചയം.

സ്നേഹം നടിച്ചടുത്തെത്തിടുന്നോർ ചില-
രാഹന്ത വഞ്ചിച്ചു നഷ്ടങ്ങളേറ്റിടും
മാനസം കാണുവാനാവില്ല കൺകളാൽ
മാനവർക്കെന്നതാം സത്യം മറന്നിടാ.

കണ്ണുകൾ കാണുന്നതൊക്കയുമുണ്മയെ-
ന്നെണ്ണുവാനാവില്ലൊരിക്കലുമെന്നതാം
വിസ്മിതമാകും പരമാർത്ഥമേവരും
വിസ്മരിച്ചീടുന്നറിഞ്ഞിടാതെപ്പൊഴും.

# മുതലാകുന്നുവോ പണവും പലിശയും?





അഡ്വ. എ.റ്റി. തോമസ് വാളനാട്ട്

**പ**ണം എന്ന മലയാളവാക്കിനു പകരമായി ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്നത് MONEY എന്ന വാക്കാണ്. 'More Opportunities Now Exist You' എന്നതു ചുരുക്കിയെഴുതിയപ്പോഴാണ് 'Money' കിട്ടിയത്. പണം കൈയിലുണ്ടെങ്കിൽ താങ്കൾക്കു കൂടുതൽ അവസരങ്ങളുണ്ട്, താങ്കൾക്കു കൂടുതൽ ആവശ്യങ്ങൾ നിറവേറ്റാം, ആഡംബരമായി ജീവിക്കാം, സമ്പന്നനെന്ന മാന്യമായ പദവി അലങ്കരിക്കാം എന്നൊക്കെയാണിതിന്റെ അർത്ഥം. പണം എന്തു ചെയ്യുന്നുവോ, അതാണു പണം (Money is what money does) എന്നൊരു നിർവചനമുണ്ട്. 'പണം കൊടുത്താൽ മാതാപിതാക്കളെ ഒഴിച്ച് മറ്റെന്തു വേണമെങ്കിലും വാങ്ങാൻ കിട്ടുമെന്നും', 'പണത്തിനു മീതെ പരുന്തും പറക്കുകയില്ല' എന്നും 'പണമില്ലാത്തവൻ പിണം' എന്നും മറ്റും സാധാരണ കേൾക്കാറുള്ള പ്രയോഗങ്ങളാണ്. എല്ലാ പ്രശ്നങ്ങൾക്കും കാരണം സാമ്പത്തികവിഷയങ്ങളാണ് എന്നതു മുഴുവനായും ശരിയല്ലെങ്കിലും പൊതുവെ അങ്ങനെ ഒരു ധാരണയുണ്ട്. വിദ്യാഭ്യാസത്തിന്റെ മുമ്പിൽ പണം ഒരു എതിരാളിയേ അല്ല. എങ്കിലും വിദ്യാഭ്യാസവും പണവുമുണ്ടെങ്കിൽ പണത്തിന്റെ ശക്തി അപാരമാണ്.

പണവും പലിശയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. "കടം വാങ്ങുന്ന പണത്തിന് അല്ലെങ്കിൽ നിക്ഷേപത്തിന് ഒരു നിശ്ചിതനിരക്കിൽ ക്രമമായി നൽകുന്ന തുകയാണു പലിശ." മധ്യകാലഘട്ടം വരെ കടത്തിന് (വായ്പകൾക്ക്) പലിശ വാങ്ങുന്നതു പാപമായിട്ടാണു കണക്കാക്കിയിരുന്നത്. നവോത്ഥാനത്തോടെയാണ് ആ കാഴ്ചപ്പാടിനു മാറ്റം വന്നത്. മൂലധനം ഒരു വിലയേറിയ ഉത്പാദനഘടകമായി മാറിയപ്പോൾ പലിശയുടെ പ്രസക്തി വർദ്ധിച്ചു. പലിശ കൊടുത്താൽ മൂലധനം ലഭിക്കുമെന്ന സ്ഥിതി വന്നപ്പോൾ കൈയിൽ കാശില്ലാത്ത പലരും കടം വാങ്ങി ഉത്പാദനപ്രക്രിയയിലേക്കു തിരിയുകയും വളരെ വേഗം സാമ്പത്തികപുരോഗതി കൈവരിക്കുകയും ചെയ്തു. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്തുകൊണ്ട് പണമിടപാടുസ്ഥാപനങ്ങൾ ബാങ്കുകളായി വളർന്ന് രാജ്യത്തിന്റെ സാമ്പത്തികസ്രോതസ്സുകളും സൂക്ഷിപ്പുകാരുമായി മാറി. പണവും പലിശയും ഒരേ ശരീരത്തിന്റെ തലയും വാലുമാണ്. മൂലധനത്തെ കാലാവധികൊണ്ടും പലിശനിരക്കുകൊണ്ടും ഗുണിച്ച് 100 കൊണ്ടു ഹരിച്ചാൽ കിട്ടുന്നതാണ് സാധാരണ പലിശ.

മൂലധനം x കാലാവധി x പലിശനിരക്ക്=പലിശ)

$$(1=\frac{PNR}{100})$$

സാധാരണപലിശ മൂലധനത്തോടു ചേരുമ്പോൾ മൂലധനംതന്നെയായി മാറുകയും പലിശയും കൂടെച്ചേർന്ന മൂലധനത്തിനു പലിശ കണക്കാക്കുമ്പോൾ അതു കൂട്ടുപലിശയായി മാറുകയും ചെയ്യുന്നു.

**പലിശ വാങ്ങുന്നതു പാപമാണോ?**

പണം സമ്പാദിക്കുന്നതും സൂക്ഷിക്കുന്നതും ദുഃഖഹേതുക്കളാണ് എന്നാണ് നീതിസാരം പറയുന്നത്.

"അർത്ഥാനാമാർജ്ജനേ ദുഃഖം
ആർജ്ജിതാനാന്തു രക്ഷണേ
ആയേ ദുഃഖം വ്യയേ ദുഃഖം
അർത്ഥഃ കിം ദുഃഖഭാജനം"

പണം സമ്പാദിക്കണമെങ്കിൽ മിതവ്യയവും സാമ്പത്തിക അച്ചടക്കവും അത്യാവശ്യമാണ്. ആശകളും അഭിലാഷങ്ങളും ത്യജിക്കേണ്ടിവരും. പല ആവശ്യങ്ങളും പിന്നത്തേക്കു മാറ്റിമാറ്റി വയ്ക്കേണ്ടിവരും. 'നേട്ടത്തിൽ പകുതി സൂക്ഷം' എന്നാണു ചൊല്ല്. വീട്ടിലുണ്ടാകുന്ന കോഴിമുട്ടയും പാലും വാഴപ്പഴങ്ങളും സ്വന്തം മക്കൾക്കു കൊടുക്കാതെ വിറ്റു കാശാക്കി സൂക്ഷിച്ച പഴയകാലത്തെ കഥകൾ പറഞ്ഞാൽ പുതിയ തലമുറ വിശ്വസിക്കുകപോലുമില്ല. ഏതായാലും, അങ്ങനെയൊക്കെ പണം സമ്പാദിക്കുന്നതു വേദനാജനകമാണ്. സൂക്ഷിച്ചുവച്ച പണം വേർപിരിയുന്നതും ദുഃഖഹേതുവാണ്. എങ്കിലും ബന്ധുക്കളും പ്രിയപ്പെട്ടവരും അത്യാവശ്യം പറഞ്ഞുചോദിക്കുമ്പോൾ കൊടുക്കാതിരിക്കാൻ വയ്യ. യാതൊരു പണയവും രേഖകളും സാക്ഷികൾപോലുമില്ലാതെയാണു പലപ്പോഴും ഇത്തരം വായ്പകൾ കൊടുക്കുന്നത്. അതേസമയം ബാങ്കിൽനിന്ന് ഒരു ലോൺ കിട്ടണമെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളും ഈടും ജാമ്യക്കാരും വേണം. കാലാവധിപോലും പറയാതെ വാങ്ങിയ പണം തിരിച്ചുചോദിച്ചാൽ രണ്ടും മൂന്നും അവധി പറഞ്ഞ് അല്ലെങ്കിൽ 'ഉപ്പും തവിടു' മായി തിരിച്ചുകൊടുക്കുമ്പോഴേക്കും പണം വാങ്ങിയ സമയത്തുണ്ടായിരുന്ന ലോഹ്യമെല്ലാം നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കും. ബാങ്കിൽ നിക്ഷേപിച്ചിരുന്ന സ്ഥിരം നിക്ഷേപം കാലാവധി പൂർത്തിയാകുന്നതിനുമുമ്പു പിൻവലിച്ചു കൊടുത്തതാണെങ്കിൽ അതിനു പിഴപ്പലിശപോലും ഒടുക്കിയിട്ടുണ്ടാവും. വല്ല പലിശക്കണക്കും പറഞ്ഞുപോയാൽ, 'അവൻ എന്നോടു പലിശ വാങ്ങി' എന്നു നാലാളുകളോടു പറയുകയും ചെയ്യും. കടംകൊടുക്കൂ, ഒരു ശത്രുവിനെ സമ്പാദിക്കൂ എന്ന ചൊല്ല് എത്ര ശരിയാണ്!

വാസ്തവത്തിൽ, അത്രയൊക്കെ മ്ലേച്ഛമാണോ പലിശ? കാരണം, മേല്പറഞ്ഞതുപോലെയൊക്കെ സമ്പാദിച്ച പണം കടമായി വാങ്ങിയ ആൾ ആ പണം കൊണ്ടെന്താണു ചെയ്തത് എന്നന്വേഷിച്ചു നോക്കണം. അയാൾ ഒരു കർഷകനാണെങ്കിൽ വിളവെടുപ്പുകാലത്ത് വില കുറവായതിനാൽ ഉത്പന്നങ്ങൾ വില്ക്കാതെ മഴക്കാലത്ത് വില കൂടുന്നതുവരെ കാത്തിരിക്കും. വിളവെടുപ്പുകാലത്തുള്ളതിന്റെ ഇരട്ടി വില കിട്ടുന്നതുവരെ അയാൾക്കു തന്റെ കുരുമുളകും റബറും ജാതിക്കായും ഗ്രാമ്പുവുമൊക്കെ സൂക്ഷിച്ചുവയ്ക്കാം. അതുവരെ സുഖമായി ജീവിക്കാൻ കടം വാങ്ങിയ പണമുണ്ടല്ലോ. ഓഹരിക്കമ്പോളത്തിൽ നിക്ഷേപിക്കുന്നവർക്ക് ഓഹരിക്കു പരമാവധി വില ലഭിക്കുന്നതുവരെ കാത്തിരിക്കാം. റിയൽ എസ്റ്റേറ്റിലും ഊഹക്കച്ചവടത്തിലുമൊക്കെ പണം നിക്ഷേപിക്കുന്നവരുടെ കഥയും തഥൈവ.

അതേസമയം, നാണയപ്പെരുപ്പംമൂലം പണത്തിന്റെ ക്രയശേഷി നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ടുകൊല്ലംമുമ്പ് ഒരു ചാക്ക് അരി വാങ്ങാൻ കഴിയുമായിരുന്ന തുകകൊണ്ട് ഇന്ന് അരച്ചാക്ക് അരി വാങ്ങാൻ സാധിക്കുകയില്ല. കമ്പോളത്തിലെ ഓരോ വസ്തുവിന്റെയും സ്ഥിതിയിതാണ്. ആ സ്ഥിതിക്ക് ബന്ധത്തിന്റെയും പരിചയത്തിന്റെയുംപേരിൽ കടം കൊടുത്ത പണം 'അതേപടി' തിരിച്ചുകിട്ടുമ്പോൾ കടം കൊടുത്തയാളുടെ നഷ്ടം ഒന്നു കണക്കാക്കേണ്ടതാണ്. "ആറ്റിൽ കളഞ്ഞാലും അളന്നേ കളയാവൂ." പലിശ വാങ്ങാതെ കടം കൊടുക്കുന്നതിനെക്കാൾ നല്ലത്, ദേശസാത്കൃതബാങ്കിലെ ഇല്ലാത്ത നിക്ഷേപങ്ങൾക്കുള്ള പലിശനിരക്കു വച്ചു കണക്കാക്കിക്കിട്ടുന്ന തുക കടം വാങ്ങിയ ആൾക്കു ദാനമായി നൽകിക്കൊണ്ട് താങ്കൾക്ക് ഇത്രയും പണം സൗജന്യമായി നൽകുന്നു എന്നു പറയുന്നതായിരിക്കും. വിശുദ്ധ ബൈബിളിൽ വാങ്ങരുതെന്നു പറയുന്ന പലിശ മുകളിൽ പറഞ്ഞ സാധാരണ പലിശയായിരിക്കാൻ സാധ്യതയില്ല. അതു സ്വകാര്യപണമിടപാടെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ബ്ലേഡ് കമ്പനിക്കാർ വാങ്ങുന്ന പലിശയായിരിക്കാനാണു സാധ്യത. കാരണം, യേശുക്രിസ്തു എന്നും നീതിമാന്റെ പക്ഷത്തായിരുന്നു. മുകളിൽ പറഞ്ഞതിൽ ആരാണു നീതിമാൻ? ഉത്തമർണനോ അതോ അധമർണനോ? ■

## സ്കാർഫ് ഇന്ത്യ മീഡിയ അവാർഡ്



*ചെന്നൈ ആസ്ഥാനമായ സ്കിസോഫ്രീനിയ റിസേർച്ച് ഫൗണ്ടേഷന്റെ (സ്കാർഫ് ഇന്ത്യ) 2021 ലെ ദേശീയ മാധ്യമപുരസ്കാരം സിജോ പൈനാടത്തിന്. മാനസികാരോഗ്യമേഖലയിലുള്ള മികച്ച റിപ്പോർട്ടിങ്ങിനാണ് അംഗീകാരം. ദീപിക കൊച്ചി യൂണിറ്റിലെ സ്റ്റാഫ് റിപ്പോർട്ടറായ സിജോ ദീപനാളത്തിന്റെ ലേഖകസുഹൃത്തുമാണ്.*

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# നീതിമാർഗത്തിൽ ചരിച്ച സ്നേഹതാതൻ



മേഴ്സിക്കുട്ടി എബ്രഹാം

ഏതാണ്ട് അറുപതു വർഷം മുമ്പ് എന്റെ വല്യമ്മച്ചിയോടു ഞാനൊരു സംശയം ചോദിച്ചു: "യൗസേപ്പിതാവിനോടുള്ള ജപം മാത്രം എന്തുകൊണ്ടാണ് 'ഭാഗ്യപ്പെട്ട മാർ യൗസേപ്പ്' എന്നു തുടങ്ങുന്നത്, മറ്റുള്ള വിശുദ്ധരൊന്നും ഭാഗ്യപ്പെട്ടവരല്ലേ?'' വല്യമ്മച്ചി ചിരിച്ചുകൊണ്ടു പറഞ്ഞു: "എടീ, ഈശോയെ കൈകളിൽ എടുക്കുകയും ഈശോയോടും മാതാവിനോടുമൊപ്പം ജീവിക്കുകയും അവരുടെകൂടെ താമസിക്കുമ്പോൾ മരിക്കുകയും ചെയ്ത പിതാവ്. അതുകൊണ്ടായിരിക്കും ഭാഗ്യപ്പെട്ട മാർ യൗസേപ്പ് എന്ന ജപം നമ്മൾ ചൊല്ലുന്നത്.'' രണ്ടാം ക്ലാസുവരെ പഠിച്ച വല്യമ്മച്ചി പറഞ്ഞുതന്നത് ഈ പ്രാർത്ഥന ചൊല്ലുമ്പോളൊക്കെ ഞാൻ അനുസ്മരിക്കുന്നു.

ദാവീദിന്റെ വംശത്തിൽപ്പെട്ട ഉന്നതകുലജാതനായിരുന്നു മാർ യൗസേപ്പ്. തന്റെ തീരുമാനങ്ങളിലും നിഷ്ഠകളിലും ഔന്നത്യം പ്രകടിപ്പിച്ചവൻ. ദൈവം അദ്ദേഹത്തോടു സംസാരിച്ചു. ഫ്രാൻസീസ് പാപ്പാ ഒരിക്കൽ പറയുകയുണ്ടായി: "എനിക്ക് വി. യൗസേപ്പിനോടു വളരെയധികം സ്നേഹമുണ്ട്. കാരണം, അദ്ദേഹം നിശ്ശബ്ദതയുടെയും ധൈര്യത്തിന്റെയും മനുഷ്യനാണ്.'' ജോസഫ് എന്ന നാമത്തിന്റെ അർത്ഥം 'യഹോവ വർദ്ധിപ്പിക്കുന്നു' അഥവാ ദൈവം വളർത്തുന്നു എന്നാണ്. രക്ഷകനെയും മാതാവിനെയും ദൈവം ഭരമേല്പിച്ച വ്യക്തി.

അന്ന - യൊവാക്കീം ദമ്പതികളുടെ മകളായ മേരി മൂന്നാമത്തെ വയസ്സുമുതൽ ദൈവാലയത്തിൽ വളർന്നവളാണ്. ദൈവാലയത്തിൽവച്ചു യഹൂദരുടെ വിശുദ്ധഗ്രന്ഥങ്ങളെല്ലാം മേരി മനഃപാഠമാക്കിയിരുന്നു. പതിന്നാലു വയസ്സു കഴിഞ്ഞാൽ പെൺകുട്ടികൾ ദൈവാലയത്തിൽ താമസിക്കാൻ പാടില്ല. മേരിയുടെ പിതാവും ദാവീദുവംശത്തിൽപ്പെട്ടവനായിരുന്നു. യഹൂദർ സ്വന്തം ഗോത്രത്തിലുള്ളവരെ മാത്രമേ വിവാഹം കഴിച്ചിരുന്നുള്ളൂ. അതുകൊണ്ട്, ദാവീദുവംശത്തിലെ അവിവാഹിതരായ യുവാക്കളെല്ലാം ദൈവാലയത്തിൽ വരണമെന്നും മേരിക്ക് അനുയോജ്യനായ പുരുഷനെ കണ്ടെത്താനാണെന്നും പുരോഹിതൻ അറിയിച്ചു. വന്ന ചെറുപ്പക്കാരുടെ പേരെഴുതിയ ഓരോ ഉണക്കക്കമ്പ് പുരോഹിതൻ ദൈവാലയത്തിൽ സൂക്ഷിച്ചു. ദിവസങ്ങൾ കടന്നുപോയി. ജോസഫിന്റെ പേരെഴുതിയ കമ്പ് പുഷ്പിച്ചു. ഉണക്കക്കമ്പ് പുഷ്പിക്കുന്നയാൾക്ക് മേരിയെ വിവാഹം കഴിച്ചുകൊടുക്കണമെന്ന് പുരോഹിതൻ നിശ്ചയിച്ചിരുന്നു. ഇതൊരു ഐതിഹ്യമാണെങ്കിലും, യൗസേപ്പിതാവിന്റെ ചില ചിത്രങ്ങളിൽ ഈ കമ്പ് കാണുന്നുണ്ട്. കൗമാരക്കാരിയും സുന്ദരിയും ആരോഗ്യവതിയുമായ മേരിയെ വിവാഹം കഴിക്കാനെത്തിയ യൗസേപ്പ് ശോഭനമായ യൗവനത്തിലായിരുന്നു. ബലവാനും ആരോഗ്യവാനും ഊർജസ്വലനുമായ യൗസേപ്പിനു മുപ്പതു വയസ്സിനു താഴെയേ കാണുകയുള്ളൂ. പൂർണമനസ്സോടെ യൗവനസ്നേഹത്തെ നിർമലസ്നേഹമാക്കിയ ദമ്പതികൾ.



യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്നു നാം എന്തെല്ലാം മനസ്സിലാക്കണം? ആധുനികകാലത്ത് ഭാര്യയ്ക്കോ, ഭർത്താവിനോ എന്തെങ്കിലും ദേഷ്യമോ അസുഖമോ വന്നാൽ ഉടനെ വിവാഹമോചനമാണ്. പള്ളിക്കോടതികളിലും സർക്കാർ കോടതികളിലും ഇതിന്റെ തിരക്കാണ്.

ഭാര്യയെ സ്നേഹിക്കുകയും വിശ്വസിക്കുകയും അവളെ ഒരു കാര്യത്തിലും അപഹാസ്യയാക്കാതെ കൂടെക്കൊണ്ടുനടക്കുകയും ചെയ്ത യൗസേപ്പിതാവ് ദമ്പതികളുടെ മധ്യസ്ഥനാണ്. മേരി തന്റെ ഇളയമ്മയെ ശുശ്രൂഷിക്കാൻ പോകുന്നതിനു യൗസേപ്പിതാവിനോട് അനുവാദം ചോദിച്ചപ്പോൾ സ്നേഹത്തോടെ സമ്മതിച്ച വലിയ മനുഷ്യൻ. നമ്മുടെ പെൺമക്കളെ വിവാഹം കഴിച്ചയച്ചാൽ ഒരു മാസം തികച്ച് സ്വന്തം വീട്ടിൽപ്പോയി മാതാപിതാക്കളെ ശുശ്രൂഷിക്കാൻ അനുവാദം നൽകാറുണ്ടോ? ആൺമക്കളെപ്പോലെ പെൺമക്കളെ കാണാനും അവരുടെകൂടെ താമസിക്കാനും, പ്രായമായ മാതാപിതാക്കൾ ആഗ്രഹിക്കും: 'നീ പോയാൽ വീട്ടുകാര്യം ആരു നോക്കും?' എന്നുള്ള ചോദ്യം അവസാനിപ്പിച്ച്, ഞാൻ വീട്ടുകാര്യം നോക്കാം, നീ പോകുകയെന്നു പറയുന്ന ചെറുപ്പക്കാർ ഉണ്ടാകണം.

അദ്ധ്വാനത്തിന്റെ മഹിമ നമ്മൾ മനസ്സിലാക്കണം. തച്ചനായിരുന്നു യൗസേപ്പ്. യേശു മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചു (ലൂക്കാ. 2:51). യൗസേപ്പിതാവിന്റെ ജോലികളിലെല്ലാം സഹകരിച്ചു ജീവിച്ചിരുന്നു. പിതാവിന്റെ ജോലികളെല്ലാം പഠിച്ച്, ദൈവപുത്രൻ 'തച്ചന്റെ മകൻ' എന്നറിയപ്പെട്ടു. ഇന്നത്തെ പിതാക്കന്മാർ തങ്ങളുടെ ബിസിനസിനെയോ ജോലിയെയോപറ്റി മക്കളോടു സംസാരിക്കുകപോലുമില്ല. അമ്മയ്ക്കും മക്കൾക്കും അപ്പനെപ്പറ്റി ഒന്നും അറിയില്ലാത്ത അവസ്ഥ. അപ്പൻ മക്കളെയെല്ലാം തന്റെ കൂടെയിരുത്തി ജോലിയെപ്പറ്റിയും വീടിന്റെ അവസ്ഥയെപ്പറ്റിയുമെല്ലാം പറഞ്ഞുകൊടുക്കണം. അദ്ധ്വാനിക്കാതെ പണം കണ്ടെത്തുന്ന കുത്സിത മാർഗങ്ങളിലേക്ക് മക്കൾ പോകാതെ സൂക്ഷിക്കേണ്ടതും മാതാപിതാക്കളാണ്.

ദുഃഖങ്ങൾ ഉള്ളിലൊതുക്കി ദൈവത്തെ ശ്രവിച്ചവനാണു വിശുദ്ധ യൗസേപ്പ്. ബൈബിളിൽ 'നീതിമാൻ' എന്നു വിളിച്ചത് യൗസേപ്പിതാവിനെയാണ്. ഭാര്യയോടു നീതി പുലർത്തി. അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെട്ടില്ല. ഈശോയുടെ ജനനാവസ്ഥയിൽ ഏറെ ദുഃഖിച്ചു. കാരണം, സത്രത്തിൽ സ്ഥലം കിട്ടിയില്ല; താൻ ധർമം ചെയ്തില്ലായെന്ന കുറ്റബോധം ഉണ്ടായിരിക്കണം. പുത്രനെ കാണാതായപ്പോൾ ഏറെ ദുഃഖിച്ചു. ഒരിക്കലും ഭാര്യയെ മാത്രം കുറ്റപ്പെടുത്തിയില്ല. മക്കൾ എന്തെങ്കിലും തെറ്റു ചെയ്താൽ ഭാര്യയുടെ കുഴപ്പമാണെന്നു പറയുന്ന ഒത്തിരിപ്പേരുണ്ട്.

നന്മരണത്തിന്റെ മദ്ധ്യസ്ഥനായും യൗസേപ്പിതാവിനെ വി. പത്താം പീയൂസ് മാർപാപ്പാ അംഗീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങളും ഭവനങ്ങളും പണിയുമ്പോൾ വി. യൗസേപ്പിന്റെ തിരുസ്വരൂപം വയ്ക്കുന്നത് വളരെ നല്ലതാണ്. പണിയുടെ തടസ്സങ്ങളെല്ലാം മാറിക്കിട്ടും. യൗസേപ്പിതാവിന്റെ മാധ്യസ്ഥ്യത്തിൽ അപേക്ഷിക്കുന്നതെന്തും നമുക്കു ലഭിക്കാതിരിക്കില്ല. കാരണം, തന്റെ ഭൗതിക പിതാവിന്റെ മാധ്യസ്ഥ്യം മകൻ കേൾക്കും. മറിയത്തിന്റെ പ്രാർത്ഥനയും യൗസേപ്പിന്റെ പ്രാർത്ഥനയോടൊപ്പമുണ്ട്.

ഫ്രാൻസീസ് മാർപാപ്പാ പറയുന്നു: ''എന്റെ മുറിയിൽ യൗസേപ്പിതാവിന്റെ ഒരു തിരുസ്വരൂപമുണ്ട്. ഉറങ്ങുമ്പോഴും അദ്ദേഹം തിരുസ്സഭയെ സംരക്ഷിക്കുന്നു. എന്റെ ജീവിതത്തിൽ പ്രയാസങ്ങളും പ്രശ്നങ്ങളുമുണ്ടാകുമ്പോൾ ഒരു പേപ്പറിലെഴുതി ഉറങ്ങുന്ന യൗസേപ്പിന്റെ തിരുസ്വരൂപത്തിന്റെ താഴെ വയ്ക്കും. യൗസേപ്പിതാവ് അതിനെപ്പറ്റി സ്വപ്നം കാണും. ദൈവത്തോട് ആലോചന ചോദിക്കും. ദൈവത്തിന്റെ ശബ്ദം ശ്രവിക്കും. പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും പരിഹാരം എന്റെ മനസ്സിൽ തോന്നിക്കും.'' നമുക്കും മാർപാപ്പായെപ്പോലെ നമ്മുടെ വിഷമതകളെല്ലാം യൗസേപ്പിതാവിനോടു പങ്കുവയ്ക്കാം. യൗസേപ്പിതാവിനോടും മാതാവിനോടും തിരുക്കുമാരനോടുമൊപ്പം നമ്മുടെ ജീവിതവും മുന്നോട്ടു കൊണ്ടുപോകാം.

■



# സമൂഹത്തിലെ പരാന്നഭോജികൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്





**ഏ**ഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ സമൃദ്ധമായി വളരുന്ന ഒരു പരാന്നഭുക്കാണ് ഒത്തിരിയൊത്തിരി ഇനങ്ങളുള്ള ഇത്തിൾക്കണ്ണികൾ. എങ്കിലും, പശ്ചിമഘട്ടങ്ങളിലും വയനാടൻ പ്രദേശങ്ങളിലും മുഖ്യമായും കാണപ്പെടുന്നത് ലൊറാന്തസ് ടോമൻ ടോസസ് എന്ന ഇനങ്ങളാണ്.

ആവാസസസ്യങ്ങളിൽനിന്നു ധാതുലവണങ്ങളും ജീവജലവും ഇത്തിൾ ഇഷ്ടംപോലെ അപഹരിച്ചെടുക്കും. മറ്റു ചെടികൾ മണ്ണിൽനിന്ന് അധ്വാനിച്ചെടുക്കുന്നത് അത്യുന്നതങ്ങളിലിരുന്ന് ഇത്തിൾ ആസ്വദിക്കുന്നെന്നു ചുരുക്കം.

ചുവപ്പ് അഥവാ കറുപ്പുകലർന്ന ചുവപ്പുനിറമുള്ള ഇത്തിൾവിത്തുകൾക്ക് ഒരു പ്രത്യേകതയുണ്ട് - അവയെ പൊതിഞ്ഞ് പശയുള്ള ഒരു ദ്രാവകമുണ്ടാകും. അതുകൊണ്ട്, വളരെ എളുപ്പത്തിൽ പക്ഷികളുടെ ചുണ്ടിലും കാലിലും അവ പറ്റിപ്പിടിച്ചുകൊള്ളും. അങ്ങനെ അടുത്തുള്ള മാവിലും പ്ലാവിലുമൊക്കെ എത്തിച്ചേരുകയും ചെയ്യും. അവയെല്ലാം അവിടെത്തന്നെ മുളച്ചുപൊങ്ങും. വേരുകൾ അസ്സൽ ചൂഷകമൂലങ്ങളാണ്. ആതിഥേയകാണ്ഡങ്ങൾ തുളച്ച് അവ അകത്തുകടക്കും - ആവശ്യംപോലെ വെള്ളവും വളവും വലിച്ചെടുക്കുകയും ചെയ്യും. ധാരാളം ഇലകളുള്ളതിനാൽ സ്വകീയമായ രീതിയിൽ അതു പാകം ചെയ്യാനും ഇത്തിളിനു കഴിയും. ഇത്തിൾ വളരുന്ന മരം ക്രമേണ ഭാഗികമായോ പൂർണമായോ നശിച്ചുപോകുന്നു.

മനുഷ്യസമൂഹത്തിലുമുണ്ട് ഇതുപോലുള്ള ഇത്തിളുകൾ. ഒരു പണിയുമെടുക്കാതെ മറ്റുള്ളവരുടെ വിയർപ്പുകൊണ്ടു മാത്രം ജീവിക്കുന്ന എത്രയോ പേരുണ്ട് നമ്മുടെ ഇടയിൽ! രാവിലെ തടിച്ച ഒരു ഡയറിയും കക്ഷത്തിൽവച്ചുകൊണ്ട് രാഷ്ട്രീയത്തിലേക്ക് ഇറങ്ങിത്തിരിക്കുന്നവന്റെ പേജുകളിൽ കുറെയേറെ കുറിപ്പുകൾ കാണും. പക്ഷേ, അതൊന്നും പൊതുജനസേവനത്തിന്റേതായിരിക്കുകയില്ല - സ്വന്തം കീശയിൽ വീഴാവുന്നവയുടെ കണക്കുകൾ മാത്രമായിരിക്കും. സ്വയം തൊഴിൽ സൃഷ്ടിച്ചുകൊണ്ട് സമൂഹത്തിൽ വളരുന്ന ഇത്തിൾക്കണ്ണികളാണവർ.

ജോലി ചെയ്യാതെ ശമ്പളം വാങ്ങുകയും പ്രയത്നിക്കാതെ പേരു സമ്പാദിക്കുകയും ചെയ്യുന്നവനെ പ്രകൃതിക്കും യുക്തിക്കും ചേരാത്ത പരാന്നജീവിയെന്നാണ് ഫുൾട്ടൻ ഷീൻ വിളിക്കുന്നത്.

ഒരിക്കൽ നാഗ്പൂരിനു പോയ വഴിക്ക് രണ്ടു ഭാര്യമാരുള്ള ഒരുവനെ കണ്ടുമുട്ടി. രണ്ടു ഭാര്യമാരുടെ തലയിലും ഓരോ ചുമട് എടുത്തുകൊടുത്തിട്ട് കയ്യും വീശി ആ അരോഗദൃഢഗാത്രൻ പിന്നാലെ നീങ്ങുന്നു! ചുമടെടുക്കുന്നത് അയാളെ സംബന്ധിച്ചിടത്തോളം അഭിമാനക്കുറവത്രേ - ഭാര്യമാരെക്കൊണ്ടു കഴിയുന്ന ഇത്തിൾക്കണ്ണി.

ഇഞ്ചിയിലും വാഴയിലും കുരുമുളകുവള്ളിയിലുമൊക്കെ ഇത്തിൾക്കണ്ണികൾ വളരുമോ? വളരുമെന്നാണ് ജീവിതം നമ്മെ പഠിപ്പിക്കുക. കൃഷിക്കാരന്റെ ഇഞ്ചി പകുതിവിലയ്ക്കു വാങ്ങി ലാഭമുണ്ടാക്കുന്ന വ്യാപാരി ഇഞ്ചിയേലിത്തിൾക്കണ്ണിയാണ്. അവന്റെ വാഴക്കുല വിലകുറച്ചു വാങ്ങി വഞ്ചന നടത്തുന്നവൻ വാഴേലിത്തിക്കണ്ണിയാണ് - അതുപോലെ കൊടിയേലിത്തിൾക്കണ്ണിയും.

മാല പൊട്ടിച്ചുകൊണ്ടോടുന്നവനെ മോഷ്ടാവ് എന്നല്ലേ നാം വിളിക്കുക. ഒരാളുടെ അനേകനാളത്തെ സമ്പാദ്യമാണ് അയാളിങ്ങനെ ഒറ്റയടിക്കു തട്ടിയെടുക്കുന്നത്. അതുപോലെതന്നെയല്ലേ മറ്റുള്ളവരുടെ അധ്വാനംകൊണ്ടു കഴിയുന്നവനും? ജോലി ചെയ്യാതെ ഭക്ഷിക്കുന്നവനെ മോഷ്ടാവ് എന്നാണ് മഹാത്മാഗാന്ധി വിളിക്കുന്നത്.

പാവപ്പെട്ട കൃഷിക്കാരനെ വഞ്ചിച്ച് അമിതലാഭമുണ്ടാക്കുന്ന വ്യാപാരി മോഷ്ടാവാണ്; എങ്ങനെയെങ്കിലും നല്ലൊരു വെള്ളക്കോളർ ജോലി സമ്പാദിച്ച്, പണി ഒന്നും ചെയ്യാതെ കൂലി വാങ്ങുന്നവൻ മോഷ്ടാവാണ്; അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥൻ മോഷ്ടാവാണ്.

ബാങ്കുകളിൽനിന്നും മറ്റുമുള്ള കടം കേറി മൂടി തിരിച്ചടയ്ക്കാൻ ഗത്യന്തരമില്ലാതെ വരുമ്പോഴാണ് പല കർഷകരും ജീവിതമവസാനിപ്പിക്കുക. അതേസമയം അവർക്കു കടംകൊടുക്കുന്ന ബിസിനസ്സിലേർപ്പെട്ടിരിക്കുന്നവർ എത്രയോ ഉന്നതമായ ശമ്പളം പറ്റുന്നവരാണ്! എവിടെനിന്നാണ് അവരുടെ മൂലധനം? സമൂഹത്തിന്റെ മുഴുവൻ കേവുഭാരവും താങ്ങിനില്ക്കുന്ന സാധാരണ കൃഷിക്കാരനിൽനിന്ന്. ഒരു നിവൃത്തിയുമില്ലാത്ത പാവപ്പെട്ടവൻ തനിക്കുള്ളതു മുഴുവൻ ഈടുവച്ചു പണം കടമെടുക്കുന്നു. തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ അവന്റെ സ്വർണമത്രയും 'പിടിയാവിലയ്ക്കു' ലേലം ചെയ്തുപോകുന്നു. അങ്ങനെ മുതലും പലിശയും ലാഭവും ബാങ്കിലെത്തുന്നു.

പ്രതിമാസശമ്പളക്കാർ ഓരോ പ്രാവശ്യവും ആസൂത്രിതമായി സമരം ചെയ്തു വിജയം വരിക്കുന്നു! ആ സംഘടിതവിഭാഗത്തിനു ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കാൻ, കൂട്ടത്തിൽ കിമ്പളത്തിനും കൂടെ തരമൊരുക്കാൻ അധികാരത്തിലേറുന്ന ഓരോ ഭരണകൂടവും അഹമഹമികയാ മുമ്പോട്ടുവരും. കാരണം, സമൂഹത്തിന്റെ താക്കോൽധാരികളായവരെ താങ്ങിയില്ലെങ്കിൽ നിലനില്പില്ല! അതേസമയം താഴേക്കിടയിൽ കിടന്നുപിടയുന്ന അസംഘടിതരെ ആർക്കുവേണം? അവന്റെ ഉത്പന്നങ്ങൾക്കു യഥാർത്ഥ വില വാങ്ങിക്കൊടുക്കാൻ, അവനെ സമുദ്ധരിക്കുവാൻ ആർക്കും സമയമില്ല. അവനെയും അവന്റെ കുഞ്ഞുങ്ങളെയും ഗ്രസിച്ചുനില്ക്കുന്നത് ഇത്തിൾക്കണ്ണികളാണ്. അവന്റെ തോളത്തു ചവിട്ടിനില്ക്കുന്നതുകൊണ്ടാണ് അനേകർ ഉയർന്നുകാണപ്പെടുക.

ഇത്തിൾ വളർന്നുനില്ക്കുന്ന മരത്തെ ശ്രദ്ധിച്ചിട്ടുണ്ടോ? എത്രയോ നിസ്സഹായമാണ് അതിന്റെ സ്ഥിതി! ചേറിലും ചെളിയിലും അഹോരാത്രം പണിയെടുത്തു സമ്പാദിച്ചത്രയും ഇലകളിലെത്തുന്നതിനുമുമ്പേ വേറൊരു ചെടി വലിച്ചെടുക്കുക! പക്ഷേ, അതിന്റെ 'പിടി വിടു'വിക്കാൻ മരത്തിനാവുകയില്ല. മരത്തിന്റെ ജീവരക്തംതന്നെയാണ് ഇത്തിൾ ഊറ്റിക്കുടിക്കുന്നത്. എങ്കിലും, സഹിക്കുകയേ നിവൃത്തിയുള്ളൂ. ക്രമേണ മരം മുരടിക്കുന്നു, മഞ്ഞച്ചുപോകുന്നു, മരിക്കുന്നു... പക്ഷേ, അതൊന്നും ഇത്തിൾക്കണ്ണിക്കു പ്രശ്നമല്ല. അതിനു ജീവിക്കണം, മരം മരിക്കുവോളം. അതു സംഭവിക്കുമ്പോഴേക്കും ഇത്തിളിന്റെ വിത്തുകൾ ഇലക്കൊഴുപ്പുള്ള അടുത്ത മരങ്ങളിലെത്തിയിട്ടുണ്ടാകും.

ആത്മഹത്യകൾ പെരുകുന്ന നാടായി വയനാട്. പ്രതിസന്ധികളിൽനിന്നു കരകയറാൻ കഴിയാതെ മുങ്ങിത്താഴുകയാണ് പലരും. അവരെ പിടിച്ചു കയറ്റുവാൻ ആരുമില്ല. അവരുടെ നാമം വിളിച്ചുപറഞ്ഞാണ് ഓരോ പ്രാവശ്യവും ജനപ്രതിനിധിമാർ വിജയിച്ചുപോകുന്നത്. എന്നിട്ട്, അവരെന്തു ചെയ്യുന്നു? മുമ്പു പോയവർ ചെയ്തതുപോലെയൊക്കെത്തന്നെ! ആത്മഹത്യ ചെയ്യുന്നവർക്ക് ഇത്തവണ സർക്കാർ ഒരു പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട് - അമ്പതിനായിരം രൂപ. പക്ഷേ, അതു കുടുംബത്തിലെത്തണമെങ്കിൽ പലരെയും 'വേണ്ടതുപോലെ' കാണേണ്ടിവരും!

"അവശന്മാർ ആർത്തന്മാർ
ആലംബഹീനന്മാർ
അവരുടെ സങ്കടമാരറിയാൻ!"

---




മാത്യൂസ് ആർപ്പൂക്കര

## തത്ത

**വി**വിധ നിറങ്ങളിൽ കാണാറുണ്ടെങ്കിലും ഇന്ത്യയിൽ, പ്രത്യേകിച്ചു കേരളത്തിൽ, കാണുന്ന തത്തകൾക്ക് ഇളംപുൽനാമ്പിന്റെ പച്ചനിറമാണ്. അർദ്ധവൃത്തത്തോളം വളഞ്ഞ ഇതിന്റെ ചുണ്ടുകൾക്കു രക്തനിറമാണ്. ഇവ പ്രധാനമായും സസ്യഭുക്കുകളാണ്. മുന്നൂറോളം സ്പീഷിസുകളുണ്ട്. ചില സ്പീഷിസുകൾക്കു മനുഷ്യശബ്ദവും മറ്റു ശബ്ദങ്ങളും അനുകരിക്കാനുള്ള കഴിവുണ്ട്. പരമാവധി 40 സെ.മീ. നീളം. പക്ഷികളുടെ ലോകത്ത് ബുദ്ധിയുണ്ടെന്നു കരുതപ്പെടുന്നവരാണ് തത്തയും കാക്കയും. അരിസോണ യൂണിവേഴ്സിറ്റിയിൽ പത്തുവർഷത്തോളം നീണ്ട ഒരു പഠനം തത്തയുടെ ബുദ്ധിശക്തിയെ തെളിയിച്ചു. തത്തയ്ക്കു മനുഷ്യന്റെ ഭാഷ അനുകരിക്കാൻ മാത്രമല്ല, അതു മനസ്സിലാക്കി നന്നായി പ്രതികരിക്കാനും സാധിക്കുമത്രേ.


തത്തയുടെ കുടുംബം: പ്സിറ്റാസിഡേ (Psittacidae) ശാസ്ത്രനാമം: പ്സിറ്റാക്കുലാ ക്രമേറി (Psittacula Krameri)

നമ്മുടെ നാട്ടിൽ യഥേഷ്ടം കാണുന്ന മോതിരത്തത്ത അല്ലെങ്കിൽ നാട്ടുതത്ത ചുവന്ന ചുണ്ടും കഴുത്തിൽ ചുവന്ന മോതിരവളയവുമുള്ള തത്തതന്നെ. നമ്മുടെ നെൽവയലുകളിലും പച്ചക്കറിത്തൊടികളിലും ഇവയെ കാണാം. വാൽഭാഗത്തു ചെറിയ നീലനിറം കണ്ടെന്നു വരും. ആൺകിളികളുടെ ചുണ്ടിനു താഴെ കറുപ്പുനിറമുണ്ടാകും.

പച്ചയും മഞ്ഞയും കലർന്ന നിറമുള്ള കൊച്ചുതത്തയാണ് പൂന്തത്ത (Plum - headed Parakeet). നാട്ടിൻപുറത്തെ വയലുകളിലാണിവയെ കാണുക. ഇളം നീലനിറമുള്ള വാലിന്റെയറ്റം വെളുത്തിട്ടാണ്. മേൽച്ചുണ്ടിനു മഞ്ഞയും ചുണ്ടിനു താഴെ കറുപ്പുനിറവും. ഈ കറുപ്പിനോട് ചേർന്നു കഴുത്തിനു ചുറ്റും ഇരുണ്ട വളയവും ദൃശ്യമാണ്. പെൺപക്ഷിയുടെ തലയ്ക്കു ചാരനിറമാണ്. ഇതിന്റെ ചുണ്ടിനു താഴെ കറുപ്പുനിറം കാണില്ല. ആൺപക്ഷിയുടെ തല കണ്ടാൽ പച്ചനിറമുള്ള ശരീരത്തിനു മുകളിൽ ഒരു പ്ലംപഴം വച്ചപോലെ തോന്നിക്കും. പൂന്തത്തയുടെ ശാസ്ത്രനാമം: Psittacula cyanocephala എന്നാണ്.

### നിലംതത്ത അഥവാ നീലത്തത്ത

കേരളത്തിലെ കാടുകളിൽ, പ്രത്യേകിച്ച് പശ്ചിമഘട്ടത്തിൽ കാണുന്ന പക്ഷിയാണ് നീലത്തത്ത. പച്ച കലർന്ന നീലനിറമുള്ള ഇവയെ പെട്ടെന്നു തിരിച്ചറിയാനാവും. ആൺപക്ഷിക്കു കഴുത്തിൽ കറുത്ത വളയവും നീല കലർന്ന പച്ചവളയവും കാണാം. എന്നാൽ, പെൺപക്ഷിക്കു കറുപ്പുവളയം മാത്രമേയുള്ളൂ. കൊക്കിന്റെ മുകൾഭാഗം ചുവപ്പും കീഴ്ഭാഗം കറുത്തതുമാണ്. ഇവ കാടുകളിൽ കൂട്ടമായാണു കാണപ്പെടുക. മറ്റു തത്തകളെപ്പോലെ അനുകരണശേഷി ഇവയ്ക്കില്ല. സ്വന്തമായി കൂടുകൂട്ടാറില്ല. ഉയർന്ന മരപ്പൊത്തുകളോ മറ്റിടങ്ങളോ അതിക്രമിച്ചുകയറി മുട്ടയിടുന്നു. അപൂർവമായി പാറയിടുക്കുകളിലും കൂടൊരുക്കിക്കാണുന്നു.



### തത്തച്ചിന്നൻ

തത്തച്ചിന്നൻ എന്ന പേരിലറിയപ്പെടുന്ന ഒരിനം തത്തയുണ്ട് (Vernal hanging Parrot). ഇതിന്റെ പുറവും വാലിന്റെ മുകളറ്റവും കൊക്കും കാലുമൊക്കെ ചുവപ്പുനിറമാണ്. ആൺപക്ഷികളുടെ തൊണ്ടയിൽ നീലനിറത്തിലൊരു പാടു കാണാം. ഉയർന്ന മരങ്ങളിൽത്തന്നെ വാസം. കാട്ടിലും നാട്ടിലുമൊക്കെ കാണാനാവും.

Loriculus vernalis എന്നാണ് തത്തച്ചിന്നന്റെ ശാസ്ത്രനാമം. സ്വന്തമായി കൂടൊരുക്കാത്ത ഇവ മരംകൊത്തിയുണ്ടാക്കി ഉപേക്ഷിച്ചുപോയ മരപ്പൊത്തുകളിലാണ് സാധാരണഗതിയിൽ മുട്ടയിടുക. നീണ്ടുരുണ്ട മുട്ടകൾ ഇണപ്പക്ഷികൾ മാറിമാറി അടയിരുന്നു വിരിയിക്കുന്നു. കുഞ്ഞുങ്ങളെ തീറ്റികൊടുത്തു പരിപാലിക്കുന്നതിൽ രണ്ടു പക്ഷികളും ശ്രദ്ധാലുക്കളാണ്.

# പുരോഹിതൻ മറ്റൊരു മിശിഹാ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യ ചിന്തകളുടെ ഒരു അവലോകനം***

V

**പു**രോഹിതൻ ആരെന്നറിയാൻ സഭയുടെ സജീവമായ പാരമ്പര്യം പരിശോധിക്കുകയാണു വേണ്ടത്. ഈശോമിശിഹായിൽ ആരംഭിച്ച് ഇന്നുവരെ ഇടമുറിയാതെ നല്കപ്പെടുന്ന പ്രബോധനങ്ങളാണു പൗരോഹിത്യത്തെക്കുറിച്ച് സഭയുടെ ഉൾക്കാഴ്ച പ്രകടമാക്കുന്നത്. ഈ നീണ്ട ചരിത്രത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഒരു നാഴികക്കല്ലാണ്. സൂനഹദോസിനെത്തുടർന്ന് മെത്രാന്മാരുടെ മൂന്നു സിനഡുകൾ അല്മായവിശ്വാസികളുടെ ദൗത്യം (1988), വൈദികപരിശീലനം ആധുനിക കാലഘട്ടത്തിൽ (1992), സമർപ്പിതജീവിതം (1996) എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. മൂന്നു സിനഡനന്തര അപ്പസ്തോലിക പ്രബോധനങ്ങൾ ജോൺപോൾ രണ്ടാമൻപാപ്പാ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൽ പൗരോഹിത്യത്തെ സംബന്ധിക്കുന്ന സമഗ്രമായ പഠനം നല്കുന്ന അപ്പസ്തോലിക പ്രബോധനമാണ് Pastores dabo vobis (നിങ്ങൾക്ക് ഞാൻ ഇടയന്മാരെ നല്കും). അതിലെ രണ്ടാമത്തെ അധ്യായം 14 മുതൽ 16 വരെ ഖണ്ഡികകൾ കർദിനാൾ സറായുടെ 'എന്നന്നേക്കും' എന്ന ഗ്രന്ഥത്തിൽ പൂർണമായി ഉദ്ധരിക്കുകയും തുടർന്ന് അതിന്മേൽ തന്റെ ധ്യാനചിന്തകൾ പങ്കുവയ്ക്കുകയും ചെയ്യുന്നു.

**വി. ജോൺപോൾ രണ്ടാമൻ പുതിയ ഉടമ്പടിയിലെ പൗരോഹിത്യത്തെ സംബന്ധിച്ച്**

തന്റെ ഈലോകജീവിതകാലത്ത് ഈശോമിശിഹാ പുതിയ ഉടമ്പടിയിൽ സമാരംഭിച്ച സാർവത്രികപൗരോഹിത്യത്തിന്റെ ശുശ്രൂഷകരായി പ്രത്യേക അധികാരങ്ങളോടെ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. "തന്നോടുകൂടി ആയിരിക്കാനും പ്രസംഗിക്കുന്നതിന് അയയ്ക്കാനും രോഗികളെ സുഖപ്പെടുത്തുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനും അധികാരം നല്കാനുംവേണ്ടി അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു" (മർക്കോസ് 3: 14, 15). മിശിഹാ തന്റെ കുരിശുമരണത്തിനും ഉത്ഥാനത്തിനും ശേഷം പത്രോസിന്റെ നേതൃത്വത്തിലുള്ള പന്ത്രണ്ടു പേർക്കും രക്ഷാദൗത്യം ലോകമെങ്ങും അറിയിക്കാനുള്ള കല്പന നല്കി:

"ഈശോ അവരെ സമീപിച്ച് അരുൾ ചെയ്തു: സ്വർഗത്തിലും ഭൂമിയിലും സർവധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസ നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം പാലിക്കാൻ അവരെ പഠിപ്പിക്കുവിൻ. ഇതാ, ലോകാവസാനം വരെ ഞാൻ നിങ്ങളോടുകൂടെയുണ്ട്(വി. മത്താ. 28:18–20).

പിതാവ് ഈശോയെ ഭരമേല്പിച്ച ദൗത്യംതന്നെയാണ് അവിടുന്ന് ശ്ലീഹന്മാർക്കു കൈമാറുന്നത്: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20: 21).

ശ്ലീഹന്മാർ കാലാന്തരത്തിൽ മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും കൈവയ്പ്പുശുശ്രൂഷവഴി ഈ ദൗത്യം നിറവേറ്റുന്നതിനായി നിയോഗിച്ചു. പരിശുദ്ധാത്മാവ് അവരുടെമേൽ ആവസിക്കുകയും ഈ ദൗത്യനിർവഹണം സാധ്യമാക്കുകയും ചെയ്യും. വിശുദ്ധ പത്രോസ്ശ്ലീഹാതന്നെ തന്റെ ലേഖനത്തിൽ ഇപ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് ഉപദേശങ്ങൾ നല്കുന്നുണ്ട് (1 പത്രോ. 5: 1–4).

"സഭയിലും സഭയ്ക്കായും പുരോഹിതന്മാർ സഭയുടെ ശിരസ്സും ഇടയനുമായ ഈശോമിശിഹായെ കൗദാശികായി പ്രതിനിധാനം ചെയ്യുന്നു." ദിവ്യ കൂദാശകൾ പരികർമം ചെയ്യുന്നതിലൂടെ മിശിഹായുടെ ദൗത്യം തുടരുകയും ചെയ്യുന്നു. റോമൻ റീത്തിൽ പെസഹാവ്യാഴാഴ്ചയിലെ വി. കുർബാനയിലെ പ്രാർത്ഥനയിൽ ചൊല്ലുന്നു: "പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ തന്റെ ഏകജാതനെ നവീനവും സനാതനവുമായ ഉടമ്പടിയുടെ പുരോഹിതനായി സ്ഥാപിച്ച ദൈവമേ, ഈ പൗരോഹിത്യം സഭയിൽ സദാ സജീവമായി നിലനില്ക്കാൻ അങ്ങ് തിരുമനസ്സായി."

വൈദികൻ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേർന്ന് സഭയുടെയും സഭയുടെ തലവനായ മിശിഹായുടെയും ശുശ്രൂഷകരായിത്തീരുന്നു.

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമന്റെ ഈ പ്രബോധനങ്ങളെ ആസ്പദമാക്കി കർദിനാൾ സറാ നല്കുന്ന വിചിന്തനങ്ങൾ താഴെ വിവരിക്കുന്നു:

**മിശിഹായെ ധരിക്കുന്നു**

തിരുപ്പട്ടസ്വീകരണംവഴി പുരോഹിതൻ തന്നെത്തന്നെ മുഴുവനായും മിശിഹായുടെ തിരുവിഷ്ടത്തിനു സമർപ്പിക്കുന്നു. ആരാധനക്രമശുശ്രൂഷകൾക്കായി തിരുവസ്ത്രങ്ങളണിയുന്നത് മിശിഹായെ ധരിക്കുന്നതിനെയാണു സൂചിപ്പിക്കുന്നത്. ഓരോ വസ്ത്രം അണിയുമ്പോഴും അതിന്റേതായ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. പൗരോഹിത്യം എന്താണ് അർത്ഥമാക്കുന്നത് എന്നതിന്റെ സൂചനകളാണ് ഈ തിരുവസ്ത്രങ്ങൾ. കർദിനാൾ സറാ പറയുന്നു: "ഒരു ഉറാറ മാത്രം ധരിച്ചുകൊണ്ട് ഈ മഹനീയമായ ദിവ്യരഹസ്യങ്ങൾ അർപ്പിക്കുന്നത് തീർച്ചയായും അപര്യാപ്തവും സങ്കടകരവുമാണ്. ഓരോ വിശുദ്ധകുർബാനയും ആഘോഷപൂർവമാണ് അർപ്പിക്കേണ്ടത്. അതാണു പുരോഹിതന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തി.



**പരിശുദ്ധാത്മാവിന്റെ വാസസ്ഥലം**

2019 മേയ്മാസം നാലാം തീയതി മെക്സിക്കോയിലെ ഗൗദെലുപ്പോയിൽവച്ചു വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ട ഒരു വീട്ടമ്മയാണ് 'കൊൺചിത്ത' എന്നറിയപ്പെട്ടിരുന്ന മരിയ കൊൺചെപ്സിയോൺ. അവർക്കു ലഭിച്ചിരുന്ന വ്യക്തിപരമായ വെളിപാടുകളിൽ ഈശോ പറഞ്ഞത് വൈദികരെ തന്റെ സ്വന്തമായിട്ടാണ് ഈശോ കരുതുന്നത് എന്നാണ്. ഈശോയുടെ സ്വന്തമായിരിക്കണമെങ്കിൽ പരിശുദ്ധാത്മാവ് പുരോഹിതന്റെ ഹൃദയത്തിൽ വസിക്കണം.

ദൈവസ്നേഹാഗ്നിയാൽ പുരോഹിതന്റെ ഹൃദയത്തെ ജ്വലിപ്പിക്കാൻ പരിശുദ്ധാത്മാവിനേ സാധിക്കൂ.

സഭയുടെ ശത്രുക്കളെ ജയിക്കാൻ മിശിഹായിൽ രൂപാന്തരീകരണം പ്രാപിച്ച വൈദികരുടെ ഒരു സൈന്യംതന്നെ ആവശ്യമാണെന്നു വാഴ്ത്തപ്പെട്ട മരിയ കൊൺചെപ്സിയോൺ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ദൈവനിയോഗത്തിനായിട്ടാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് എന്നത് എത്രയോ സന്തോഷകരമായ കാര്യമാണെന്നാണു കർദിനാൾ സറാ നിരീക്ഷിക്കുന്നത്. അതിന് ആവശ്യമായ പ്രസാദവരം അവിടുന്നു നല്കുമെന്നതാണ് ആശ്വാസകരമായ കാര്യം എന്നും അദ്ദേഹം എഴുതുന്നു.

**മറ്റൊരു ക്രിസ്തു**

മെത്രാന്മാരും അവരുടെ സഹായികളായ വൈദികരും മിശിഹായുടെ നാമത്തിൽ കൂദാശകൾ പരികർമം ചെയ്യുന്നു. അതുകൊണ്ട് അവരെ മറ്റൊരു ക്രിസ്തു അല്ലെങ്കിൽ ക്രിസ്തുതന്നെ എന്നു പറയാറുണ്ട്. ഈ പ്രയോഗങ്ങൾ തെറ്റിദ്ധരിക്കുവാൻ ഇടയാവരുത്. തിരുപ്പട്ടം എന്ന കൂദാശയിലൂടെ ലഭിക്കുന്ന കൗദാശികമുദ്രയാണ് ഈ മാറ്റം സാധ്യമാക്കുന്നത്.

കർദിനാൾ സറാ ഒരു ഉദാഹരണം നല്കുന്നുണ്ട്. വൈദികൻ ഒരു രോഗിയെ സന്ദർശിക്കുമ്പോൾ നിത്യപുരോഹിതനായ മിശിഹാതന്നെയാണ് അവിടെ സന്നിഹിതനാകുന്നത്. രോഗിയെ ശുശ്രൂഷിക്കുന്നതിനു വൈദികനെക്കാൾ മറ്റുള്ളവർക്കാണു കഴിവുള്ളതെങ്കിലും പുരോഹിതനാണു രോഗീലേപനവും വിശുദ്ധകുർബാനയും നല്കുന്നത്. അങ്ങനെ പുരോഹിതൻ മിശിഹായുടെ ഒരു ഉപകരണമായി മാറുന്നു. കുമ്പസാരരഹസ്യം പാലിക്കുന്നതും ഇക്കാരണത്താലാണ്. വൈദികനോട് ഏറ്റുപറയുന്ന പാപം മിശിഹായോടാണു പറഞ്ഞത്. അത് മറ്റാരും അറിയരുത്.

പാരീസിലെ കർദിനാളായിരുന്ന ഴാൻമരീ ലുസ്തിഷെ വൈദികരോടു പറയുമായിരുന്നു: "നമ്മൾ മിശിഹായാണെന്നു പറയാൻ ധൈര്യമുള്ളവരായിരിക്കണം." അതാണു പുരോഹിതന്റെ അനന്യസ്വത്വം. ■



*പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഉദ്ഘാടനം പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ നിർവഹിക്കുന്നു. മാണി സി.കാപ്പൻ എംഎൽഎ, രൂപത കോർപറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, മാനേജർ ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ തുടങ്ങിയവർ സമീപം.*



നോവൽ 5

# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

നീലകണ്ഠൻ മരുതുകുളങ്ങരഭവനത്തിന്റെ ഭരണകാര്യങ്ങൾ ഏറ്റെടുത്തു. സ്വന്തക്കാരുടെയും ബന്ധുജനങ്ങളുടെയും ഇളക്കമില്ലാത്ത തീരുമാനമായിരുന്നത്. തറവാട് ക്ഷയിച്ചുകൂടാ. ക്ഷേത്രാചാരങ്ങൾക്കു വിഘ്നം സംഭവിച്ചുകൂടാ.

തറവാട്ടുഭരണത്തിൽ കാരണവർക്കു പകരം വയ്ക്കാൻ മറ്റാരെയും മരുതുകുളങ്ങരത്തറവാട്ടുകാർ കണ്ടില്ല, നീലകണ്ഠനെയല്ലാതെ.

നീലകണ്ഠൻ എതിർപ്പു പറഞ്ഞില്ല. വൈമുഖ്യം കാട്ടിയില്ല.

സംഭവിക്കുന്നതൊക്കെയും നല്ലതിന്. സംഭവിക്കാനിരിക്കുന്നതും നല്ലതിന്.

നീലകണ്ഠന് ദിവസങ്ങൾക്കു ദൈർഘ്യം പോരാതെയായി.

എങ്കിലും ഏഴരവെളുപ്പിനുള്ള ക്ഷേത്രദർശനവും പ്രഭാതസവാരിയും ആയുധപരിശീലനവുമൊന്നും മുടങ്ങിയില്ല. അതൊക്കെ മുറതെറ്റാതെ അനുവർത്തിച്ചുപോന്നു നീലകണ്ഠൻ. മരുതുകുളങ്ങരയിലെ ക്ഷേത്രകാര്യങ്ങളിലും കൃഷികാര്യങ്ങളിലും ജാഗ്രതയോടെ ഇടപെട്ടു.

തറവാടിനു മുകളിൽനിന്നു കാർമേഘനിഴലുകൾ നീങ്ങിപ്പോയി. തെങ്ങിൻതോപ്പുകളും വയലേലകളും കന്നുകാലിപ്പുരകളും വീണ്ടും സമൃദ്ധി കൈക്കൊണ്ടു.

അത് നട്ടാലത്തിന്റെയും മരുതുകുളങ്ങരത്തറവാടിന്റെയും പുഷ്പകാലമായിരുന്നു. ആ വസന്തകാലത്തായിരുന്നു മരുതുകുളങ്ങരത്തറവാടിന്റെ മുറ്റത്തിനു കിഴക്കുനിന്നിരുന്ന ചന്ദനമരം പൂത്തത്. ഒരു പൂക്കാലംകൂടി വരവായി.

ആരെയും നീലകണ്ഠൻ ചെറുതായി കണ്ടില്ല. തറവാടിന്റെ പടിപ്പുരവാതിൽ നട്ടാലത്തുകാർക്കായി സദാ തുറന്നു കിടന്നു. അയിത്തസമ്പ്രദായം മരുതുകുളങ്ങരഭവനത്തിന്റെ പടിപ്പുരയിൽനിന്ന് വിളിപ്പാടകലെ നിന്നു. ആർക്കും എപ്പോൾ വേണമെങ്കിലും കടന്നുവരാം. എന്തു സഹായവുമഭ്യർത്ഥിക്കാം.

മരുതുകുളങ്ങരത്തറവാടിന്റെ പത്തായപ്പുരയും ഊരുപെട്ടിയും തഴുതിട്ടു പൂട്ടപ്പെട്ടില്ല. അതു മരുതുകുളങ്ങരയ്ക്കു മാത്രമായിട്ടുള്ളതായിരുന്നില്ല. നട്ടാലത്തിനു വേണ്ടിക്കൂടിയുള്ളതായിരുന്നു.

നാട്ടുകാർ നീലകണ്ഠനെ ദീനന്ദയാലു എന്നു വിളിച്ചു. ധർമതത്പരനായ വ്യക്തിയായിരുന്നു നീലകണ്ഠൻ.

അങ്ങനെയിരിക്കെയാണ് ഒരു നാൾ പത്മനാഭപുരം കൊട്ടാരത്തിൽനിന്ന് ദൂതൻ ഒരു കുറിമാനവുമായി നീലകണ്ഠനെ തേടി മരുതുകുളങ്ങരയിലെത്തിയത്. ദൂതൻ മുഖേനയെത്തിയ രാജമുദ്രപതിച്ച ഓലക്കുറിമാനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു:

“കാലവിളംബം കൂടാതെ മഹാരാജാവിനെ മുഖം കാണിക്കുക.”

കാരണമെന്തെന്നു രാജദൂതൻ പറഞ്ഞില്ല. അതയാളുടെ ദൗത്യമല്ല. രാജാവിനെ മുഖം കാണിക്കാനാവശ്യപ്പെട്ടതെന്തിനെന്ന് നീലകണ്ഠനും നിശ്ചയം കിട്ടിയില്ല.

മരുതുകുളങ്ങരത്തറവാട്ടിൽ മഹാരാജാവിന്റെ കുറിമാനം നേരിയ ഭയം വിതറി. രക്ഷിക്കാനും ശിക്ഷിക്കാനും അധികാരമുണ്ട് മഹാരാജാവിന്. പോരാത്തതിനു ക്ഷിപ്രകോപിയും.

രാജകോപമുണ്ടാകാനുള്ള പ്രവൃത്തികളൊന്നും നീലകണ്ഠനിൽനിന്നുണ്ടാകാൻ ഒരു വഴിയുമില്ല.

പക്ഷേ, ആവിധ ഭയമൊന്നും നീലകണ്ഠനെ മഥിച്ചില്ല. അദ്ദേഹം മഹാരാജാവിനെ മുഖം കാണിക്കാൻ പുറപ്പെട്ടു. സന്തത സഹചാരിയായിരുന്ന കുമരനെപ്പോലും ഒപ്പം കൂട്ടിയില്ല നീലകണ്ഠൻ.

കുളച്ചൽ യുദ്ധം നടന്നിട്ട് അധികമായിരുന്നില്ല. തിരുവിതാംകൂർസൈന്യവുമായി ഏറ്റുമുട്ടിയപ്പോൾ ഡച്ചുകാർക്കുണ്ടായ പരാജയം അവരുടെ സാമ്രാജ്യത്വമോഹത്തിനു വല്ലാത്ത ആഘാതമേല്പിച്ചിരുന്നു. കുളച്ചൽവിജയത്തിനുശേഷമുണ്ടായ പടനീക്കങ്ങളിൽ മാർത്താണ്ഡവർമയ്ക്കു കാര്യമായ വിഘാതങ്ങളൊന്നും സൃഷ്ടിക്കാൻ ആർക്കും കഴിഞ്ഞതില്ല.

പക്ഷേ, കൊല്ലം കേന്ദ്രമാക്കി ഒരിക്കൽക്കൂടി മാർത്താണ്ഡവർമയെ നേരിടാൻതന്നെ ഡച്ചുകാർ തീരുമാനിച്ചു. മാർത്താണ്ഡവർമയുടെ അപ്രമാദിത്വം തങ്ങളുടെ കച്ചവടതാത്പര്യങ്ങൾക്കു വിഘാതമാകുമെന്നു ഡച്ചുകാർ ഭയന്നിരുന്നു.

ഡച്ചുകാരുടെ നീക്കം മണത്തറിഞ്ഞ മാർത്താണ്ഡവർമ കൊല്ലത്തെ ഡച്ചുകോട്ട ആക്രമിച്ചു. ആ യുദ്ധത്തിൽ തിരുവിതാംകൂർസേന പരാജയപ്പെട്ടു. ഡച്ചുകാർക്കു കായംകുളം സേനയുടെ സഹായമുണ്ടായിരുന്നു. കായംകുളംസൈന്യം തെക്കോട്ടു നീങ്ങി. കിളിമാനൂർ പിടിച്ചെടുത്തു.

പരാജയം മാർത്താണ്ഡവർമയെ ആകുലനാക്കി. അദ്ദേഹം തിരുനൽവേലിയിൽനിന്നു കുതിരപ്പടയാളികളെ വരുത്തി തന്റെ സൈന്യത്തോടു ചേർത്തു. സൈന്യം മൂന്നു കോണുകളിലൂടെയും കായംകുളംസേനയെ ആക്രമിച്ചു. കായംകുളം സേന അമ്പേ പരാജയപ്പെട്ടു.

മാർത്താണ്ഡവർമ കായംകുളത്തേക്കു പടനീക്കി. പിടിച്ചു നില്ക്കാൻ കായംകുളം രാജാവ് ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. തോല്വി ഉറപ്പായ കായംകുളം രാജാവ് സമാധാനത്തിനുവേണ്ടി അപേക്ഷിച്ചു.

തുടർന്നുണ്ടായ ഉടമ്പടിപ്രകാരം കായംകുളത്തിന്റെ പകുതിഭാഗം മാർത്താണ്ഡവർമയ്ക്കു വിട്ടുകൊടുക്കാനും തിരുവിതാംകൂറിന്റെ സാമന്തപദവി അംഗീകരിക്കാനും കായംകുളം രാജാവ് തയ്യാറായി.

കായംകുളത്തിനുമേൽ തിരുവിതാംകൂർ നേടിയ വിജയകാലഘട്ടത്തിലാണ് മഹാരാജാവിന്റെ കുറിമാനം നീലകണ്ഠനെ തേടിയെത്തിയത്.

നീലകണ്ഠൻ പത്മനാഭപുരം കൊട്ടാരത്തിലെത്തി മഹാരാജാവിനെ മുഖം കാണിച്ചു. രാജാവ് യഥോചിതം നീലകണ്ഠനെ സ്വീകരിച്ചിരുത്തി. നീലകണ്ഠൻ പറഞ്ഞു:



“അല്ലയോ മഹാരാജൻ, അങ്ങ് ഒരു ദൂതയച്ച് ഈയുള്ളവനെ വിളിപ്പിച്ചതെന്തിനെന്നു ദയവായി പറഞ്ഞാലും.”

“നീലകണ്ഠാ, താങ്കളെ നേരിൽ കാണുക എന്നുള്ളതു തന്നെയാണു നമ്മുടെ ഉദ്ദേശ്യം.”

“തിരുവിഷ്ടക്കേടുണ്ടാകരുതു മഹാരാജൻ. അങ്ങയുടെ അനേകായിരം പ്രജകളിൽപ്പെട്ട സാധാരണക്കാരിൽ സാധാരണക്കാരനായ എന്നെ അങ്ങ് കാണാനാഗ്രഹിക്കുകയോ അവിശ്വസനീയംതന്നെ.”

“നാം നിങ്ങളെക്കുറിച്ച് വളരെയധികം കേട്ടിരിക്കുന്നു. നിങ്ങളുടെ ദാനശീലത്തെയും ലളിതജീവിതത്തെയും വിദ്യാസമ്പത്തിനെക്കുറിച്ചും. മാത്രമല്ല, രാജദൂതന്മാർ അതൊക്കെ രഹസ്യമായി അന്വേഷിച്ചു നമ്മെ ധരിപ്പിക്കുകയും ചെയ്തിരിക്കുന്നു.”

“ആശ്ചര്യമായിരിക്കുന്നു മഹാരാജൻ. ഈയുള്ളവനെപ്പറ്റി രഹസ്യമായി അന്വേഷിക്കാൻ എന്ത്? ഞാൻ അങ്ങയുടെ രാജാധികാരത്തെ വിമർശിക്കുകയോ രാജ്യത്തിന് അഹിതമായി ഒന്നും പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല.”

“നീലകണ്ഠാ, നിങ്ങളങ്ങനെ ഒരിക്കലും പ്രവർത്തിക്കില്ലെന്നു നമുക്കു ബോധ്യമുണ്ട്. നിങ്ങൾ തിരുവിതാംകൂറിന്റെയും പത്മനാഭപുരം കൊട്ടാരത്തിന്റെയും അഭ്യുദയകാംക്ഷിയാണെന്നു നമുക്കറിയാം. ആ അറിവുള്ളതുകൊണ്ടുകൂടിയാണ് നാം ദൂതയച്ചത്.”

മഹാരാജാവ് സംസാരിച്ചുവരുന്നതെന്താണെന്നു നീലകണ്ഠന് ഒരു തിട്ടവും കിട്ടിയില്ല. നീലകണ്ഠൻ ആകാംക്ഷയോടെ മഹാരാജാവിനെ നോക്കി. അദ്ദേഹത്തിന്റെ മുഖത്ത് ഇപ്പോഴും ഒരു ഗൂഢമന്ദസ്മിതമുണ്ട്. മഹാരാജാവു പറഞ്ഞു:

“നീലകണ്ഠാ, പത്മനാഭപുരത്തിനു താങ്കളുടെ സേവനം ആവശ്യമുണ്ട്. നമുക്കോ നമ്മുടെ മന്ത്രി രാമയ്യനോ മുഴുവൻ സമയവും മുഴുവൻ കാര്യങ്ങളിലും ശ്രദ്ധിക്കാൻ പറ്റുന്നില്ല. നമ്മുടെ രാജ്യം ഇനിയും വിസ്തൃതമാക്കേണ്ടതുണ്ട്. ജനങ്ങൾക്കു വേണ്ടി പുതിയ നിയമങ്ങളും പരിഷ്കാരങ്ങളും നടപ്പാക്കേണ്ടതുണ്ട്. പ്രജകളുടെ സൗഖ്യമാണ് നമ്മുടെ നീതി. രാജാധികാരത്തിനും ജനക്ഷേമത്തിനും എതിരേ പ്രവർത്തിക്കുന്നവരെ അമർച്ച ചെയ്യാൻ ഏതു തന്ത്രങ്ങളും നാം മെനയും.”

“അതിലേക്കായി തൃണതുല്യനായ എനിക്ക് എന്തു ചെയ്യാൻ കഴിയും രാജൻ?”

“പലതും,” മഹാരാജാവ് പറഞ്ഞു: “നിങ്ങളെപ്പോലെ ബുദ്ധിമാനും വിദ്യാഭരിതനും പ്രവർത്തനോന്മുഖനുമായ ഒരാളുടെ സേവനം തീർച്ചയായും പത്മനാഭപുരം കൊട്ടാരത്തിനാവശ്യമുണ്ട്. അതൊക്കെ നമുക്കു വഴിയേ തീരുമാനിക്കാം. ഇപ്പോൾ നാം താങ്കളെ പത്മനാഭപുരം കൊട്ടാരത്തിലെ കാര്യവിചാരകനായി നിയമിക്കുന്നു. ശേഷം മറ്റു ചില ഉത്തരവാദിത്വങ്ങളും നാം നിങ്ങളെ ഏല്പിക്കും. ആയതിലേക്ക് പ്രതിഫലമായി ഒട്ടും കുറയാത്ത ഒരു തുക ശമ്പളമായും നാം നിശ്ചയിക്കുന്നുണ്ട്.”

നീലകണ്ഠൻ അദ്ഭുതാതിരേകത്താൽ മിഴിച്ചുപോയി. താൻ പത്മനാഭപുരം കൊട്ടാരത്തിലെ ഉദ്യോഗസ്ഥരിൽ ഒരാളായിരിക്കുന്നു. തിരുവിതാംകൂറിന്റെ ഭരണസിരാകേന്ദ്രത്തിലെ ഒരു കണ്ണി. മാത്രമോ, ശ്രീപത്മനാഭന്റെ പത്തു പണം ശമ്പളമായി തന്റെ തറവാട്ടിലെത്താൻ പോകുന്നു.

ഗുരുകാരണവന്മാരുടെ അനുഗ്രഹം. നട്ടാലത്തമ്മയുടെ പ്രീതി. മരുതുകുളങ്ങരത്തറവാടിനു മുകളിൽ രാശിനക്ഷത്രങ്ങൾ തെളിയുന്നു.

അടുത്ത നിമിഷം നീലകണ്ഠനിലേക്ക് ഒരു സന്ദേഹം നുരകുത്തി. മഹാരാജാവ് തന്നിലേല്പിക്കുന്ന ദൗത്യം തനിക്കു ഭംഗിയായി നിർവഹിക്കാൻ കഴിയുമോ? പൂർവപരമ്പരകളുടെ അനുഗ്രഹങ്ങളുണ്ടാകുമോ? അതിനുള്ള കാലവും നേരവും തനിക്കു കൂട്ടിനുണ്ടാകുമോ?

തറവാട്ടുകാരണവർ സുഖം പ്രാപിച്ചു വരുന്നതേയുള്ളൂ. ചികിത്സയും മറ്റും യഥാവിധി തന്നെ തുടരുന്നുണ്ട്. പക്ഷേ, പൂർണസൗഖ്യത്തിലേക്കെത്തണമെങ്കിൽ കാലതാമസമുണ്ടാകും.

പക്ഷേ, ഇതു രാജകല്പനയാണ്. തള്ളാനും കൊള്ളാനും വയ്യാത്ത അവസ്ഥ. നിഷേധിക്കുന്നതെങ്ങനെ? വലിയൊരു ഭാഗ്യംതന്നെയാണു ലഭ്യമായിരിക്കുന്നത്. നിഷേധിച്ചാൽ തിരുവുള്ളക്കേടുണ്ടാകും. രാജകോപം വരുത്തി വയ്ക്കാനാവില്ല.

നീലകണ്ഠന്റെ മൗനം കണ്ടിട്ടെന്നവണ്ണം രാജാവു ചോദിച്ചു:

“എന്താ നീലകണ്ഠാ... സമ്മതംതന്നെയോ...?”

“തിരുവിഷ്ടംപോലെ.”

മഹാരാജാവിനു സന്തോഷമായി. നീലകണ്ഠനും സന്തോഷംതന്നെ. പക്ഷേ, വീട്ടുകാരെന്തു പറയും? തറവാട്ടുകാര്യങ്ങളിൽ എങ്ങനെ ശ്രദ്ധിക്കാൻ പറ്റും?”

തറവാടിന് ഇനിയും ഒരപചയം വന്നുകൂടാ.

നീലകണ്ഠന്റെ ആശങ്കകൾ തികച്ചും അസ്ഥാനത്തായിരുന്നു. നീലകണ്ഠന്റെ സ്ഥാനലബ്ധിയിൽ മരുതുകുളങ്ങരത്തറവാട്ടുകാർക്ക് അളവറ്റ സന്തോഷം. ദീനം പൂർണമായും സുഖപ്പെട്ടിരുന്നില്ലെങ്കിലും കാരണവർക്കു സന്തോഷം. അദ്ദേഹം അഭിമാനത്തോടെ പറഞ്ഞു:

“കാളീദേവിയുടെ കടാക്ഷം. ശ്രീപദ്മനാഭന്റെ പത്തു ചക്രം വാങ്ങിക്കുകയെന്നാൽ നിസ്സാരമോ... മഹാഭാഗ്യം.”

“അതൊക്കെ ശരിതന്നെ,” നീലകണ്ഠൻ സമ്മതിച്ചു. “പക്ഷേ, ഞാൻ പത്മനാഭപുരത്തേക്കു പോയാൽ തറവാട്ടുകാര്യങ്ങളൊക്കെ?”

“അതൊന്നും വിചാരിച്ചു നീലകണ്ഠൻ വിഷമിക്കേണ്ടതില്ല” കാരണവർ പറഞ്ഞു. “എനിക്കിപ്പോ എഴുന്നേറ്റിരിക്കാനൊക്കെ പറ്റുമല്ലോ. ഇവിടെ ഇരുന്നുകൊണ്ടാണെങ്കിലും അതൊക്കെ എനിക്കു നിവർത്തിക്കാൻ പറ്റും. സഹായത്തിനു കുമരനുമൊക്കെ ഉണ്ടാകുകയും ചെയ്യും.”

പിന്നീട് നീലകണ്ഠൻ മറുത്തൊന്നും പറഞ്ഞില്ല. എല്ലാം ദേവേച്ഛപോലെ എന്നു കരുതി.

മൂന്നാംനാൾ നീലകണ്ഠനെ പത്മനാഭപുരം നീലകണ്ഠസ്വാമി കോവിലിലെ കാര്യവിചാരകനായി നിയമിച്ചുകൊണ്ട് രാജമുദ്ര പതിച്ച കല്പനയെത്തി.

(തുടരും)

# കുഞ്ഞോറോതമാർ വേണം

## കനിവില്ലാത്ത ലോകത്തോടു കലഹിക്കാൻ



പ്രഫ. സിജു ജോസഫ്

**ദീപനാളം മാർച്ച് 10 ന് പ്രസിദ്ധീകരിച്ച നിഷ ആന്റണിയുടെ 'ചാവുമണം' എന്ന കഥയെക്കുറിച്ച്**

"അന്ന് ആളുകള് ഒറ്റയ്ക്കായിരുന്നില്ല സാറേ, ഒരു കൂട്ടംതന്നെ ആയിരുന്ന്. മക്കള്, അമ്മായിമ്മ, നാത്തൂന്മാര്, ഇളേപ്പന്മാര്, പേരപ്പന്മാര്, ചാച്ചന്മാര്, വല്യപ്പച്ചൻ, വല്യമ്മച്ചി, എളേമ്മമാര്... ഇടയ്ക്ക് പെറാൻ വരുന്നോര്, അവരുടെ മക്കള്, പിന്നെ കൃഷീം, പറമ്പിലെ നാല്കാലികളും, എല്ലാം കൂടി ഒരു ദേശംതന്നെയാ വീട്. ഒറ്റയ്ക്കിരിക്കാൻതന്നെ നേരോല്ല. ജീവിതം എവിടേം കെട്ടിനിന്നിരുന്നില്ല. ഒരൊഴുക്കുണ്ടായിരുന്ന്."

സംസ്കൃതിയുടെ ശരിവഴികളിൽനിന്ന് എപ്പോഴൊക്കെ മനുഷ്യൻ വഴിമാറി സഞ്ചരിച്ചിട്ടുണ്ടോ അപ്പോഴെല്ലാം സച്ചിന്തകളുടെ ഊർജവും വെളിച്ചവുമേകി അവരെ തിരിച്ചുവിളിക്കുകയെന്ന ധർമമാണ് എക്കാലത്തെയും ഉദാത്തമായ സാഹിത്യസൃഷ്ടികൾ നിർവഹിച്ചിട്ടുള്ളത്. മൂല്യങ്ങളുടെ നീരൊഴുക്കു നിലച്ചു കെട്ടിക്കിടന്നു മലിനമാകുന്ന പുതുസംസ്കൃതിയുടെ കനമില്ലായ്മയെയും കനിവില്ലായ്മയെയും സുന്ദരമായ ആഖ്യാനത്തിലൂടെ തുറന്നുകാട്ടുന്ന കഥയാണ് നിഷ ആന്റണി എഴുതിയ 'ചാവുമണം.'

മക്കളുടെ സ്നേഹവും കരുതലും കിട്ടാക്കനികളായി അനുഭവിക്കുന്ന വൃദ്ധമാതാവുതന്നെയാണു കേന്ദ്രകഥാപാത്രമെങ്കിലും 'കരികെല കൂട്ടിയിട്ട് കത്തിക്കുമ്പോലെ എരിയുന്നൊരു' ചിരികൊണ്ട് ഉള്ളിലെ സങ്കടങ്ങളത്രയും ഒളിപ്പിച്ചു മൂർച്ചയുള്ള വർത്തമാനങ്ങളിലൂടെയും ഉറപ്പുള്ള മനസ്സോടെയും ജീവിതത്തോടു പൊരുതുന്ന കുഞ്ഞോറോതയെന്ന ഈ കഥാപാത്രം അത്ര പെട്ടെന്ന് അനുവാചകമനസ്സിൽനിന്നിറങ്ങിപ്പോകില്ല എന്നതു തീർച്ചയാണ്.

ലക്ഷങ്ങൾ വിലമതിക്കുന്ന സ്ഥലം മൃഗാശുപത്രിക്കു സൗജന്യമായി നല്കിയ കുഞ്ഞോറോതയെ മക്കളായ മാർട്ടിയും വെഞ്ചമിയും കൂടി ഈനാസ് എന്ന സൈക്യാട്രിസ്റ്റിന്റെ അടുത്തെത്തിക്കുന്നിടത്താണ് കഥയുടെ തുടക്കം.

"സാറ് ദേ പൊറത്തേക്ക് നോക്ക്യേ... വാലിമ്മേ തീ പിടിച്ചപോലെ ഒരുത്തൻ നടക്കണ കണ്ടോ? അവനാ എന്റെ മൂത്ത മോൻ വെഞ്ചമി. എളേവൻ മാർട്ടി. ഇവന്റെയൊക്കെ പെമ്പിളേനെ പേറിനു കേറ്റീപ്പംപോലും ഈ നടപ്പു നടന്നിട്ടില്ല." മക്കളെ ചൂണ്ടി കുഞ്ഞോറോത നടത്തുന്ന ഈ പരിചയപ്പെടുത്തലിൽ പരിഹാസത്തിന്റെ സ്വരമുണ്ടെന്ന് ആദ്യവായനയിൽ തോന്നാം. എന്നാൽ, കൃതഘ്നതയുടെയും തിരസ്കാരത്തിന്റെയും ആയുധങ്ങൾകൊണ്ട് സ്വന്തം മക്കളാൽ മുറിവേല്പിക്കപ്പെടുന്ന എല്ലാ 'അമ്മവാഴ്വുകളു'ടെയും നിസ്സഹായതയും വേദനയുമാണ് ഈ വർത്തമാനം പ്രതിഫലിപ്പിക്കുന്നതെന്നു കഥയുടെ തുടർവായനയിൽ വ്യക്തമാകും.

സ്നേഹിക്കാനും പരിഗണിക്കാനുമറിയാത്ത, തിരക്കു പിടിച്ച ആധുനികമനുഷ്യന്റെ സ്ഥാനത്ത് ഒരു നായയെ പ്രതിഷ്ഠിച്ചുകൊണ്ടാണ് കുഞ്ഞോറോതയെന്ന കഥാപാത്രം പുതുകാലത്തിന്റെ വെളിവില്ലാത്ത വീട്ടുവിചാരങ്ങളുടെ മുഖത്തടിക്കുന്നത്. ആയുസ്സുമുഴുവൻ മക്കൾക്കു പങ്കിട്ടു നല്കിയ ഒരമ്മയ്ക്കു ജീവിതസായാഹ്നത്തിൽ പ്രതീക്ഷിക്കാനുള്ളത് എന്താവും? മക്കളുടെയും കൊച്ചുമക്കളുടെയുമൊക്കെ സ്നേഹസാമീപ്യം, സുഖമാണോ എന്നൊരന്വേഷണം, ഒറ്റയാണെന്നൊരു തോന്നൽ ഒരിക്കൽപ്പോലും ഉണ്ടാകാനിടവരാത്തവിധമുള്ള ചേർത്തുപിടിക്കൽ... അത്രയൊക്കയല്ലേ ഉള്ളൂ അവരുടെ ആഗ്രഹങ്ങൾ. ഇനിയും മുറിയാതെ കാക്കുന്ന അയൽപക്കബന്ധങ്ങളെ വല്ലപ്പോഴുമൊന്നു പുതുക്കാൻ, വല്ലതും മിണ്ടിപ്പറഞ്ഞിത്തിരിനേരം പങ്കുവയ്ക്കാൻ നമ്മുടെ വൃദ്ധരായ മാതാപിതാക്കൾ ഇന്ന് അനുവദിക്കപ്പെടുന്നുണ്ടോ? ഭക്ഷണവും മരുന്നും സഹിക്കാവുന്നതിനുമപ്പുറമുള്ള ഏകാന്തതയും മാത്രമാണോ നമ്മുടെ വീടുകൾ അവർക്കു സമ്മാനിക്കുന്നത്?



ഒറ്റയ്ക്കിരുന്ന് തഴമ്പു പിടിച്ച്, മക്കൾ സിനിമയ്ക്കു പോകുമ്പോൾ അയലോക്കംവഴി അമ്മ 'നെരങ്ങാ'തിരിക്കാൻ പൂട്ടിയിടുന്ന മുറിയിൽക്കിടന്ന് മുരടിച്ച ജീവിതത്തിൽനിന്ന് രക്ഷപ്പെടാൻ കുഞ്ഞോറോതയ്ക്കു കിട്ടിയ കച്ചിത്തുരുമ്പായിരുന്നു ഇട്ടി എന്ന നായ. ചാവാലിപ്പട്ടിയാണെന്നു പറഞ്ഞ് വെഞ്ചമി തല്ലിക്കൊല്ലാൻ കൊണ്ടുപോയ പട്ടിയെ പിടിച്ചുവാങ്ങി, സംരക്ഷിച്ച് സ്വന്തം മുറിയിൽ കിടത്തിയതുകൊണ്ടാണ് മക്കൾ അമ്മയെ പൂട്ടിയിട്ടുപോയ ഒരു ദിവസം ശ്വാസംമുട്ടൽ കൂടി മരണത്തിന്റെ വക്കോളമെത്തിയിട്ടും ജീവിതത്തിലേക്കു തിരിച്ചുവരാൻ കുഞ്ഞോറോതയ്ക്കായത്. ഇട്ടിയുടെ കുര കേട്ട് അയൽപക്കക്കാർ വന്നില്ലായിരുന്നെങ്കിൽ 'വൃദ്ധ മുറിക്കുള്ളിൽ മരിച്ച നിലയിൽ' എന്ന കുഞ്ഞുവാർത്തയിൽ കുഞ്ഞോറോതയുടെ ജീവിതം അവസാനിക്കുമായിരുന്നു. തിരിച്ചുകിട്ടിയ ജീവിതത്തിന്റെയും തിരിമങ്ങാത്ത കൃതജ്ഞതയുടെയും തിളക്കം കൊണ്ടാവാം ഇട്ടിയെ മക്കളെക്കാൾ സ്നേഹവായ്പോടെ ആ വൃദ്ധ ചേർത്തുപിടിക്കുന്നതും മൃഗാശുപത്രിക്കു സൗജന്യമായി സ്ഥലം നല്കാൻ തീരുമാനിക്കുന്നതും.

സ്ത്രീത്വത്തെ സംബന്ധിച്ച, വൈധവ്യത്തെ ക്കുറിച്ച് സമൂഹത്തിന്റെ പ്രബലധാരണകളെ വേദന കലർന്ന ഒരു ചിരിയോടെ 'ചാവുമണം' തിരുത്തുന്നുണ്ട്. "ഒരുപാട് അർത്ഥങ്ങളൊള്ള ഒരൊറ്റ വാക്കാണീ ഒറ്റ. നല്ല ചൂട് കട്ടൻ കാപ്പി തെകത്തിത്തന്നാൽ മറുപടി പറയാം." കുഞ്ഞറോത ഡോക്ടർ ഈനാസിനോടു പറയുന്ന ഈ വർത്തമാനത്തിന്റെ മനഃശാസ്ത്രപരമായ ആഴമെത്രയാണ്!

നല്ല പാതിയെ 'ഒടേതമ്പ്രാൻ വിളിച്ചോണ്ടു' പോയപ്പോൾ തനിക്കു പ്രായം ഇരുപത്തിയഞ്ചു മാത്രമായിരുന്നെന്നു പറയുന്ന കുഞ്ഞോറോതയോട് 'അന്നത്തെ തണുപ്പൊക്കെ ഒറ്റയ്ക്ക് എങ്ങനെ സഹിച്ചു' എന്ന ഡോക്ടറുടെ ചോദ്യത്തിന്റെ പൊരുളറിഞ്ഞിട്ടുതന്നെയാണ് അവരുടെ മറുപടി. എഴുപതു കഴിഞ്ഞ കുഞ്ഞോറതയിൽനിന്ന് രണ്ടു കുരുന്നുകൾക്കൊപ്പം ഒറ്റയായിപ്പോയ ഇരുപത്തഞ്ചുകാരിയുടെ ചിത്രത്തിനു ചുറ്റുമാണ് ഈനാസിന്റെ മനസ്സ് ചുറ്റിത്തിരിയുന്നതെന്നും കഥാകൃത്ത് കൃത്യമായി സൂചിപ്പിക്കുന്നു. സഹതാപത്തിന്റെയോ കൗതുകത്തിന്റെയോ മുന കൂർപ്പിച്ച നോട്ടങ്ങളല്ല, പ്രതിസന്ധികളെ ഒറ്റയ്ക്കു നേരിടേണ്ടിവരുന്ന ഒരു പെണ്ണിന് ആവശ്യം എന്നു പരിഷ്കൃതസമൂഹത്തെ ഭംഗിയായി ഓർമിപ്പിക്കുന്ന കഥകൂടിയാണ് 'ചാവുമണം'

'വിധവ, അതൊരു പരിഷ്കാരോം ഇല്ലാത്ത പേരല്ലേ സാറേ. സാറിനെപ്പോലെ പഠിപ്പുള്ളോരെങ്കിലും ഇച്ചിരി മര്യാദയ്ക്കു വർത്തമാനം പറഞ്ഞാട്ടെ' എന്ന് കഥയുടെ ആരംഭവാക്യത്തിൽത്തന്നെയുള്ള കുഞ്ഞോറോതയുടെ ഈ തിരുത്തൽ എപ്പോഴെങ്കിലുമൊക്കെ നമ്മുടെ മനസ്സിൽ തെല്ലു നൊമ്പരത്തോടെ മുഴങ്ങിക്കൊണ്ടിരിക്കും. ഒറ്റയ്ക്കാണെന്നൊരു തോന്നലുണ്ടാകാത്തവിധം സമൃദ്ധമായ ആത്മബന്ധങ്ങളുടെയും അധ്വാനത്തിന്റെയും തണലിൽ താൻ അതിജീവിച്ച കാലത്തിന്റെ ഓർമകളാണ് 'അന്ന് ആളുകള് ഒറ്റയ്ക്കായിരുന്നില്ല സാറേ, ഒരു കൂട്ടം തന്നെ ആയിരുന്ന്' എന്നുള്ള മറുപടിയിൽ കുഞ്ഞോറോത ഒതുക്കുന്നത്. അലസചിന്തകളിൽ കുടുങ്ങിപ്പോയ ഒരു നിമിഷം പോലും കുഞ്ഞോറോതയുടെ ജീവിതത്തിലുണ്ടായിട്ടില്ലാത്തതിന്റെ തെളിമയാണ് 'ഇഞ്ചിക്കണ്ടത്തിൽ കള പറിക്കുമ്പോഴും ചെരട്ടേന്ന് ഒട്ടുപാൽ പറിക്കുമ്പോഴുമൊക്കെയാ ഞങ്ങള് വർത്തമാനം പറഞ്ഞോണ്ടിരുന്നെ... ഇങ്ങനെ കുത്തിയിരുന്നോണ്ടുള്ള പറച്ചിലൊന്നുമില്ല' എന്ന സംഭാഷണത്തിൽ പ്രതിഫലിക്കുന്നത്.

'പെര കേറി ചാവു വരുന്നതിന്റെ മണം പിടിക്കാനുള്ള കഴിവ് ഇതുങ്ങക്കുണ്ട്' എന്ന് ഈനാസ് ഡോക്ടറുടെ നായയെ നോക്കി വല്ലാത്തൊരു ഭാവത്തോടെ കുഞ്ഞോറോത പറയുമ്പോൾ അയാളിലെ മനഃശാസ്ത്രജ്ഞൻ ഒരു നിമിഷത്തേക്കെങ്കിലും കേവലമനുഷ്യന്റെ ഭയത്തിലേക്കു വീഴുന്നുണ്ട്. ഭയത്തിന്റെയോ അസ്വസ്ഥതകളുടെയോ വിത്തുപാകി മനുഷ്യമനസ്സിൽ ഉൾച്ചേർന്നിരിക്കുന്ന മൃത്യുബോധത്തിന്റെ സാന്നിധ്യം 'ചാവുമണം' എന്ന ശീർഷകത്തിൽ മാത്രമായി ഒതുങ്ങുന്നില്ല.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ ചില ചോദ്യങ്ങൾക്കും ഈ കഥയിൽ ഇടമുണ്ട്. 'ആയിരത്തിത്തൊള്ളായിരത്തിനാല്പത്തിയേഴില് ഗാന്ധിജി നമ്മുടെ കൂടിന്റെ കെട്ടഴിച്ചതല്ലേ സാറേ' എന്ന കുഞ്ഞോറോതയുടെ ചോദ്യത്തിൽ, മുറിക്കുള്ളിൽ പൂട്ടിയിടപ്പെട്ട ഒരമ്മയുടെ അമർഷത്തിന്റെ സ്വരം മാത്രമല്ല പ്രതിധ്വനിക്കുന്നത്. സ്വാതന്ത്ര്യം എന്ന പദത്തെ തങ്ങൾക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്ന ആധിപത്യശക്തികൾ പുലരുന്നയിടങ്ങൾ - അതു ഭവനമാണെങ്കിലും ഭരണകൂടമാണെങ്കിലും - അസഹിഷ്ണുതയുടെ ചെറുതും വലുതുമായ പോർക്കളങ്ങളായിത്തീരും എന്ന വിശാലമായ അർത്ഥംകൂടി ഇവിടെ വായിക്കേണ്ടതുണ്ട്.

മക്കളോടുള്ള അമർഷമല്ല, മറിച്ച്, മലബാറീന്ന് പറമ്പ് കണ്ടിക്കാൻ പോയിട്ട് ഒരു ഗതിയുമില്ലാതെ നിസ്സഹായരായി തിരിച്ചുവന്ന ദേശക്കാർക്ക് ഉള്ള സ്വത്തിന്റെ പാതി കൊടുത്ത ഭർത്താവിന്റെ വഴിയിലൂടെ ത്തന്നെ സഞ്ചരിക്കാനുള്ള തീരുമാനംകൂടിയാണ് കുഞ്ഞോറോതയെ വ്യത്യസ്തയാക്കുന്നത്.

ഹൃദയത്തിൽ തൊടുന്ന സംഭാഷണങ്ങളിലൂടെയും കഥാപാത്രനിർമിതിയുടെ നൈസർഗികസൗന്ദര്യത്തിലൂടെയും ലളിതസുന്ദരമായ ആഖ്യാനത്തിലൂടെയും 'ചാവുമണം' അനുവാചകമനസ്സിൽ ഇടംപിടിച്ചിരിക്കുന്നു. കഥാകൃത്തിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ.


### STATEMENT ABOUT THE OWNERSHIP AND OTHER PARTICULARS OF THE DEEPANALAM WEEKLY

| | | |
|---|---|---|
| 1. Place of Publication | : | Pala |
| 2. Periodicity of the Publication | : | Weekly |
| 3. Printer's Name | : | Joseph Thadathil |
| Nationality | : | Indian |
| Address | : | Deepanalam Pala 686575 |
| 4. Publisher's Name | : | Joseph Thadathil |
| Nationality | : | Indian |
| Address | : | Deepanalam Pala 686575 |
| 5. Editor's Name | : | Kurian Thadathil |
| Nationality | : | Indian |
| Address | : | Deepanalam, Pala 686575 |
| Names and addresses of Individuals who own the newspaper and partners or share holders holding more than one percent of total capital | : | Deepanalam Society, Pala. |

I, Joseph Thadathil hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 10-03-2022 Signature of Publisher




**മാർച്ച് 20**
**നോമ്പുകാലം**
**നാലാം ഞായർ**

**ഉത്പ 19 : 1–11**
**2 സാമു 12 : 1–7; 13–17**
**2 തിമോ 2 : 22–26**
**മത്താ 5 : 27–32**

# വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവർ





**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**

**ഹൃ**ദയവിശുദ്ധി ആർജിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നോമ്പ് നാലാം ഞായറിന്റെ പ്രഘോഷണങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത്. സോദോമിൽ ലോത്തിന്റെ അതിഥികളായി എത്തിയ ദൂതന്മാരുമായി മ്ലേച്ഛമായ സുഖഭോഗാദികളിലേർപ്പെടാൻ ആഗ്രഹിച്ച നഗരവാസികളായ പുരുഷന്മാർക്കു ലഭിച്ച ദൈവശിക്ഷയെയും അവർമൂലം നഗരത്തിനു സംഭവിച്ച നാശത്തെയുംകുറിച്ചാണ് ഒന്നാമത്തെ പ്രഘോഷണത്തിൽ (ഉത്പ. 19:1–11) സൂചിപ്പിക്കുന്നത്. സ്രഷ്ടാവായ ദൈവം പ്രപഞ്ചത്തിനും അതിലെ ഓരോ ജീവജാലത്തിനും മനുഷ്യനു പ്രത്യേകിച്ചും പരസ്പരം ഇണചേരുന്നതിനെക്കുറിച്ചും വംശവർധന നടത്തുന്നതിനെക്കുറിച്ചുമുള്ള വ്യക്തമായ നിയമങ്ങൾ നല്കിയിട്ടുണ്ട്. പ്രകൃതിവിരുദ്ധമായ ബന്ധങ്ങളിൽ മനുഷ്യൻ ഏർപ്പെടുമ്പോൾ ദൈവികപദ്ധതിക്കെതിരേയാണവൻ പ്രവർത്തിക്കുന്നത്.

ചതിപ്രയോഗത്തിലൂടെ ഊറിയായെ യുദ്ധമുഖത്തുവച്ചു വധിക്കുകയും അവന്റെ ഭാര്യയെ സ്വന്തമാക്കുകയും ചെയ്ത ദാവീദിന്റെ പ്രവൃത്തിയെ, ദൈവത്താൽ അയയ്ക്കപ്പെട്ട നാഥാൻ പ്രവാചകൻ കുറ്റപ്പെടുത്തുന്നതും അതിനുള്ള ശിക്ഷയെക്കുറിച്ചു മുന്നറിയിപ്പു നല്കുന്നതുമാണ് പഴയനിയമത്തിൽനിന്നുള്ള രണ്ടാമത്തെ പ്രഘോഷണം (2 സാമു. 12:1–7;13–17). പ്രവാചകന്റെ വാക്കുകൾ ശ്രവിച്ച ദാവീദ് അനുതപിച്ച് തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞു. തന്റെ പാപത്തെക്കുറിച്ച് രാജാവ് മനസ്തപിച്ചതുകൊണ്ട് ദൈവം അദ്ദേഹത്തോടു ക്ഷമിക്കുകയും വലിയ ശിക്ഷയിൽനിന്ന് ഒഴിവു നല്കുകയും ചെയ്തു. എത്ര വലിയ തെറ്റു നമ്മുടെ ഭാഗത്തുനിന്നുണ്ടായാലും അനുതപിച്ചു തിരിച്ചുവന്നാൽ ക്ഷമിക്കുന്നവനാണു നമ്മുടെ ദൈവമെന്ന് ഈ സംഭവം ഓർമിപ്പിക്കുന്നു.

ഒരു വീട്ടിൽ മാന്യത കൂടിയ കാര്യങ്ങൾക്കും മാന്യത കുറഞ്ഞ കാര്യങ്ങൾക്കും ഉപയോഗിക്കുന്ന പാത്രങ്ങൾ ഉള്ളതുപോലെ തന്നെയാണ് ഓരോ വ്യക്തിയുടെ ജീവിതത്തിലും സംഭവിക്കുന്നതെന്ന് പൗലോസ്ശ്ലീഹാ (2 തിമോ. 2:20–26) ലേഖനഭാഗത്തു സൂചിപ്പിക്കുന്നു: ഒരു മനുഷ്യൻ മാന്യത കുറഞ്ഞവയിൽനിന്നു തന്നെത്തന്നെ ശുദ്ധീകരിച്ചാൽ മാന്യത കൂടിയ കാര്യങ്ങൾക്കു പാത്രമാകും. പാത്രം വിശുദ്ധവും ഉടമസ്ഥന്റെ ഉപയോഗത്തിന് ഉതകുന്നതും ഏതു സത്കർമത്തിനും അനുഗുണവുമാകും (2 തിമോ. 2:21). യുവത്വത്തിന്റെ എല്ലാ മോഹങ്ങളിലുംനിന്ന് ഓടിയകലാനുള്ള ആഹ്വാനത്തെ ഈ പശ്ചാത്തലത്തിലാണു കാണേണ്ടത്. ഹൃദയ നൈർമല്യത്തിനു ശ്ലീഹാ നല്കുന്ന പ്രാധാന്യം തുടർന്നുവരുന്ന വാക്യത്തിൽനിന്നു വ്യക്തമാണ്: നിർമലഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവരോടു ചേർന്നു നീതി, വിശ്വാസം, സ്നേഹം, സമാധാനം എന്നിവ ലക്ഷ്യം വയ്ക്കുക (2 തിമോ. 2:22).

ആറാം പ്രമാണത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനമാണ് ഇന്നത്തെ സുവിശേഷഭാഗം (മത്താ. 5:27–32). ജീവിതപങ്കാളിയെ ഉപേക്ഷിച്ച് വേറൊരു വ്യക്തിയെ പരിഗ്രഹിക്കുന്ന ഏതൊരാളും വ്യഭിചാരം ചെയ്യുന്നു. മൂശെയുടെ നിയമപ്രകാരവും ഈ കൃത്യങ്ങളെല്ലാം വലിയ തിന്മകളായായിട്ടാണു കരുതപ്പെട്ടിരുന്നത്. എന്നാൽ, ആറാം പ്രമാണത്തിന്റെ അർത്ഥവ്യാപ്തി ഈശോ വിസ്തൃതമാക്കുന്നു. കാമാസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളുമായി ഹൃദയത്തിൽ വ്യഭിചരിച്ചുകഴിഞ്ഞുവെന്നാണ് അവിടുന്നു പഠിപ്പിക്കുന്നത് (മത്താ. 5:28). ഹൃദയത്തിൽനിന്നുപോലും വ്യഭിചാരചിന്തകൾ അകറ്റിനിറുത്തുകയെന്നത് ദൈവരാജ്യത്തിന്റെ നീതിനിഷ്ഠയെ വെളിപ്പെടുത്തുന്നു. ദുരാഗ്രഹങ്ങൾക്കു വഴങ്ങുന്നത് പാപകരവും അതിൽനിന്നു ലഭിക്കുന്ന സന്തോഷം താത്കാലികവും നിയമവിരുദ്ധവുമാണ്. പാപപ്രേരണകൾക്കു വഴങ്ങുന്നവർ മനസ്സിൽ പാപം ചെയ്യുകയും ദൈവികപദ്ധതിക്കു വിരുദ്ധമായി നീങ്ങുകയും ചെയ്യുന്നു.

പാപസാഹചര്യങ്ങളും പാപകർമങ്ങളും ഒഴിവാക്കണമെന്നു വ്യക്തമാക്കാനാണ് വലതുകണ്ണ് ചൂഴ്ന്നെടുത്തു കളയേണ്ട സാഹചര്യത്തെക്കുറിച്ച് ഈശോ ആലങ്കാരികമായി പറയുന്നത്. വലതുകണ്ണ് എന്നത് നമ്മൾ അത്യധികം ഗാഢമായി സ്നേഹിക്കുന്ന ഒന്നിനെ സൂചിപ്പിക്കുന്നു. സ്നേഹത്തിന്റെ ആധിക്യത്തെ സൂചിപ്പിക്കാൻ നീ എന്റെ കണ്ണാണ്, കണ്ണുകളെക്കാൾ കൂടുതൽ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നൊക്കെ പറയാറുണ്ട്. കണ്ണിനോട് 'വലതു' ചേരുമ്പോൾ അത് സ്നേഹത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. തന്മൂലം നിങ്ങൾ സ്വന്തം വലതുകണ്ണിനു തുല്യമായി സ്നേഹിക്കുന്ന ആളോ വസ്തുവോ ആണെങ്കിൽപോലും അയാൾ യഥാർത്ഥസന്തോഷത്തിന് (സ്വർഗപ്രാപ്തിക്ക്) തടസ്സമാകുന്നുവെങ്കിൽ അയാളെ ഉപേക്ഷിക്കണം. കാരണം, സ്വന്തം കണ്ണുപോലെ സ്നേഹിക്കുന്ന അയാളെ മാറ്റി നിർത്തിയിട്ടാണെങ്കിലും നരകാഗ്നിയിൽനിന്നു രക്ഷപ്പെടണമെന്ന് വി. ആഗസ്തീനോസ് വ്യാഖ്യാനിക്കുന്നു.

വലതുകണ്ണുപോലെ വലതു കൈയും പ്രധാനപ്പെട്ടതാണ്. വലതുകൈയെന്നാൽ പ്രിയ സുഹൃത്ത് എന്നു വിവക്ഷിതം. കണ്ണുപോലെ വഴി കാണാനും കരങ്ങൾപോലെ ജോലി ചെയ്യാനും നമ്മെ സഹായിക്കുന്നുവെങ്കിലും തിന്മയ്ക്ക് ഇടവരുത്തുന്നുവെങ്കിൽ നമ്മൾ അവരെ ഉപേക്ഷിക്കണം. ആദ്ധ്യാത്മിക കാര്യങ്ങളിൽ ഉപദേശം നല്കുന്നവരും തിന്മയുടെ ആശയഗതികളിലേക്കു നയിക്കുന്നുവെങ്കിൽ നാം അവരെ ഉപേക്ഷിക്കണമെന്ന് വി. ആഗസ്തീനോസ് പഠിപ്പിക്കുന്നു.


ഭാര്യയെ ഉപേക്ഷിക്കുന്നവൻ ഉപേക്ഷാപത്രം കൊടുക്കണം എന്ന് മൂശെ നിർദേശിച്ചത് ഭാര്യയെ ഉപേക്ഷിക്കുന്നത് നല്ലതാണെന്ന അർത്ഥത്തിലല്ല. പ്രത്യുത, ഒരു പുനർവിചിന്തനത്തിനുള്ള അവസരമെന്ന നിലയിലാണ്. നിയമാവർത്തനപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇക്കാര്യമാണ് ഈശോ ഇവിടെ ഉദ്ധരിക്കുന്നത് (നിയമാ. 24:1). വിവാഹബന്ധത്തിന്റെ പവിത്രതയും അനന്യതയും ഈ സുവിശേഷഭാഗത്ത് ഈശോ ഊന്നിപ്പറയുന്നു. വിവാഹത്തിന്റെ പരിശുദ്ധി ദമ്പതികൾ അഭംഗുരം സംരക്ഷിക്കുകയെന്നതുതന്നെ ക്രൂശിതനോടൊപ്പമുള്ള യാത്രയാണ്.

സ്ത്രീയും പുരുഷനും തമ്മിലുള്ള പവിത്രവും ദൈവസംയോജിതവുമായ വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്ത്വത്തിനു കോട്ടം വരുത്തുന്ന തിന്മകളെ നമ്മൾ അകറ്റിനിറുത്തണം. കുടുംബത്തെ ഒരു സാമൂഹികവ്യവസ്ഥിതി മാത്രമായി ചുരുക്കാതെ ഒരു ദൈവവിളിയായി മനസ്സിലാക്കണം. ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറയെന്നതിനാൽ വിവാഹവും കുടുംബരൂപവത്കരണവും ദൈവികപദ്ധതിയോടുള്ള പൂർണമായ സഹകരിക്കലും വിധേയപ്പെടലുമാണ്. കുടുംബബന്ധങ്ങളുടെ കൂട്ടായ്മയ്ക്ക് സഭയുടെയും സമൂഹത്തിന്റെയും നിർമിതിയിൽ വളരെ ഗൗരവമാർന്ന സ്ഥാനമുണ്ടെന്ന സത്യം തിരിച്ചറിഞ്ഞ് പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അന്തരീക്ഷത്തിൽ കുടുംബഭദ്രത അനുദിനം ഊട്ടിയുറപ്പിക്കാം.

■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**


**ജാസ്മിൻ ജേക്കബ്**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

**ആൽബർട്ട് മാത്യു**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

**NPV**
**കുര്യനാട്**

# യുദ്ധമുഖത്തെ ദേവദൂതർ



ജോസ് വഴുതനപ്പിള്ളി

**ചി**ല ജീവിതങ്ങൾ അങ്ങനെയാണ്. അവർ മറ്റുള്ളവർക്കു വേണ്ടിയാണ് എരിഞ്ഞുതീരുക, ജീവിക്കുക. ഇരുട്ടിന്റെ കമ്പളം പുതച്ച വഴികളിലും ശരറാന്തലുകളായി അവർ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടും. മിസൈലുകളും ബോംബുകളും ഉറക്കം കെടുത്തിയ ഉക്രൈൻ തെരുവുകളിൽ അശരണരായി, ഒരു തുള്ളി വെള്ളം തൊണ്ട നനയ്ക്കാൻപോലും ഇല്ലാതെ, മരം കോച്ചുന്ന തണുപ്പിൽ, ബങ്കറുകളിൽ ചുരുണ്ടുകൂടിയ അനേകം വിദ്യാർത്ഥികൾക്ക് അഭയമൊരുക്കാൻ ചില ദേവദൂതർ മുൻപോട്ടുവന്നു. മരണത്തെപ്പോലും വകവയ്ക്കാതെ മറ്റുള്ളവരെ രക്ഷയിലേക്കു നയിക്കുന്നവരുടെ അനിതരസാധാരണമായ ആത്മസമർപ്പണത്തിന്റെ മഹനീയമായ മാതൃകകൾ നമുക്കും അനുകരണീയമാണ്. അവിടെ രക്ഷാദൗത്യവുമായി എത്തിയ ഡിപ്ലോമാറ്റുകളെപ്പോലും ഇവർ അദ്ഭുതപ്പെടുത്തിയിരിക്കണം.

**സിസ്റ്റർ റോസെല നുത്തങ്ങിയും സിസ്റ്റർ ആൻ ഫ്രിഡയും**

മിസോറാംകാരായ സിസ്റ്റർ റോസെല നുത്തങ്ങിയും സിസ്റ്റർ ആൻ ഫ്രിഡയും മിഷനറീസ് ഓഫ് ചാരിറ്റി എന്ന വിശ്വപ്രസിദ്ധ ജീവകാരുണ്യ സന്ന്യാസസമൂഹത്തിന്റെ ഭാഗമാണ്. യുദ്ധം കൊടുമ്പിരിക്കൊണ്ടപ്പോൾ



യുക്രെയ്ൻ വിട്ട് ഏതെങ്കിലും യൂറോപ്യൻരാജ്യങ്ങളിലേക്കോ ഇന്ത്യയിലേക്കോ എളുപ്പത്തിൽ രക്ഷപ്പെട്ടു പോകാനുള്ള അവസരം അധികാരികൾ വച്ചുനീട്ടിയിട്ടും അവർ പോകാൻ കൂട്ടാക്കിയതേയില്ല. യുദ്ധത്തിൽ മുറിവേറ്റവരെയും അശരണരായവരെയും പരിചരിക്കാൻ പ്രതിജ്ഞാബദ്ധരായി അവിടെത്തന്നെ നിലയുറപ്പിച്ചു, പിടഞ്ഞുവീണവരെ ശുശ്രൂഷിച്ചു. അവരവിടെ ദൈവദൂതന്മാരായി. അവരുടെ സമർപ്പണമനോഭാവത്തിനു മുമ്പിൽ, ദൈവസ്നേഹത്തിനു മുമ്പിൽ മനുഷ്യസമൂഹം ഒന്നടങ്കം കരങ്ങൾ കൂപ്പി നിൽക്കേണ്ടിയിരിക്കുന്നു. അവരുടെ വിയർപ്പുതുള്ളികൾപോലും രക്തം കലർന്നതാണ്; കർത്താവിന്റെ തിരുവിയർപ്പുപോലെ അമൂല്യമാണത്. ഈ ദുഃഖത്തിന്റെ താഴ്‌വരയിൽ ഇനിയും ദയയും മനുഷ്യസ്നേഹവും പാത്രത്തിൽ ബാക്കിയുണ്ടെന്ന് ഉദ്ഘോഷിച്ചവരാണവർ.

ഈ വീരോചിതമായ പ്രവൃത്തികണ്ട് അവരുടെ ആർച്ചുബിഷപ് പറഞ്ഞതിതാണ്: "എനിക്ക് തെല്ലും അദ്ഭുതമില്ല, അവർ യുദ്ധം തിമർന്നാടുന്ന യുക്രെയ്ൻ വിട്ടുപോകാത്തതിൽ, സ്വന്തം ജീവൻ കയ്യിൽ പിടിച്ചുകൊണ്ടുള്ള ഈ സാഹസം ഉപേക്ഷിക്കാത്തതിൽ. എനിക്ക് അവരുടെ കാര്യത്തിൽ വല്ലാത്ത അഭിമാനം തോന്നുന്നു."

കുലീനവും നീതിയുക്തവുമായ, മദർ തെരേസയുടെ മാർഗം ഉപേക്ഷിച്ചു സേവനം മതിയാക്കി ഒളിച്ചോടുകയെന്നത്, അവരെ സംബന്ധിച്ചിടത്തോളം വലിയ ഭീരുത്വമായിരിക്കും.

**കത്തോലിക്കരുടെ സഹായഹസ്തം**

യുദ്ധഭൂമിയിൽ കാരിറ്റസ് യുക്രൈൻ അതിന്റെ അസംഖ്യം ശാഖകളിലൂടെ ആയിരക്കണക്കിന് ആളുകളിലേക്ക് സഹായം എത്തിക്കുന്നുണ്ട്. അവർക്കു ഭക്ഷണം, അഭയകേന്ദ്രം, സംരക്ഷണം, കൗൺസലിങ് പോലുള്ള കാര്യങ്ങളിൽ അവർ ശ്രദ്ധിക്കുന്നു. കത്തോലിക്കാ റിലീഫ് സെർവിസസ്സ്, നൈറ്റ്സ് ഓഫ് കൊളംബസ് തുടങ്ങിയ സംഘടനകളും അവിടെ കർമോന്മുഖരായി നിൽക്കുന്നുണ്ട്. കാത്തലിക് നോർത്ത് ഈസ്റ്റ് വെൽഫെയർ അസോസിയേഷൻ (CNEWA) വത്തിക്കാനിൽനിന്നുള്ള നിർദേശങ്ങൾ അനുസരിച്ച് അശരണരായവരുടെ കുടുംബങ്ങളിലേക്ക് സഹായം എത്തിക്കുന്നു.

റൊമാനിയയിലെ കത്തോലിക്കാസ്ഥാപനങ്ങളും ബിഷപ്സ് ഹൗസുകൾപോലും വാതിൽ മലർക്കെ തുറന്നിട്ട് ക്രിസ്ത്യാനിയുടെ ജീവകാരുണ്യം നിത്യയാഥാർത്ഥ്യമാക്കി. പ്രസംഗിക്കാൻ മാത്രമുള്ളതല്ല വചനം; അത്




സിസ്റ്റർ റോസെല നുത്തങ്ങി സിസ്റ്റർ ആൻ ഫ്രിഡ

അനുവർത്തിക്കാനും ജീവിക്കാനുമുള്ളതാണ് എന്നതിന് അവർ സാക്ഷ്യം നൽകി. ഏറെ സമ്മർദങ്ങൾക്കിടയിലും, പോളണ്ടിലും ഹങ്കറിയിലും ഇതുപോലെ മഹാമനസ്കത കാണിക്കാൻ അവിടത്തെ വിശ്വാസികളും അനുദിനം മുമ്പോട്ടു വന്നുകൊണ്ടിരിക്കുന്നു.

**സിസ്റ്റർ ലിജി പയ്യമ്പള്ളി**

ഭീകരത നിറഞ്ഞ നാളുകൾ യുക്രെയ്ൻ ജനതയെ വല്ലാതെ തകർത്ത സമയം. മാർച്ച് 2 ന് 1500 മെഡിക്കൽ സ്റ്റുഡന്റ്സിനെ രക്ഷപ്പെടുത്തി സ്ലോവാക്യയുടെ ബോർഡറിൽ എത്തിച്ചത് യുക്രെയ്നിൽ ജോലിനോക്കിയിരുന്ന ഒരു അങ്കമാലിക്കാരി സിസ്റ്ററാണ്. സിസ്റ്റർ ലിജി! സെന്റ് ജോസഫ് ഓഫ് സെന്റ് മാർക്ക് എന്ന ജീവകാരുണ്യ സന്ന്യാസിനീസമൂഹത്തിനു കീഴിൽ സേവനം അനുഷ്ഠിക്കുന്ന ഒരു സിസ്റ്ററാണ് അവർ.

സിസ്റ്റർ ലിജി പോളണ്ടിന്റെ അതിർത്തിയിലെ കിലോമീറ്ററുകൾ നീണ്ട നിരകൾ കണ്ട്, അവരുടെ ശോചനീയാവസ്ഥയും വേദനയും കണ്ടു മനസ്സലിഞ്ഞ്, യുക്രെയ്നിലെ കന്യാസ്ത്രികളെയും വൈദികരെയും അവരുടെ അടുത്തേക്ക് അയച്ചു. അവർ അവരെ വാഹനങ്ങളിൽ സുരക്ഷിതകേന്ദ്രങ്ങളിലേക്ക് എത്തിച്ചു.



സിസ്റ്റർ ലിജി പയ്യമ്പള്ളി

ബങ്കറുകളിൽ കുടിവെള്ളമോ, ശൗചാലയമോ ഒന്നുമില്ലാതെ വീർപ്പുമുട്ടിയിരുന്ന, ഏതാണ്ട് പാതി മനോസംഘർഷത്തിൽ എത്തിനിന്നവർക്കാണ് അവരെ അദ്ഭുതപ്പെടുത്തുന്ന മട്ടിൽ ഹീറ്റർ ഘടിപ്പിച്ച മുറികളും ഭക്ഷണവും ലഭിച്ചത്. ഈ സേവനങ്ങളിലെല്ലാം രണ്ടു മലയാളികന്യാസ്ത്രീകളും മറ്റു പതിനെട്ട് യുക്രെയ്ൻ സിസ്റ്റേഴ്സും പങ്കാളികളായി. കിവ് ഖാർകിവ് പോലുള്ള സ്ഥലങ്ങളിൽനിന്നുള്ള കുട്ടികളായിരുന്നു അവിടെ അഭയം തേടി എത്തിയവരിലധികവും.

പള്ളിയിലും പ്രാർത്ഥനാലയത്തിലുമായി നൂറുകണക്കിനു വിദ്യാർത്ഥികളെ പാർപ്പിക്കാനായി. സിസ്റ്റർ ലിജി യുക്രെയ്നിലെ മലയാളികളും നാട്ടുകാരുമായ സുഹൃത്തുക്കളുടെ സഹായത്തോടെ പല വാഹനങ്ങൾ സ്വരൂപിച്ച് ഒട്ടേറെ വിദ്യാർത്ഥികളെ ഒടുവിൽ ബോർഡറുകളിൽ എത്തിച്ചു. അത്തരം ഒരു യാത്രയിൽ വാഹനമോടിച്ചുപോയത് സിസ്റ്റർ ലിജിതന്നെയായിരുന്നു.

ഒരുതരത്തിൽ പറഞ്ഞാൽ ഈ സിസ്റ്റേഴ്സും ഒരു യുദ്ധം പൊരുതിക്കൊണ്ടിരിക്കുന്നു. സ്നേഹവും സമാധാനവും സാഹോദര്യവും പുനഃസ്ഥാപിക്കാനൊരു യുദ്ധം! പബ്ലിസിറ്റി ഇഷ്ടമല്ലാത്ത ഇവരാരും പക്ഷേ, മീഡിയയുടെ മുമ്പിൽ എത്തിയേക്കില്ല എന്നുമാത്രം.

സുകൃതം ചെയ്ത ഈ ജീവിതങ്ങളുടെ പാതയിൽ നന്മ നിറയ്ക്കണമേ; അവർക്കു ദീർഘമായ ആയുസ്സും ആരോഗ്യവും ദൈവപരിപാലനയും നൽകേണമേയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ■

## ഈശോ

FROM THE BIBLE

10



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# സ്നാനം

**കാ**ലങ്ങളായി താൻ കാത്തുകിടന്നവന്റെ പാദങ്ങൾ തന്നിലെ തണുനീരിൽ നനഞ്ഞ മാത്രയിൽ ജോർദാൻ നദിക്ക് ആത്മനിർവൃതി. താൻ ആർക്കുവേണ്ടി വഴിയൊരുക്കിയോ അവനു സ്നാനം നല്കിയതിൽ യോഹന്നാൻ നിവ്യായ്ക്ക് കർമസാഫല്യം. തുടക്കത്തിന്റെ ഭാഗമാണു സ്നാനം. യാത്രയ്ക്കുമുമ്പ് നാം സാധാരണ കുളിക്കാറുണ്ട്. കുഞ്ഞാടായവനും ഒരു കുളിയോടെയാണ് തന്റെ പ്രയാണമാരംഭിച്ചത്. വാനിടത്തിന്റെ വാതായനം തുറന്ന് സ്വർഗീയപിതാവ് അവൻ തന്റെ പ്രിയസുതനെന്നു സാക്ഷ്യമേകി. സ്നാനം പുതുമയുടെ അനുഭവം നല്കുന്നുണ്ട്. തന്റെ ജ്ഞാനസ്നാനത്തിൽ നല്കപ്പെട്ട പുതുമയും പരിശുദ്ധിയും കുരിശോളം അവൻ കാത്തുസൂക്ഷിച്ചു. നമ്മുടെ ജ്ഞാനസ്നാനസമയത്തും നാം കണ്ടില്ലെങ്കിലും സ്വർഗം തുറക്കുകയും ആത്മാവ് ആവസിക്കുകയും ചെയ്തിരുന്നു. നാം കേട്ടില്ലെങ്കിലും ദൈവം തന്റെ ഓമനയെന്ന്



നമ്മെയും വിളിച്ചിരുന്നു. മാമ്മോദീസാവേളയിൽ നാമും സ്വർലോകത്തിനു സംപ്രീതരായവരാണ്. ആ പ്രീതി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ടോ? ആത്മശരീരങ്ങളുടെ നൈർമല്യത്തിന്റെ അടയാളമായി അന്നു നമ്മെ അണിയിച്ച വെള്ളവസ്ത്രത്തിൽ പാപത്തിന്റെ പുള്ളിക്കറകൾ പതിഞ്ഞിട്ടുണ്ടെങ്കിൽ അനുതാപത്തിന്റെ അശ്രുധാരയിൽ കഴുകിവെടിപ്പാക്കാം.

'ഇപ്പോൾ സമ്മതിക്കുക' എന്ന യേശുവിന്റെ വാക്കുകൾ നാം ദൈവഹിതത്തിനു മുൻഗണന കൊടുക്കണമെന്നും, ഓരോ മാമ്മോദീസയും ദൈവികപദ്ധതിയുടെ ഭാഗമാണെന്നും നമ്മെ ഓർമിപ്പിക്കുന്നു. നമ്മുടെ അസൗകര്യങ്ങളും ന്യായവാദങ്ങളും നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിക്കു തടസ്സമാകാതിരിക്കണം. ജ്ഞാനസ്നാനം ജ്ഞാനത്തിലുള്ള സ്നാനമാണ്. ദൈവത്തെക്കുറിച്ചുള്ള അറിവാണ് ഏറ്റവും ഉത്കൃഷ്ടമായത്. അതിൽ അനുദിനം വളരുക. നാം സ്വീകരിച്ച മാമ്മോദീസ കഴിഞ്ഞുപോയ കേവലമൊരു കൂദാശയല്ല. അനുനിമിഷം ജീവിക്കേണ്ട അവസ്ഥയാണ്, അന്തസ്സാണ്, നമ്മുടെയൊക്കെ വിശ്വാസജീവിതപുസ്തകത്തിന്റെ ആദ്യത്തെ അധ്യായമാണ്. അതിൽ നമുക്ക് ഒരു പേരും പദവിയുമൊക്കെ നല്കപ്പെട്ടു. മാമ്മോദീസായിലൂടെ ദൈവം നമ്മെയും അഭിഷേചിക്കുകയായിരുന്നു. നമ്മുടെ ക്രിസ്തീയവിശ്വാസജീവിതയാത്രയുടെ തുടക്കം അവിടെയായിരുന്നു. മാമ്മോദീസാത്തൊട്ടിയിൽ തുടങ്ങി മരണക്കട്ടിൽവരെയുള്ള മണ്ണിലെ നമ്മുടെ ജീവിതം ജ്ഞാനസ്നാനത്തിന്റെ പ്രസാദവരത്തിലുള്ള ഒന്നായിരിക്കണം. ജീവിതമാകുന്ന ജോർദാനിൽ പശ്ചാത്താപത്തിന്റെ ജലം ധാരാളമുണ്ടാവണം. അവിടെ രക്ഷകൻ തീർച്ചയായും നടന്നെത്തും. നമുക്കു മീതെ നാകവും തുറക്കപ്പെടും.

സിനിമ

# നിസ്സഹായരുടെ നിലവിളികളുമായി അഞ്ചു സിനിമകൾ



വിനീഷ് പി.പി.

മാറിമാറി വരുന്ന കുടുംബ - സാമൂഹിക പശ്ചാത്തലങ്ങളിലകപ്പെട്ടു ജീവിക്കുന്ന മനുഷ്യരുടെ സ്വാതന്ത്ര്യബോധം, സാമ്പത്തികമായ ഏറ്റക്കുറച്ചിലുകൾ, ആരോഗ്യകരമായ തൊഴിൽപരിസരങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടുപോകുന്ന മനുഷ്യർ എന്നിവയെക്കുറിച്ചു പറയുന്ന അഞ്ചു സിനിമകളുടെ കൂടിച്ചേരലാണ് ഫ്രീഡം ഫൈറ്റ്സ് എന്ന സിനിമ.

ഗീതു അൺചെയിൻഡ് എന്ന സിനിമ, പ്രണയത്തിനും വിവാഹത്തിനുമിടയിൽ എങ്ങനെ കുടുംബ ബന്ധങ്ങൾ, സമൂഹത്തിൽ നിലവിലുള്ള വ്യവസ്ഥകൾ, പാരമ്പര്യത്തിന്റെ പിന്തുടർച്ചകൾ എന്നിവ കടന്നുവരുന്നു എന്നതിനെപ്പറ്റി പറയുന്നു. ആൺ - പെൺ ബന്ധങ്ങൾക്കിടയിൽ ആൺകോയ്മ എങ്ങനെയാണ് ആധിപത്യ മനോഭാവത്തോടെ പെണ്ണിടങ്ങളെ ഒതുക്കിനിർത്താൻ ശ്രമിക്കുന്നതെന്നും ചിത്രം ചൂണ്ടിക്കാട്ടുന്നു. വിദ്യാഭ്യാസം നേടി തന്റേതായ ഇടം കണ്ടെത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന, തുല്യവ്യക്തിത്വങ്ങളായി പരിഗണിക്കേണ്ട സ്ത്രീകളെ അവഗണിക്കുന്ന കാലം കഴിഞ്ഞെന്ന സന്ദേശമാണ് ഈ സിനിമ നല്കുന്നത്. രജീഷാ വിജയന്റെ സ്വാഭാവികമായ അഭിനയം അകൃത്രിമമായ കഥാപരിസരങ്ങളുടെ അനുഭവം പ്രേക്ഷകനു സമ്മാനിക്കുന്നു. അഖിൽ അനിൽകുമാറാണ് സിനിമയുടെ സംവിധായകൻ.

യഥാർത്ഥസംഭവങ്ങളുടെ പശ്ചാത്തലത്തിൽ കുഞ്ഞില മസിലമണി ഒരുക്കിയിരിക്കുന്ന അസംഘടിതർ എന്ന ചിത്രം ഒരു ഡോക്യുഫിക്ഷനാണ്. സെയിൽസ് ഗേളായി എത്തുന്ന സിൻഡ്രയാണ് ചിത്രത്തിലെ പ്രധാന മുഖങ്ങളിലൊന്ന്. തൊഴിലിടങ്ങളിൽ തുച്ഛവേതനത്തിനു പണിയെടുക്കുന്നതിനു നിർബന്ധിതരാകുന്ന അസംഘടിതരായ സ്ത്രീകൾ അവരുടെ പ്രാഥമികാവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന പോരാട്ടങ്ങളുടെ കഥയാണ് അസംഘടിതർ എന്ന ചിത്രത്തിന്റെ പ്രമേയം. സ്ത്രീകൾ അനുഭവിക്കുന്ന തൊഴിൽപരമായ വിവേചനങ്ങൾ, ലിംഗപരമായ വ്യത്യാസങ്ങളോടുള്ള പൊതുസമൂഹത്തിന്റെ സമീപനങ്ങൾ എന്നിവ സിനിമ ചർച്ച ചെയ്യുന്നു. പെൺകൂട്ട് എന്ന സംഘടനയിലൂടെ പ്രശസ്തയായ വിജി പള്ളിത്തൊടി, ആക്ടിവിസ്റ്റുകളായ അജിത, കബനി എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു.

ഫ്രാൻസിസ് ലൂയിസ് സംവിധാനം ചെയ്ത റേഷൻ ക്ലിപ്തവിഹിതം എന്ന ചിത്രം സാമ്പത്തികമായ ഏറ്റക്കുറച്ചിലുകൾ എങ്ങനെയാണു മനുഷ്യന്റെ കാഴ്ചപ്പാടുകളും ജീവിതത്തോടുള്ള സമീപനങ്ങളും നിർണയിക്കുന്നത് എന്നതിനെപ്പറ്റി പറഞ്ഞുതരുന്നു. ആഹാരമെന്നതു വിശപ്പടക്കാനോ ജീവൻ നിലനിർത്താനോ ഉള്ള അടിസ്ഥാനഘടകം എന്നതിലുപരിയായി മനുഷ്യന്റെ പുറംപൂച്ചുകൾക്കോ ആഡംബരപ്രകടനങ്ങൾക്കോ കാരണമാകുന്നതെങ്ങനെയെന്നു വ്യത്യസ്തമായ കുടുംബപശ്ചാത്തലങ്ങൾ തുലനം ചെയ്തുകൊണ്ട്, മനുഷ്യന്റെ അഭിമാനബോധം, പണത്തിന്റെ ക്രയവിക്രയങ്ങൾ, ജീവിതത്തിലെ ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കും കൊടുക്കുന്ന മുൻഗണനകൾ എന്നിവ ചൂണ്ടിക്കാട്ടി പറഞ്ഞുവയ്ക്കുന്നു. ചിത്രത്തിലെ പ്രധാന വേഷങ്ങളിലെത്തുന്നത് ജിയോ ബേബിയും കബനി ഹരിദാസുമാണ്.

ജിയോ ബേബി സംവിധാനം ചെയ്ത ഓൾഡ് ഏജ് ഹോം എന്ന സിനിമ, ഒരുമിച്ചു കഴിയുമ്പോഴും ഒറ്റപ്പെട്ടുപോകുന്ന കുറെ മനുഷ്യരുടെ കഥയാണ്. ഒരുപക്ഷേ, വർത്തമാനത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ മനുഷ്യർ കൂടുതൽ വിനാശകരമായി നേരിടേണ്ടിവരുന്ന ഒന്നുമായിരിക്കുമിതെന്ന സന്ദേശംകൂടി സിനിമ നൽകുന്നു. റിട്ടയർമെന്റിനുശേഷം വിശ്രമജീവിതത്തിനിടയിൽ മറവിരോഗം ബാധിക്കുന്ന ബേബിയുടെയും (ജോജു ജോർജ്) അയാളുടെ ഭാര്യ ലാലിയുടെയും ഷാജിയെ പരിചരിക്കാനെത്തുന്ന ധനലക്ഷ്മിയുടെയും ജീവിതമാണ് സിനിമയുടെ കഥ. കുടുംബം എന്ന സംവിധാനത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തികൾ നേരിടുന്ന ആന്തരികമായ പ്രതിസന്ധികളെക്കൂടി സിനിമ സ്പർശിക്കുന്നു. സൂക്ഷ്മാഭിനയത്തിന്റെ മികവിലൂടെ ജോജു പ്രേക്ഷകരെ വിസ്മയിപ്പിക്കുന്നുണ്ട്. ജീവിതത്തിന്റെ ഭിന്നതലങ്ങളെ പ്രതിനിധാനം ചെയ്യുന്ന സ്ത്രീകഥാപാത്രങ്ങളായി ധനലക്ഷ്മി(രോഹിണി)യും ലാലിയും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു.

സമൂഹത്തിന്റെ മുഖ്യധാരയുടെ പരിഗണന ലഭിക്കാത്ത മനുഷ്യരോടുള്ള അധികാരകേന്ദ്രങ്ങളുടെ നീചമായ സമീപനം ആവിഷ്കരിക്കുന്നതാണ് പ്ര.തു.മു. എന്ന ജിതിൻ ഐസക് തോമസ് ചിത്രം. മന്ത്രിയുടെ വീട്ടിൽ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ടുവരവേ സംഭവിക്കുന്ന പ്രശ്നങ്ങളിലൂടെ അരികുവത്കരിക്കപ്പെട്ടു പോകുന്ന മനുഷ്യർ നേരിടുന്ന ക്രൂരമായ വേട്ടയാടലാണ് പ്ര.തു.മു എന്ന ചിത്രത്തിന്റെ പ്രമേയം. ഉണ്ണിലാലു, സിദ്ധാർത്ഥ് ശിവ, പ്രതാപൻ എന്നിവരാണ് ഈ ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. നിസ്സഹായരായിപ്പോകുന്ന മനുഷ്യരുടെ പ്രശ്നങ്ങളോടുള്ള പൊതുസമൂഹത്തിന്റെ നിലപാടുകളാണ് ഈ സിനിമ എടുത്തു പറയുന്നത്.



അഞ്ചു സിനിമകളും വ്യത്യസ്തമായ രാഷ്ട്രീയമാണു പറയുന്നത്. ഇവ ഒന്നിനൊന്നു മികച്ചുനിൽക്കുന്നു. കാലികസംഭവങ്ങളോടുള്ള സൂക്ഷ്മമായ നിരീക്ഷണവും തിരക്കഥയിലെ ഒതുക്കവും 'ഫ്രീഡം ഫൈറ്റി'നെ മികച്ച ഒരനുഭവമാക്കി മാറ്റുന്നു. അടുത്തിടെ വന്ന ആന്തോളജി ചിത്രങ്ങളിൽ മികച്ചുനിൽക്കുന്ന ഒന്നാണ് 'ഫ്രീഡം ഫൈറ്റ്.' തിരഞ്ഞെടുത്ത വിഷയങ്ങളും അവതരത്തിലൂടെ മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയവും 'ഫ്രീഡം ഫൈറ്റി'ലെ ഓരോ ചിത്രത്തെയും ശ്രദ്ധേയമാക്കുന്നുണ്ട്.

---



ടി.പി. ശാസ്തമംഗലം



# സത്തില്ലാത്ത 'ഒണക്ക' മുന്തിരി

പ്രാദേശിക ഭാഷാഭേദങ്ങൾ ചലച്ചിത്രഗാനങ്ങളിലും ചിലപ്പോഴൊക്കെ പ്രതിഫലിച്ചിട്ടുണ്ട്. ഏതാണ്ട് നാലരപ്പതിറ്റാണ്ടുകൾക്കുമുമ്പ് മലയാളത്തിന്റെ വെള്ളിത്തിരയിൽ മുഴങ്ങിക്കേട്ട ഒരു ഗാനമാണ് പെട്ടെന്ന് ഓർമവരുന്നത്. തൃശൂർഭാഷയുടെ പിൻബലത്തോടെയാണ് ഈ ഗാനം അന്നു ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചത്.

"കൂടിയാട്ടം കാണാൻ കൂത്തമ്പലത്തിൽ  
കൂനിക്കൂടിയിരിക്ക്യാല്ലോ  
കുവലയമിഴി വന്നോളൂ  
കൂടെത്തന്നെ പോന്നോളൂ  
എന്തുട്ടണ് കളി എന്തുട്ടണ്  
ദൂതണ് കൃഷ്ണദൂതണ്" (ചിത്രം - ആനന്ദം പരമാനന്ദം; രചന - ശ്രീകുമാരൻ തമ്പി; സംഗീതം - ജി. ദേവരാജൻ, ആലാപനം - യേശുദാസ്, പി. മാധുരി)

ഓർക്കുക, ഇങ്ങനെ സൃഷ്ടിച്ചപ്പോഴും ഗാനത്തിന്റെ ആത്മാവിനെ ബലികഴിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ പരമാവധി ശ്രമിച്ചു. അതുകൊണ്ട് ഗാനം ആസ്വാദ്യമായി മാറി. എന്നാൽ, ഈയിടെ ഇറങ്ങിയ 'ഹൃദയം' എന്ന ചിത്രത്തിലെ

"ഒണക്കമുന്തിരി പറക്ക പറക്ക  
മടുക്കുവോളം തിന്നോക്യ തിന്നോക്യ  
തേങ്ങാക്കൊത്തൊന്നു കൊറിക്ക കൊറിക്ക  
വെറ്റിലേം പാക്കും ചവയ്ക്ക ചവയ്ക്ക  
പന്തലുമുഴുവൻ തെരക്കാ തെരക്കാ  
പെണ്ണും ചെക്കനും വേർക്കാ വേർക്കാ  
പെണ്ണിന്റെ മൊഞ്ച് കണ്ടോക്യ കണ്ടോക്യ  
ചെക്കന്റെ പത്രാസു കണ്ടോക്യ  
കണ്ടോക്യ  
പെണ്ണും ചെക്കനും കെട്ടുംകഴിഞ്ഞ്  
നടന്നു വരുമ്പൊ ചിരിക്ക്യ ചിരിക്ക്യ" (രചന - വിനീത് ശ്രീനിവാസൻ, സംഗീതം - ഹെഷാം അബ്ദുൾ വഹാബ്, ആലാപനം - ദിവ്യ വിനീത്, സുറൂർ മുസ്തഫ, സാറ മറിയ റോസ്, അദ്വൈത് ബി. കുമാർ, കെ.എസ്. അമൃത, വിനീത് ശ്രീനിവാസൻ, ഹെഷാം അബ്ദുൾ വഹാബ്.)

ഈ വരികൾ വായിക്കുമ്പോൾ (കേൾക്കുമ്പോൾ) ഒരു കാര്യം വ്യക്തമാവുന്നു. കല്യാണവുമായി ബന്ധപ്പെട്ട ഗാനമാണിത്. അതിന് ഇത്രയൊക്കെ 'ഗോഷ്ടികൾ' ആവശ്യമുണ്ടോ എന്ന് ആരും ഉള്ളാലേ ചോദിച്ചുപോകും. ഒണക്കമുന്തിരി(ഉണക്കമുന്തിരി) മടുക്കുവോളം തിന്നുന്നതിനു പുറമേ തേങ്ങാക്കൊത്ത് (വിവാഹമല്ലേ, തേങ്ങാപ്പാൽ എടുത്തതിനുശേഷമുള്ളതാകാം ഇത്) കൊറിക്കാനും ആവശ്യപ്പെടുന്ന ഈ ഗാനത്തിൽ വെറ്റിലേം പാക്കും ചവയ്ക്കാനുമുള്ള നിർദേശമുണ്ട്. വെറ്റില മുറുക്കും മറ്റും നിരുത്സാഹപ്പെടുത്തേണ്ടതാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എന്നിട്ടും അർബുദരോഗം ക്ഷണിച്ചുവരുത്താനുതകുന്ന മുറുക്കാൻ ചവയ്ക്കാൻ ആഹ്വാനം ചെയ്യുകയാണ് ഗാനത്തിൽ.

പന്തലിൽ തിരക്കാണെന്നും പെണ്ണും ചെറുക്കനും വിയർക്കുകയാണെന്നും അവർ കെട്ടു കഴിഞ്ഞു വരുമ്പോൾ എല്ലാവരും ചിരിക്കണമെന്നും തട്ടിമൂളിച്ചിട്ടുണ്ട് ഗാനത്തിൽ. കെട്ടു നടന്നോട്ടെ. അതിന് ഇത്രയൊക്കെ കോപ്രായങ്ങൾ ആവശ്യമുണ്ടോ എന്നു വീണ്ടും ചോദിക്കാൻ തോന്നിപ്പോകുന്നു.

ഈ ഗാനം ഇപ്പോൾ 'സൂപ്പർ ഹിറ്റ്' എന്നാണ് പ്രചാരം. മൂന്നുമാസം കഴിയട്ടെ ഇതിന്റെ ഗതിയെന്താവുമെന്ന് അപ്പോൾ കാണാം. ഇങ്ങനെ കൊട്ടിഘോഷിച്ച മറ്റു പല പാട്ടുകൾക്കും (ഉദാ. 'ലജ്ജാവതിയേ', 'എന്റമ്മേടെ ജിമിക്കിക്കമ്മൽ', 'ഞാനും ഞാനുമെന്റാളും') വന്ന ഗതി തന്നെ ഇതിനുമുണ്ടാകും. അർത്ഥമുള്ള, ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന പാട്ടുകളേ നിലനില്ക്കുകയുള്ളൂ. അല്ലാതുള്ളവ നീർക്കുമിളകൾപോലെ തകർന്നു തരിപ്പണമാകും.

---



*ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ശതോത്തര രജതജൂബിലിയാഘോഷം മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാണി സി. കാപ്പൻ എംഎൽഎ, സ്കൂൾ മാനേജർ ഫാ. അഗസ്റ്റിൻ തെരുവത്ത് തുടങ്ങിയവർ സമീപം.*

Deepanalam Weekly

RNI No : 16998/68
Vol. 55 ■ No. 3 ■ Date of Publication **10 March 2022**
■ Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org